# ഹരിശ്ചന്ദ്രൻ

# Harischandran

BY

Pandit: K. Vasudevan Moosed

AUTHOR OF:—

Sreekrishna Leelakal, Sreekrishna Doothe,
Meppathur Battadiri,
Sahithya Kousthubbam Etc., Etc.

PUBLISHED BY

The Saraswathi Vilasam Book Depot,
TRICHUR.

# ഹരിശ്ചന്ദ്രൻ.

ഗ്രന്ഥകർത്താ:

പണ്ഡിതർ- കെ. വാസുദേവൻ മൂസ്സത്.

പ്രസാധകൻ

എൻ. വെങ്കിടസുബ്രഹ്മണ്യയ്യർ.

1100

ഒന്നാം പതിപ്പ്.

PRINTED AT

THE MANGALODAYAM PRESS,

TRICHUR.

Price Annas 9.] [വില 9 അണ.

പകർപ്പവകാശം പ്രസാധകനുള്ളതാകുന്നു.

# മുഖവുര.

"ഹരിശ്ചന്ദ്രൻ" എന്ന പേരായ ഈ ചെറുപുസ്തകം സാക്ഷാൽ ഹരിശ്ചന്ദ്രമഹാരാജാവിന്റെ സംക്ഷിപ്തമായ ഒരു ചരിത്രമാകുന്നു. പുരാണങ്ങൾ, കിളിപ്പാട്ടുകൾ, തുള്ളപ്പാട്ടുകൾ മുതലായവയെ ആധാരമാക്കിയും, എന്നാൽ അവയിലൊന്നിനെയും അതേനിലയിൽ അനുകരിക്കാതേയുമാണ് ഇതിലെ കഥകൾ സംഗ്രഹിച്ചിട്ടുള്ളത്. ഹരിശ്ചന്ദ്രന്റെ കഥ ഓരോ ഗ്രന്ഥങ്ങളിൽ ഓരോ പ്രകാരമായിട്ടാണ് കാണുന്നത്. അതുകൊണ്ടാണ് ഒരു ഗ്രന്ഥത്തേയും 'അപ്പടി' എടുക്കാതിരുന്നത്.

"സത്യാന്നാസ്തി പരോ ധൎമ്മഃ", "സത്യം ജയതി നാനൃതം" എന്നുതുടങ്ങിയ അഭിയുക്തവചനങ്ങളാൽ സിദ്ധമായ പ്രകാരം സത്യം എന്ന ധൎമ്മത്തിനു മറ്റുള്ള സൎവ്വധൎമ്മങ്ങളെക്കാൾ ഉൽകൃഷ്ടാധിക്യമുണ്ടെന്നുള്ള സംഗതിയാണ് ഹരിശ്ചന്ദ്രന്റെ കഥയിൽ നിന്നു പഠിക്കുവാനുള്ളത്. വിശ്വാമിത്രന്റെ മായാപ്രയോഗങ്ങൾനിമിത്തം ദുസ്സഹങ്ങളായ നിരവധി ദുഃഖങ്ങൾ ഹരിശ്ചന്ദ്രൻ അനുഭവിച്ചത് സത്യധൎമ്മത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ്. ആ ദുഃഖാനുഭവങ്ങൾകൊണ്ട് അദ്ദേഹത്തിന്ന് അവസാനത്തിൽ പൂൎവ്വാധികമായ ഈശ്വരപ്രീതിയും സുഖവും മാന്യപദവിയും സിദ്ധിക്കുകയും ചെയ്തു. അതുകൊണ്ടു എന്താപത്തുകൾ വന്നാലും സത്യത്തെ കൈവിടരുതെന്നാണ് ഈ കഥയിൽനിന്നു പഠിക്കുവാനുള്ള വലിയ പാഠം.

ഈ പുസ്തകം പണ്ഡിതപാമരന്മാക്ക് ഒരുപോലെ വാ
യിച്ചുഗ്രഹിക്കുവാനുപകരിക്കണമെന്നു വിചാരിച്ച് ഏററ
വും ലളിതമായ ഭാഷയാണിതിൽ ഉപയോഗിച്ചിട്ടുള്ള
ത്. വായിക്കുന്നവരുടെ രസത്തെയും കഥാഭാഗങ്ങളുടെ
തന്മയത്വത്തെയും ഉദ്ദേശിച്ച് ഇതിൽ സന്ദർഭാനുസാരേ
ണ പല പദ്യങ്ങളും ചേത്തിട്ടുണ്ട്. അവയിൽ മിക്കതും
കിളിപ്പാട്ടുകൾ മുതലായവയിൽ നിന്നു എടുത്തു ചേത്ത
വയാണ്. ചിലതു ഗ്രന്ഥകത്താവ് സ്വന്തമായി എഴു
തിച്ചേത്തവയുമാകുന്നു.

കേരളീയരുടെ സ്വഭാഷാഭിമാനത്തെ ഉത്തേജിപ്പി
ക്കുവാനും, അവക്കു സത്യനിഷ്ഠയും സദാചാരധീരതയും
ഉണ്ടാക്കുവാനും ഈ കൃതി കുറച്ചെങ്കിലും ഉപകരിക്കുമാ
റാകട്ടേ എന്ന പ്രാത്ഥനയോടുകൂടി ഇതിനെ സജ്ജന
സമക്ഷം സമപ്പിച്ചുകൊള്ളുന്നു.

എന്ന്

തൃശ്ശിവപേരൂർ.
14—3—100

പ്രസാധകൻ.

# വിഷയാനുക്രമണിക


1-ാം അദ്ധ്യായം. 1—11 ഭാഗങ്ങൾ.

ഹരിശ്ചന്ദ്രന്റെ രാജ്യഭരണം (1) ദേവസഭ (2) വസിഷ്ഠനും വിശ്വാമിത്രനും തമ്മിൽ വാദം (3) വിശ്വാമിത്രന്റെ ശപഥം (4).

2-ാം അദ്ധ്യായം. 12—22 ഭാഗങ്ങൾ.

വിശ്വാമിത്രന്റെ ആലോചന (1) വിശ്വാമിത്രൻ ധനം അപേക്ഷിക്കുന്നത് (2) വിശ്വാമിത്രന്റെ വഞ്ചന (3).

3-ാം അദ്ധ്യായം. 23—36 ഭാഗങ്ങൾ.

അനന്തരകൃത്യം (1) ഗണപതിപ്രസാദം (2) ബ്രഹ്മാവിനെക്കുറിച്ചുള്ള തപസ്സ് (3) വിശ്വാമിത്രസൃഷ്ടി (4) ഹരിശ്ചന്ദ്രന്റെ നായാട്ട് (5) അത്ഭുതവരാഹം (6) ഹരിശ്ചന്ദ്രന്റെ സ്വപ്നം (7).

4-ാം അദ്ധ്യായം. 37—52 ഭാഗങ്ങൾ.

ഹരിശ്ചന്ദ്രനും മോഹിനിമാരും (1) വിശ്വാമിത്രനും ഹരിശ്ചന്ദ്രനും (2) രാജ്യപ്രദാനം (3) ഹരിശ്ചന്ദ്രന്റെ രാജ്യത്യാഗം (4).

5-ാം അദ്ധ്യായം. 52—69 ഭാഗങ്ങൾ.

ഹരിശ്ചന്ദ്രന്റെ യാത്ര (1) വീണ്ടും വിശ്വാമിത്രൻ—ശുക്രനെ കൂട്ടി അയച്ചത് (2) സത്യകീർത്തി കൂടെ പോയത് (3) കാട്ടിലെ കഷ്ടാനുഭവങ്ങൾ (4) ശുക്രനും ഹരിശ്ചന്ദ്രനും (5) മായാവർഷം (6) ഭൂതങ്ങൾ (7) പിന്നെയും വിശ്വാമിത്രൻ (8) കാട്ടുതിയ്യും അതിൽനിന്നു രക്ഷപ്പെട്ടതും (9).

6-ാം അദ്ധ്യായം. 70—84 ഭാഗങ്ങൾ.

കാശിപ്രവേശം (1) കടം വീട്ടാനുള്ള ആലോചന (2) ഭാര്യാപുത്രന്മാരെ വിറ്റത് (3) ശുക്രന്റെ പ്രതിഫലം—ഹരിശ്ചന്ദ്രന്റെ

ദാസ്യം (4) ഹരിശ്ചന്ദ്രൻ ചുടലക്കാരനായതു് (5) സത്യകീൎത്തി ചുടലയിൽ വന്നതു് (6).

## 7-ാം അദ്ധ്യായം. 85—100 ഭാഗങ്ങൾ.

ചന്ദ്രമതിയുടെ ദാസ്യം (1) ലോഹിതാക്ഷനെ സൎപ്പം കടിച്ചതു് (2) ചുടലക്കാരന്റെ വാദം (3) ചന്ദ്രമതി ബന്ധനത്തിലായതു് (4) ചന്ദ്രമതിയുടെ വധശിക്ഷ (5).

## 8-ാം അദ്ധ്യായം. 101—112 ഭാഗങ്ങൾ.

ദേവന്മാരുടെ സാന്നിദ്ധ്യം (1) വിശ്വാമിത്രന്റെ അപരാധങ്ങൾ (2) ചന്ദ്രമതിയെ ഹരിശ്ചന്ദ്രൻ വെട്ടിയതു് (3) ദേവന്മാരും ത്രിമൂൎത്തികളും പ്രത്യക്ഷമായതു് (4) ഹരിശ്ചന്ദ്രന്റെ സ്തുതി (5) മരിച്ചവർ ജീവിച്ചതു് (6) വിശ്വാമിത്രന്റെ ക്ഷമാപണം (7) ശ്രീഭഗവാൻ പ്രത്യക്ഷമായതു് (8) യമൻ പ്രത്യക്ഷമായതു് (9) വരങ്ങൾ (10) ഹരിശ്ചന്ദ്രപട്ടാഭിഷേകം (11).

# ഹരിശ്ചന്ദ്രൻ.

## ഒന്നാമദ്ധ്യായം.

### ഹരിശ്ചന്ദ്രന്റെ രാജ്യഭരണം.

പണ്ട് ത്രേതായുഗത്തിൽ, പരിശുദ്ധവും സുപ്രസിദ്ധവുമായ സൂൎയ്യവംശത്തിൽ, ത്രിശങ്കു മഹാരാജാവിന്റെ പുത്രനായി, ഹരിശ്ചന്ദ്രൻ എന്നൊരു രാജൎഷിയുണ്ടായി. അദ്ദേഹം കോസലരാജ്യത്തിലെ ചരിത്രപ്രസിദ്ധമായ അയോദ്ധ്യാനഗരത്തിൽ വാണുകൊണ്ട് രാജ്യപരിപാലനം നടത്തി. അദ്ദേഹം മഗധരാജപുത്രിയായ * ചന്ദ്രമതി എന്നു പേരായ സതീരത്നത്തെയാണ് വിവാഹം ചെയ്തത്. ഈ സുശീലക്ക് പാൎവ്വതീപരമേശ്വരന്മാരുടെ വരംകൊണ്ട് ചില അത്ഭുതശക്തികൾ സിദ്ധിച്ചിരുന്നു. ചന്ദ്രമതി പാകംചെയ്യുന്ന ഭക്ഷ്യപേയാദികൾ അമൃതസമമായിരിക്കുമെന്നും, അവളുടെ കണ്ഠത്തിൽ അണിഞ്ഞിട്ടുള്ള "മംഗല്യസൂത്രം" ഭൎത്താവൊഴികെ മററാൎക്കും കാണ്മാൻ സാധിക്കയില്ലെന്നുമായിരുന്നു പ്രധാനമായിട്ടുള്ള വരശക്തികൾ. ഇങ്ങിനെയുള്ള ഉത്തമമഹിഷിയിൽ ഹരിശ്ചന്ദ്രനു ലോഹിതാക്ഷൻ † എന്നു പേരായ ഒരു പുത്രനുണ്ടായി. അ

* † ഹരിശ്ചന്ദ്രന്റെ ഭാൎയ്യക്കു 'ശൈബ്യ' എന്നും പുത്രനു രോഹിതാശ്വൻ എന്നും പേരുകളുണ്ട്. ഈ പേരാണു മാൎക്കണ്ഡേയപുരാണത്തിൽ കാണുന്നത്.

നരൂപന്മാരായ ഈ ഭാൎയ്യാപുത്രന്മാരോടും, സത്യകീൎത്തി എന്ന മന്ത്രിയോടും കൂടി ഹരിശ്ചന്ദ്രൻ രാജ്യപരിപാലനം ചെയ്തു വന്നു

ഭാരതഖണ്ഡത്തിൽ പ്രാചീനകാലത്തുണ്ടായിരുന്ന രാജാക്കന്മാർ സാധാരണയായി സത്യധൎമ്മാദികളിൽ ഏററവും ശ്രദ്ധവിപ്പെട്ടവരായിരുന്നു. എന്നാൽ ഹരിശ്ചന്ദ്രന്റെ പേർ ആവക ഗുണങ്ങൾക്കു പ്രത്യേകം ഉദാഹരിക്കാവുന്നതാണ്. സത്യവാന്മാരിൽ വെച്ച് അഗ്രേസരനായ ഹരിശ്ചന്ദ്രൻ സത്യത്തിനു ഒരു മാതൃകാപുരുഷനായിരുന്നു.

"സത്യസന്ധതയെന്നുള്ള
സാധുകൎമ്മസ്ഥിതിമൂലം
സത്തുക്കൾക്കൊക്കവേസൌഖ്യം
വരുത്തീശ്രീഹരിശ്ചന്ദ്രൻ"

എന്ന് ഒരു കവി പറഞ്ഞിട്ടുള്ളതിൽ ഒട്ടും അതിശയോക്തിയില്ല. ഹരിശ്ചന്ദ്രന്റെ പവിത്രമായ ചരിത്രം നമ്മുടെ കാവ്യനാടകാദിയായ സാഹിത്യത്തിലും വേദവ്യാസപ്രണീതമായ പുരാണത്തിലും മാത്രമല്ല, വേദത്തിൽ കൂടിയും വൎണ്ണിക്കപ്പെട്ടിട്ടുണ്ട്.

വൎണ്ണാശ്രമധൎമ്മങ്ങളിൽ വളരെ നിഷ്ഠയുള്ള ഹരിശ്ചന്ദ്രൻ നാടുവാണിരുന്ന കാലത്തു ജനങ്ങൾക്കു ദാരിദ്ര്യം, രോഗം, അകാലമരണം മുതലായ അനൎത്ഥങ്ങൾ ഉണ്ടായിരുന്നില്ല. എന്നല്ല, അദ്ദേഹത്തിന്റെ ഭരണഗുണം നിമിത്തം,

"കപടമില്ലാകലഹമില്ലാ
കലുഷമതികളെങ്ങുമില്ലാ
വികടരില്ലാവിശഠരില്ലാ
വികൃതിനികൃതിവിധമതില്ലാ
അധനനില്ലാഅധമനില്ലാ
അധികനോടുകലഹമില്ലാ
ആധിയില്ലാവ്യാധിയില്ലാ
അരസപിരസഭയമതില്ലാ"

ദേവസഭ.

ഇങ്ങിനെ ഹരിശ്ചന്ദ്രൻ ധൎമ്മനിഷ്ഠയോടെ രാജ്യം വാഴുന്ന കാലത്തു, ഒരുദിവസം മഹാനുഭാവന്മാരായ വസിഷ്ഠൻ, വിശ്വാമിത്രൻ എന്ന രണ്ടു മഹൎഷിശ്രേഷ്ഠന്മാർ സ്വൎല്ലോകചക്രവൎത്തിയായ ദേവേന്ദ്രന്റെ സുധൎമ്മ എന്ന സഭയിൽ ചെല്ലുകയുണ്ടായി.

ഇന്ദ്രാദിദേവന്മാൎക്കു പുറമേ, സൂൎയ്യൻ, ചന്ദ്രൻ, അഷ്ടവസുക്കൾ, അശ്വിനീദേവന്മാർ, സിദ്ധന്മാർ, സാദ്ധ്യന്മാർ, വിദ്ധ്യാധരന്മാർ, കിന്നരന്മാർ, എന്നിവരും വൃദ്ധന്മാരും, വിശിഷ്ടന്മാരുമായ അനേകം മഹൎഷിമാരും ആ സഭയിൽ സന്നിഹിതന്മാരായിരുന്നു. ഈ സഭയിൽ വെച്ച് പല കാൎയ്യങ്ങളേപ്പററിയും സംഭാഷണമുണ്ടായ കൂട്ടത്തിൽ ഭൂമിയിലെ പ്രജകളായ മനുഷ്യരുടെ യോഗക്ഷേമങ്ങളേപ്പററിയും പ്രസംഗം ഉണ്ടായി. അപ്പോൾ ദേവേന്ദ്രൻ ചോദിച്ചു:—"ഹേ മഹാശയന്മാരാ

യ മുനിപുംഗവന്മാരേ, ഇന്നു ഭവാന്മാരുടെ ദർശനംകൊണ്ടു ഞാൻ ഏററവും കൃതാർത്ഥനായി ഭവാദൃശന്മാരായ മഹാന്മാരുടെ ദർശനം ഭാഗ്യംകൊണ്ടു മാത്രമേ സുലഭമാകയുള്ളു. ഇന്നത്തെ മഹാഭാഗ്യത്തിൽ ഞാൻ തന്നെത്താൻ അഭിമാനിക്കുന്നുണ്ടു. എന്നാൽ ത്രിലോകചാരികളും ത്രികാലവേദികളുമായ ഭവാന്മാരോടു എനിക്കൊരു സംശയം ചോദിക്കുവാനുണ്ടു. അതു മററൊന്നുമല്ല. ഭൂലോകത്തിൽ ഇപ്പോഴുള്ള വിവരം ഒന്നും അറിയുന്നില്ല. ഹിംസ, അസത്യം, ചതി മുതലായ അധർമ്മങ്ങൾക്കു വശംവദനാകാതെയുള്ളവനും, വേദശാസ്ത്രാദിനിപുണനും, കീർത്തിമാനുമായി ശാസ്ത്രോക്തപ്രകാരം രാജ്യഭാരം നടത്തുന്ന ഏതു രാജാവാണ് ഇപ്പോൾ ഭൂമിയിലുള്ളത്? ഇതാണ് എൻെറ സംശയം. ഈ സംശയം തീർത്തുതരുവാൻ ഭവാന്മാരോടു അപേക്ഷിച്ചുകൊള്ളുന്നു."

ഇപ്രകാരമുള്ള ദേവേന്ദ്രൻെറ ചോദ്യത്തിനു വസിഷ്ഠമഹർഷി മറുവടി പറഞ്ഞു:—"ഹേ സ്വർലോകപാലകനായ ഇന്ദ്രാ, അങ്ങുന്നു പറഞ്ഞതുപോലെയുള്ള ഗുണങ്ങളോടുകൂടിയ ഒരു രാജാവ് ഇപ്പോൾ ഭൂലോകത്തിൽ രാജ്യം വാഴുന്നുണ്ടു. അതു സൂര്യവംശാലങ്കാരഭൂതനും അയോദ്ധ്യാധിപതിയുമായ ഹരിശ്ചന്ദ്രനാകുന്നു. സതീരത്നമായ ചന്ദ്രമതിയെ ധർമ്മപത്നിയാക്കി ധർമ്മനിഷ്ഠയോടെ രാജ്യംപരിപാലിക്കുന്ന ഹരിശ്ചന്ദ്രൻ ഏററവും ബുദ്ധിമാനും ശാസ്ത്രജ്ഞനും വേദപാര

ഗനും കീൎത്തിമാനും സത്യവാന്മാരിൽവെച്ച് അഗ്രേ
സരനുമാകുന്നു. സൎവ്വഗുണങ്ങളും തികഞ്ഞ ഹരിശ്ചന്ദ്ര
നോടു സമനായി മറെറാരാളില്ല. ഹരിശ്ചന്ദ്രന്റെ ഭര
ണഗുണംകൊണ്ട് അദ്ദേഹത്തിന്റെ പ്രജകൾ ധൎമ്മ
ത്തിൽനിന്നു ലേശംപോലും തെററിനടക്കുന്നില്ല. സ
മ്പത്ത്, വീൎയ്യം മുതലായവ മൂലം ഗൎവ്വിക്കുന്ന ആളുകൾ
ഇപ്പോൾ ഭൂമിയിലില്ല. അതുകൊണ്ടു കലഹവും യുദ്ധ
വും എവിടേയും ഉണ്ടാകുന്നില്ല. ആകയാൽ യുദ്ധ
ത്തിൽ ദേഹത്യാഗം ചെയ്തു് വീരസ്വൎഗ്ഗം നേടുവാൻ
ആൎക്കും ഇടയാകുന്നില്ല. അതുകൊണ്ടായിരിക്കാം, പ
ക്ഷേ, അങ്ങക്ക ഭൂമിയിലെ വാൎത്തകൾ അറിവാൻ സാ
ധിക്കാത്തത്.''

## വസിഷ്ഠനും വിശ്വാമിത്രനും തമ്മിൽ വാദം.

വസിഷ്ഠന്റെ മറുവടി കേട്ടപ്പോൾ സഭാവാസിക
ളെല്ലാം സന്തോഷിച്ചു. എന്നാൽ അവിടെ കൂടിയിരു
ന്ന ഒരാൾക്ക ഈ വാക്ക ഒട്ടും രസിച്ചില്ല. അതു ഗാ
ഥിപുത്രനായ വിശ്വാമിത്രനായിരുന്നു. ജന്മനാ ക്ഷത്രി
യനാണെങ്കിലും കൎമ്മംകൊണ്ടു ബ്രാഹ്മണനായിത്തീൎന്ന്
അനിതരസാധാരണമായ തപസ്സിന്റെ പ്രഭാവംകൊ
ണ്ടു് ലോകോത്തരങ്ങളായ അനവധി കാൎയ്യങ്ങൾ സാ
ധിച്ചിട്ടുള്ള വിശ്വാമിത്രന്നു തപസ്സുമൂലം വസിഷ്ഠമഹ
ൎഷിയോടു വലുതായ മത്സരമുണ്ടായിരുന്നു. ഇതു കൂടാ
തെ, ഹരിശ്ചന്ദ്രൻ ശുനശ്ശേഫനെന്ന കുട്ടിയുടെ കാൎയ്യ
ത്തിൽ തന്റെ ഉപദേശത്തെ സ്വീകരിക്കാതിരുന്ന ആ

ളാകയാൽ അദ്ദേഹത്തോടും വിശ്വാമിത്രന്നു വിരോധമുണ്ടായിരുന്നു. വസിഷ്ഠൻ വിചാരിക്കുന്നതിന്നും പറയുന്നതിന്നും എതിരായിട്ടല്ലാതെ വിശ്വാമിത്രൻ ഒരു കാൎയ്യത്തിലും വിചാരിക്കുകയോ പറകയോ ചെയ്കയില്ല. തപസ്സുകൊണ്ടു എന്തുകാൎയ്യവും സാധിക്കാമെന്നുള്ള ഗൎവ്വം നിമിത്തം വിശ്വാമിത്രൻ വസിഷ്ഠനെ ലേശംപോലും കൂട്ടാക്കുകയുമില്ല. വാക്കാണെങ്കിൽ ഇല്ലാത്തതുണ്ടാക്കുവാനും ഉള്ളതു ഇല്ലാതാക്കാനും തക്ക ശക്തിയുള്ളതുമാണ്. താൻ പിടിച്ച കാൎയ്യത്തിലുള്ള വാശിയും അതു സാധിക്കുന്നതിൽ എതിരായിട്ടുള്ളവരുടെ നേരെയുള്ള ശുണ്ഠിയും വിശ്വാമിത്രന്റെ സ്വഭാവത്തിൽ പ്രത്യേകം പറയേണ്ട രണ്ടു സംഗതികളാകുന്നു. ഇങ്ങിനെയെല്ലാമിരിക്കുന്ന വിശ്വാമിത്രൻ വസിഷ്ഠന്റെ വാക്കുകേട്ടപ്പോൾ വല്ലാതെ കോപിച്ചുവശായി. കണ്ണുചുവത്തി, പല്ലുകടിച്ച്, പുരികം വളച്ച്, കാണുന്നവൎക്ക ഭയംതോന്നിക്കുന്ന ആകൃതിയോടുകൂടിച്ചമഞ്ഞ വിശ്വാമിത്രൻ പരുഷസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—"കൊള്ളാം! വസിഷ്ഠന്റെ ശിഷ്യവാത്സല്യം പ്രശംസനീയം തന്നെ! സൂൎയ്യവംശത്തിലേ കുലഗുരുവായ വസിഷ്ഠൻ ഇത്രയല്ല, ഇതിലപ്പുറവും പറയുവാൻ കടപ്പെട്ടവനാണ്. എന്നാൽ ഹരിശ്ചന്ദ്രനെപ്പററി ഇദ്ദേഹം പറഞ്ഞതിൽ തെല്ലുപോലും പരമാൎത്ഥമില്ല. ഹരിശ്ചന്ദ്രനെ സാധാരണക്കാരനായ ഒരു രാജാവെന്നല്ലാതെ അതിൽ കവിഞ്ഞ നിലയിൽ ഒരിക്കലും പറയുവാൻ പാടില്ല. സ്വാൎത്ഥസിദ്ധ്യ

ക്ക വേണ്ടി അസത്യവും വഞ്ചനയും പ്രവൎത്തിക്കുന്നതു ഭൂമിയിലുള്ള എല്ലാ രാജാക്കന്മാരുടേയും ഇടയിൽ പതിവാണു്. വാസ്തവവിരുദ്ധങ്ങളായ വസ്തുക്കളെ അവർ 'രാജനീതി' എന്ന കവചംകൊണ്ടു മൂടുന്നു. ശാസ്ത്രപ്രകാരം അധൎമ്മമായിട്ടുള്ള അനേകകാൎയ്യങ്ങൾ അവരുടെ രാജനീതിയനുസരിച്ചു ധൎമ്മമായി ഗണിക്കപ്പെടുന്നു. രാജാക്കന്മാൎക്കു പാരമ്പൎയ്യമുള്ള ഈവക ദുൎഗ്ഗുണങ്ങൾ ഹരിശ്ചന്ദ്രനും ഉണ്ടു്. മററുള്ളവരോടു് താരതമ്യപ്പെടുത്തിയാൽ ഈവക അധൎമ്മങ്ങൾ ഹരിശ്ചന്ദ്രനിൽ കുറച്ചു് അധികം കണ്ടേക്കാം; അല്ലാതെ ഒട്ടും കുറഞ്ഞുകാണുകയില്ല. ഈവക ദോഷങ്ങളെ തീരെ മറച്ചുവെച്ചു് ഈ മഹാസഭയിൽ നിൎല്ലജ്ജം പ്രസംഗിക്കുവാൻ വസിഷ്ഠൻ ധൈൎയ്യപ്പെട്ടതിൽ ആശ്ചൎയ്യമാണു് എനിക്കു തോന്നുന്നതു്."

വസിഷ്ഠൻ—ശാന്തം പാപം! ഇനിയൊന്നും കേൾക്കേണ്ടതില്ല. "സത്യാന്നാസ്തിപരോധൎമ്മഃ" എന്നു വിശ്വസിച്ചും ആ ധൎമ്മം ലേശംപോലും തെററിക്കാതെ പ്രവൎത്തിച്ചും വരുന്ന ധാൎമ്മികശിരോമണിയായ ഹരിശ്ചന്ദ്രനിൽ വൃഥാ ദോഷം ആരോപിച്ച വിശ്വാമിത്രനെപ്പററി ആശ്ചൎയ്യത്തേക്കാളധികം വ്യസനമാണു് എനിക്കു തോന്നുന്നതു്. ഹരിശ്ചന്ദ്രൻ സത്യസന്ധന്മാരിൽ വെച്ചു് അഗ്രേസരനാണെന്നുള്ളതിലേക്കു ആദിത്യചന്ദ്രാദികളായവർ തന്നെ സാക്ഷികളാണു്. ഭയം, ആപത്തു മുതലായവ സംഭവിക്കുമ്പോഴും നേരം

പോക്ക പറയുന്നതിലും അസത്യം പറയുന്നതു അധൎമ്മമല്ലെന്നു ശാസ്ത്രങ്ങളിൽ കാണുന്നുണ്ടു്. എന്നാൽ സത്യതല്പരനായ ഹരിശ്ചന്ദ്രൻ ആ അവസരത്തിൽ കൂടിയും അസത്യം പറകയില്ല. ഞാൻ സൂൎയ്യവംശരാജാക്കന്മാരുടെ പേരിലുള്ള പക്ഷപാതംകൊണ്ടു ഹരിശ്ചന്ദ്രനെ വാഴ്ത്തുകയാണു് ചെയ്യുന്നതെന്നു വിശ്വാമിത്രൻ പറഞ്ഞുവല്ലോ. അതു ശുദ്ധമേ വ്യാജമാണു്.

വിശ്വാമിത്രൻ... മതിമതി! തപസ്സിന്റെ ശക്തികൊണ്ടു് അന്യദുൎല്ലഭമായ ബ്രാഹ്മണ്യത്തെക്കൂടി സമ്പാദിച്ചവനായ ഞാൻ വ്യാജം പറയുന്നവനാണെന്നു നിസ്സംശയം പ്രസ്താവിക്കുന്നതു സൂക്ഷിച്ചുവേണ്ടതാണു്.

വിശ്വാമിത്രന്റെ ശപഥം.

ഇവർ തമ്മിൽ ഇങ്ങിനെ വാഗ്വാദം തുടൎന്നപ്പോൾ ആ സദസ്സ് ആകപ്പാടെ പരിഭ്രമിച്ചുവശായി. വസിഷ്ഠൻ വളരെ ശാന്തനാണു്. അദ്ദേഹം പറയുന്നതു സത്യമായിട്ടേ വരികയുള്ളൂ. വിശ്വാമിത്രൻ എന്തൊരു സമ്പ്രദായക്കാരനാണു്! ഒരു മഹർഷിക്കു ഇത്രത്തോളം കോപംവരികയോ? ക്രോധവശംവദനായ ഇദ്ദേഹം വലിയ അഹമ്മതിക്കാരനാണു്; ഇദ്ദേഹം പറയുന്നതു ശുദ്ധമേ വ്യാജമാണു്, എന്നു ചിലർ. അമ്പ! വിശ്വാമിത്രന്റെ യോഗ്യത! എന്തൊരു വീൎയ്യം! എന്തൊരു തേജസ്സ്! പുരുഷന്മാരായാൽ ഇങ്ങിനെതന്നെ വേണം. വെറുതെയാണോ ഇദ്ദേഹം പതിനായിരം വൎഷം തപസ്സുചെയ്തതു്? എന്നു വേറെ ചിലർ. വസിഷ്ഠനേയും വിശ്വാമി

ത്രനേയും പോലെയുള്ളവർ ഇങ്ങിനെ "കശപിശ" തുടങ്ങിയാൽ വലിയ നേരമ്പോക്കുണ്ട് കാണ്മാൻ എന്ന് മററു ചിലർ. ഈ മഹർഷിമാരുടെ തൎക്കം തീൎക്കുന്നത് ഈ ദേവസദസ്സിൽ വെച്ചു വേണൊ? എന്ന് ഇനിച്ചിലർ. ഇങ്ങിനെ ഓരോരുത്തർ ഓരോ വിധത്തിൽ 'പിറുപിറുത്തും' കൊണ്ടിരിക്കുന്നതിനിടയിൽ നയജ്ഞനായ നാരദമഹർഷി ഇങ്ങിനെ അഭിപ്രായപ്പെട്ടു. "വസിഷ്ഠൻ സാക്ഷാൽ പരമേഷ്ഠിയായ പ്രജാപതിയുടെ പുത്രനാണ്, മഹാ തേജസ്വിയാണ്, ശാന്തനാണ്, അദ്ദേഹം അസത്യം പറയുമൊ? ഒരിക്കലുമില്ല. വിശ്വാമിത്രനാണെങ്കിൽ തപസ്സിദ്ധികൊണ്ട് സൎവ്വ മുനികളേയും ജയിച്ച മഹാൻ, ജന്മനാ ക്ഷത്രിയനായിരുന്നിട്ടും കൎമ്മം കൊണ്ട് ബ്രാഹ്മണ്യം സമ്പാദിച്ച മഹാനുഭാവൻ!, സൎവ്വകാം പൂജ്യനായ മഹർഷിസത്തമൻ. അദ്ദേഹം വ്യാജം പറയുമൊ? ഒരിക്കലും ചെയ്കയില്ല. എന്നാൽ രണ്ടുപേരും പറയുന്നതു പരസ്പരം വിരുദ്ധമാകയാൽ, രണ്ടും പരമാൎത്ഥമാകുവാനൊട്ടു വഴിയുമില്ല. അതിനാൽ ഇതൊരു കളിയാണെന്നുവേണം വിചാരിപ്പാൻ. അതിവിടെ അത്ര ശരിയല്ല. അതുകൊണ്ട് ഈ ദേവസദസ്സിൽവെച്ച് ഇനി ഇവരുടെ വാദം തുടരുന്നത് എന്തെങ്കിലും ഒരു പ്രത്യേകനിശ്ചയം ചെയ്തിട്ടായിരിക്കും നല്ലത്."

വിശ്വാമിത്രൻ:— (ധൃതിയിൽ)" അതാണ് ഞാൻ പറയുന്നത്. ഈ സദസ്സ് ആളുകൾക്ക് കളി

പ്പാനുള്ള ഒരു സ്ഥലമല്ല. ഹരിശ്ചന്ദ്രൻ അസത്യം പറയുന്നവനാണെന്ന് ഞാൻ തെളിയിച്ചുതരാം. അദ്ദേഹത്തെക്കൊണ്ട് ഞാൻ തീച്ചയായും അസത്യം പറയിക്കുന്നുണ്ട്. അങ്ങിനെ ഞാൻ ചെയ്യില്ലെങ്കിൽ ഇന്നതു ചെയ്യാമെന്നു ഞാൻ വാതുവെക്കാം. വസിഷ്ഠൻ അത് ചെയ്യുമോ കാണട്ടേ?

വസിഷ്ഠൻ:— ഓഹോ! ആയിരം പ്രാവശ്യം ചെയ്യാം. സത്യപരായണനായ ഹരിശ്ചന്ദ്രൻ അസത്യം പറയുന്നപക്ഷം, ഞാൻ എന്റെ തപസ്സുപേക്ഷിച്ച് മദ്യകുംഭവും ശിരസ്സിലേററി ഈ ദേവസഭക്ക് മൂന്നു പ്രദക്ഷിണം ചെയ്യാം, ഒട്ടും സംശയമില്ല.

“ആദിത്യചന്ദ്രാവനിലാനലശ്ച
ദ്യൌർഭൂമിരാപോഹൃദണോയമശ്ച,
അഹശ്ചരാത്രിശ്ച ഉഭേ ചസന്ധ്യേ
ധമ്മശ്ചജാനാതിനരസ്യസത്യം.”

എന്ന പ്രമാണപ്രകാരമുള്ള സത്യസാക്ഷികളുടെ മുമ്പാകെ ഞാൻ ഈ സത്യം ചെയ്യുന്നു.

വിശ്വാ:— “ഞാൻ എന്തു ചെയ്യാമെന്നു പറയാം. ഹരിശ്ചന്ദ്രനെക്കൊണ്ട് ഞാൻ വ്യാജം പറയിച്ചിട്ടില്ലെങ്കിൽ എന്റെ മഹത്തായ തപസ്സിന്റെ പകുതി ഫലം വസിഷ്ഠന്നു കൊടുക്കുന്നുണ്ട്. ഇതുകൂടാതെ വസിഷ്ഠൻ പറഞ്ഞതുപോലെയുള്ള ഘോരശപഥം ഞാൻ ചെയ്യുന്നില്ല. ഇതു പോരെ?”

ദേവേന്ദ്രൻ:— മതി, മതി, ധാരാളം മതി!

നാരദൻ:— എന്നാൽ ഇനി സമയം കളയേണ്ട. വിശ്വാമിത്രൻ തന്റെ ശപഥം നിറവേററുവാനായി പോകട്ടെ! അദ്ദേഹം അതു നിർവ്വഹിച്ചു വരുന്നതുവരെ ഇന്ദ്രാദിദേവന്മാരും വസിഷ്ഠനും ഞാനും ഇവിടെത്തന്നെ താമസിക്കാം. എന്നാൽ ഒരു സംഗതി എല്ലാവരും മനസ്സിരുത്തേണ്ടതുണ്ട്. ഈ കാര്യം ഗൂഢമായിരിക്കണം. ഹരിശ്ചന്ദ്രൻ ഈ സംവാദങ്ങളും ശപഥങ്ങളുമൊന്നും അറിയരുത്.

വിശ്വാ: എന്നാൽ അങ്ങിനെയാവട്ടെ! ഞാൻ ഇപ്പോൾതന്നെ പോകുന്നു.

എന്നുംപറഞ്ഞ് വിശ്വാമിത്രൻ ദേവസഭയിൽനിന്ന് പുറപ്പെട്ടു. നാരദൻ അപ്പോൾ അദ്ദേഹത്തിന്റെ അരികെ പോയി "അങ്ങേക്കെല്ലാം നന്നായി വരും. അങ്ങയുടെ തപസ്സിദ്ധി ആരാണ് ബഹുമാനിക്കാത്തത്?." എന്നുതുടങ്ങിയ പ്രശംസകളെക്കൊണ്ട് അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ ഉറപ്പിച്ചു. അപ്പോൾ, വിശ്വാമിത്രൻ തിരിഞ്ഞുനിന്ന് "അല്ലേ, ദേവന്മാർ കേൾക്കണം, ഞാൻ എന്റെ തപസ്സിനാൽ ഹരിശ്ചന്ദ്രനെക്കൊണ്ട് അസത്യം പറയിച്ചില്ലെങ്കിൽ ഇതാ ഇങ്ങിനെ പിടിച്ചോളിൻ;" എന്നുപറഞ്ഞ് വലംകയ്യിന്റെ പെരുവിരലും കഴവിരലും കൂട്ടി മിടിച്ചുംകൊണ്ട്, അവിടെനിന്നു ബദ്ധപ്പെട്ടുപോയി. സഭ പിരിയുകയും ചെയ്തു.

# രണ്ടാമദ്ധ്യായം.

## വിശ്വാമിത്രന്റെ ആലോചന.

ദേവസഭയിൽനിന്ന് വീരവാദം പറഞ്ഞുപോന്ന വിശ്വാമിത്രൻ പലവേഷങ്ങളും ധരിച്ച് പലപ്പോഴും ഹരിശ്ചന്ദ്രന്റെ സമീപത്ത് ചെന്നു പരിശോധിച്ചതിൽ മനസാ വാചാ കൎമ്മണാ അസത്യമായിട്ടുള്ള യാതൊന്നും ആ മഹാരാജാവിൽ എന്നല്ല അദ്ദേഹത്തിന്റെ രാജ്യത്തുള്ള പ്രജകളിൽ കൂടിയും കണ്ടെത്തിയില്ല. ഹരിശ്ചന്ദ്രൻ കരം പിരിക്കുന്നതിലും, നീതിന്യായങ്ങൾ നടത്തുന്നതിലും, വൎണ്ണാശ്രമധൎമ്മങ്ങൾ നോക്കുന്നതിലും, അതിഥിസൽക്കാരം ചെയ്യുന്നതിലും, അൎത്ഥികൾക്ക് ദാനം ചെയ്യുന്നതിലും, എന്തിന് നേരംപോക്ക് പറയുന്നതിൽപോലും വിശ്വാമിത്രന് യാതൊരു പഴുതും കിട്ടിയില്ല. ഹരിശ്ചന്ദ്രന്റെ രാജ്യത്തെ ഭൂമികൾ ഫലസമൃദ്ധങ്ങളും, പ്രജകൾ രാജഭക്തന്മാരും, ഭണ്ഡാര, ഐശ്വൎയ്യഭരിതവും, മന്ത്രിമാർ ഉദ്യോഗസ്ഥന്മാർ മുതലായവർ ധാൎമ്മികന്മാരും ആയതുകൊണ്ട് അദ്ദേഹത്തിന് വാക്കിലൊ പ്രവൃത്തിയിലൊ, അസത്യമായിട്ടുള്ള ഒരു കാൎയ്യം ചെയ്യേണ്ടതായ ആവശ്യം ഇല്ലാത്തതിനാൽ, അദ്ദേഹത്തിന്റെ കാൎയ്യത്തിൽ "അസത്യപരീക്ഷ" ചെയ്യുന്നതുകൊണ്ട് യാതൊരു ഫലവും ഉണ്ടാകയില്ലെന്നു വിശ്വാമിത്രന്നു ബോദ്ധ്യമായി.

അപ്പോൾ ആ മുനി ഇങ്ങിനെ വിചാരിച്ചു:—"കാര്യം ആകപ്പാടെ വലിയ വിഷമമായിപ്പോയല്ലൊ. തല്ക്കാലത്തെ ഒരു കോപത്തിന്ന് ഞാൻ ദേവസഭയിൽവെച്ച് അങ്ങിനെ ശപഥം ചെയ്തുപോയി. അപ്പോൾ ഹരിശ്ചന്ദ്രൻ ഇത്ര സത്യനിഷ്ഠനാണെന്ന് അശേഷം കരുതിയില്ല. ഇദ്ദേഹത്തെകൊണ്ട് ഒരസത്യമെങ്കിലും പറയിച്ചില്ലെങ്കിൽ ഞാൻ ഇനി ഇരുന്നിട്ട് ഫലമില്ല. എന്റെ വാക്കിന്ന് ഒരു തൃണത്തോളവും വിലയില്ലെന്നു വന്നിട്ട് എങ്ങിനെ ഞാൻ വസിഷ്ഠന്റെ മുഖത്ത് നോക്കും". ഇങ്ങിനെ തന്റെ തല്ക്കാലാവസ്ഥയെപ്പററി വിചാരിച്ചു വ്യസനിക്കുന്നതിന്നിടയിൽ വിശ്വാമിത്രന്ന് ഒരു ഉപായം തോന്നി. താൻ ഹരിശ്ചന്ദ്രന്റെ മുമ്പിൽ ഒരു ഋഷിയായിച്ചെന്നാൽ കാര്യം സാധിക്കാമെന്നാണ് വഴി തോന്നിയത്.

"യാഗാർത്ഥമായി ധനമിരക്കുംവിധൌ
രാജചൂഡാമണിസൽക്രമസംശയം
പിന്നെയവനെയങ്ങേൽപിച്ചുപോരിക
തന്നധനങ്ങളുംപിന്നെവൈകാതെ
ചെന്നുനശിപ്പിക്കയുംവേണമങ്ങുഞാൻ."

എന്നാൽ ഹരിശ്ചന്ദ്രൻ വട്ടത്തിലാവാതെ എന്തു ചെയ്യും? തന്ന ധനത്തിന്നുപകരമായി പിന്നെ ധനം തരുവാൻ നിവൃത്തിയില്ലാത്തവിധം അദ്ദേഹത്തിന്റെ രാജ്യത്തെ ദ്രവ്യങ്ങൾ എല്ലാം നശിപ്പിക്കയും വേണം.

"അപ്പോളസത്യം പറയുമവനെങ്കി
ലപ്പോൾമമഹിതംവന്നുകൂടും ദൃഢം."

വിശ്വാമിത്രൻ ധനം അപേക്ഷിക്കുന്നത്.

ഇങ്ങിനെ വിചാരിച്ചുറച്ചു, ഒട്ടും താമസിക്കാതെ കണ്ട് വിശ്വാമിത്രൻ ഹരിശ്ചന്ദ്രന്റെ രാജധാനിയിലേക്ക പുറപ്പെട്ടു. രുദ്രാക്ഷമാലയും, യോഗദണ്ഡും, ഉത്തരീയവും, കാഷായവസ്ത്രവും, യോഗവട്ടവും ധരിച്ച് ജടാധാരിയായി ആകാശമാർഗ്ഗത്തൂടെ അതിവേഗത്തിൽ അദ്ദേഹം അയോദ്ധ്യയിൽ ചെന്നിറങ്ങി

തപസ്വികളിൽവെച്ച് അഗ്രഗണ്യനായ വിശ്വാമിത്രൻ അതിഥിയായി വന്നതുകണ്ടപ്പോൾ ആതിഥേയരിൽവെച്ച് അതിപ്രസിദ്ധനായ ഹരിശ്ചന്ദ്രൻ ആദരപൂർവ്വം എതിരേററ് അർഘ്യപാദ്യാദികളെക്കൊണ്ട് പൂജിച്ചു, മഹാർഹമായ ആസനത്തിന്മേൽ ഇരുത്തി, ഭയഭക്തിബഹുമാനങ്ങളോടുകൂടി സ്വാഗതം പറഞ്ഞു കുശലപ്രശ്നം ചെയ്തു.

ഹരിശ്ചന്ദ്രൻ:— മഹാത്മാവായ മുനിസത്തമ! നിന്തിരുവടിയുടെ എഴുന്നള്ളത്തുകൊണ്ടു ഇയ്യുള്ളവൻ ഏററവും ധന്യനായിരിക്കുന്നു. ഈ കുടുംബവും പാവനമായിത്തീർന്നു. നിന്തിരുവടിയെപ്പോലെയുള്ള മഹർഷിമാരുടെ ദർശനം ദൈവികമായ ഒരനുഗ്രഹമാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

വിശ്വാമിത്രൻ:— അങ്ങയെപ്പോലെയുള്ള രാജാ

ക്കന്മാക്ക് ദൈവാനുഗ്രഹം എപ്പോഴും ഉണ്ടായിരിക്കും. ധൎമ്മാത്മാവായ അങ്ങയുടെ ദൎശനം ഭാഗ്യംകൊണ്ടേ ലഭിക്കയുള്ളു. അങ്ങയുടെ ദൎശനത്തെ ഏതു മഹൎഷിമാരാണ് ആഗ്രഹിക്കാത്തത്? ആ ആഗ്രഹത്തിൻെറ നിവൃത്തിയ്ക്കു വല്ലകാരണവും ഉണ്ടാവണമെന്നേയുള്ളു. എന്നെസ്സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ, എനിക്കിവിടെ വരുവാനുണ്ടായ കാരണത്തെപ്പററി വലിയ ബഹുമാനം തോന്നുന്നുണ്ട്.

വിശ്വാമിത്രൻ ആദ്യംതന്നെ തൻെറ വരവിനുള്ള കാരണത്തെ ഉപന്യസിച്ചത് സ്വാൎത്ഥസിദ്ധിയിലുള്ള ബദ്ധപ്പാടുകൊണ്ടാണ്. എന്നാൽ, ഋജുബുദ്ധിയായ മഹാരാജാവിന്ന്, തൻെറ കൎത്തവ്യത്തെസ്സംബന്ധിച്ചു കുറച്ചൊരു സംഭ്രമമാണ് ഇതു കേട്ടപ്പോൾ ഉണ്ടായത്. അദ്ദേഹം പരിഭ്രമത്തോടുകൂടി പറഞ്ഞു.:—

"ഓ! അതുഞാൻ ആദ്യംതന്നെ ചോദിക്കേണ്ടതായിരുന്നു. തപസ്സിദ്ധികൊണ്ടുതന്നെ സൎവ്വകാൎയ്യങ്ങളും സിദ്ധിച്ചിട്ടുള്ള നിന്തിരുവടി എന്തുകാൎയ്യം സാധിക്കുവാനായിട്ടാണ് ഇവിടെ എഴുന്നെള്ളിയിരിക്കുന്നത്? എന്തായാലും അതു സാധിപ്പിക്കുന്നതിന്നു ആവുന്നത്ര ശ്രമിക്കുവാൻ ഈ വിധേയൻ ഒരുക്കമാണു."

വിശ്വാമിത്രൻ:— (ചിരിച്ചുംകൊണ്ട്) അക്കാൎയ്യത്തിൽ സംശയിച്ചിട്ടില്ല. ഹരിശ്ചന്ദ്രമഹാരാജാവിൻെറ മുമ്പിൽ അപേക്ഷിച്ചാൽ സാധിക്കാത്തതായ

ഒരു കാര്യമുണ്ടെന്നു ആരും വിചാരിക്കയുമില്ല. ഞാൻ വന്നകാര്യം വഴിയെപ്പറയാം"

ഹരിശ്ചന്ദ്രൻ:— തിരുമനസ്സിലെപ്പോലെയുള്ളവരെ ഇത്ര വലുതാക്കിപ്പറയുന്നത് ഇവിടത്തെ മഹാമനസ്കത കൊണ്ടാണ്. എന്റെ അവസ്ഥ അത്രക്കൊന്നുമില്ല. സത്യവും, ദാനവും മാത്രമെ എനിക്കു ഒരു ധർമ്മമുള്ളു. "സത്യാന്നാസ്തിപരോധർമ്മഃ" എന്നാണെന്റെ മുദ്രാ വാക്യം. എന്റെ പ്രജകളിൽ ആരും സത്യവിരോധം പ്രവർത്തിക്കുന്നതല്ല. ആരെങ്കിലും അങ്ങിനെ പ്രവർത്തിക്കുന്നപക്ഷം അതേകാരണത്താൽത്തന്നെ അവൻ വദ്ധ്യനാകുന്നതുമാണ്. ദാനത്തെപ്പററിയും ഒരു നിശ്ചയമുണ്ട്.

"ഏകംധനംഞാനൊരുത്തനുനൽകുകിൽ
ചാകിലുമില്ലെന്നുചൊല്ലുമാറില്ലഞാൻ"

എന്നാണ് നിശ്ചയം. സത്യത്തേയും ദാനത്തേയും പററി എനിക്കുള്ള ഈ രണ്ടു വ്രതങ്ങളും എന്നും നിലനില്ക്കുന്നതിന്നു തിരുമനസ്സിലെ അനുഗ്രഹം ഉണ്ടായിരിക്കണമെന്നപേക്ഷയുണ്ട്.

വിശ്വാമിത്രന്റെ വഞ്ചന.

ഹരിശ്ചന്ദ്രന്റെ ഈ വാക്കു, ദീർഘസൂത്രക്കാരനായ വിശ്വാമിത്രനെ അധികം കുഴക്കിൽപ്പെടുത്തുകയാണ് ചെയ്തത്. "അമ്പൊ! ഒരു സത്യനിഷ്ഠ! ഇത്രയും നിഷ്ഠയോടുകൂടിയ ഇദ്ദേഹത്തെക്കൊണ്ട് അസത്യം പറയിക്കുവാൻ ഉള്ള എന്റെ ശ്രമം നിഷ്ഫലമായിട്ടേ വരിക

യുള്ളു. എങ്കിലും സത്യത്തിലെന്നപോലെയുള്ള നിഷ്ഠ ദാനത്തിലും ഉള്ളതുകൊണ്ട് എന്റെ സൂത്രം പക്ഷെ ഫലിച്ചേക്കാം. ഇദ്ദേഹത്തിന്റെ സത്യനിഷ്ഠയെ ദാനനിഷ്ഠയെക്കൊണ്ട് ജയിക്കാം. എന്തായാലും വന്നകാൎയ്യം പറയുകതന്നെ എന്നു മനസ്സിൽ ഉറച്ച് മന്ദസ്മിതത്തോടെ വിശ്വാമിത്രൻ പറഞ്ഞു:—

"ഹേ! രാജചൂഡാമണെ! ഞാൻ ഒരു യാഗം ആരംഭിക്കുന്നുണ്ട്. അതിന്നു വളരെ ധനം ചെലവുചെയ്യേണ്ടിയിരിക്കുന്നു. ആരിന്നാരോടാണപേക്ഷിക്കേണ്ടതെന്ന് വിചാരിച്ചിരിക്കുന്നതിനിടയിൽ സ്വൎഗ്ഗലോകത്ത് യദൃച്ഛയാ പോകാനിടയായി. അവിടെവെച്ച് അങ്ങയുടെ ഗുണങ്ങളെ ദേവന്മാരും ഋഷികളും പ്രശംസിക്കുന്നതുകേട്ടു. ഉടൻതന്നെ അങ്ങയെ കാണ്മാൻ ഇങ്ങോട്ടു പോരികയും ചെയ്തു.

ഹരിശ്ചന്ദ്രൻ: (ദാനത്തിന്ന് ഒരു സല്പാത്രത്തെ കിട്ടിയതിൽ സന്തോഷത്തോടുകൂടി) "ഞാൻ ഭാഗ്യവാനായി. ഭവാദൃശനായ ഒരു ബ്രാഹ്മണോത്തമന്ന് അതിലും വിശേഷിച്ച് യാഗത്തിന്റെ ആവശ്യത്തിന്ന് എന്റെ ധനം ഉപകരിക്കുവാൻ ഇടയാകുമെങ്കിൽ, അതിൽപരം ഒരു ഭാഗ്യം എനിക്കുണ്ടാകുവാനില്ല. എത്ര ധനമാണാവശ്യമെന്നു അരുളിച്ചെയ്താലും?

വിശ്വാമിത്രൻ:— (ജയിച്ചഭാവത്തിൽ) "എന്നാൽ പറയാം പക്ഷെ ഒന്നുണ്ട്. ആവശ്യമുള്ള ധനത്തിന്റെ സംഖ്യ കേൾക്കുമ്പോൾ തരുവാൻ മടിക്കരുത്. മഹഷി

മാക്ക ധനം കൊടുക്കാമെന്നു പറഞ്ഞിട്ടു് പിന്നെ കബളിക്കുന്നവർ 'രൌരവം' എന്ന ഘോരനരകത്തിൽ പതിക്കുമെന്നു നല്ലവണ്ണം ആലോചിക്കണം.

ഹരിശ്ചന്ദ്രൻ:— (ചെവി പൊത്തിക്കൊണ്ടു്) ശിവശിവ! ഇത്ര നിഷ്ഠുരമായ ഒരു പാപം ആലോചിക്കകൂടി വയ്യാത്തതാണു്. എന്റെ ജീവനുള്ളകാലം അങ്ങിനെ ഒരു അധൎമ്മം പ്രവൃത്തിക്കുമെന്നു ശങ്കിക്കരുതു്.

വിശ്വാമിത്രൻ:—ഞാൻ അത്ര വിചാരിച്ചല്ല പറഞ്ഞതു്. എന്നാൽ സംഖ്യ പറയാം. കേട്ടോളൂ.

"ആനക്കഴുത്തിൽനിന്നാശു കവണയാൽ
ഞാനൊന്നെറിഞ്ഞുകൊണ്ടീടുമേൽപ്പോട്ടു്
ഞാനെറിഞ്ഞീടുന്നപാഷാണമങ്ങഹോ
താനെ കിഴപ്പോട്ടു് വീഴുകയില്ലതു.
ചെന്നൊരുദിക്കിൽ പതിക്കുമെന്നാകിലോ
തന്നുകൊള്ളേണമതിന്നു തുല്യം ധനം."

ഹരിശ്ചന്ദ്രൻ:— ഒരു സംശയവുമില്ല. എന്റെ പൂൎവ്വന്മാർ ചെയ്ത സുകൃതംകൊണ്ടു് തല്ക്കാലം നിന്തിരുവടിയുടെ കാൎയ്യം സാധിപ്പാനുള്ള ധനം ഇവിടെയുണ്ടു്. പക്ഷെ, പുരാതനമായിട്ടുള്ള ഭണ്ഡാരം ഈ ആവശ്യത്തിന്നായി എടുക്കേണ്ടിവരും. അതിന്റെ സ്ഥിതികൾ മന്ത്രിയായ സത്യകീൎത്തിക്കേ അറിവുള്ളൂ. ഇന്നുതന്നെ മന്ത്രിയെക്കൊണ്ടു അതിവിടെ വരുത്തി

ക്കാം രണ്ടുദിവസത്തിനുള്ളിൽ തിരുവടിക്ക് ധന വും കൊണ്ട് എഴുന്നള്ളുകയും ചെയ്യാം.

എന്നുപറഞ്ഞ് ഹരിശ്ചന്ദ്രൻ ഒരു ഹരിക്കാരനെ വിളിച്ച് സത്യകീർത്തിയെ കൂട്ടിക്കൊണ്ടുവരുവാനും മറ്റൊരുവനെ വിളിച്ച് കൊട്ടാരത്തിലെ ആനപ്പന്തിയിൽനിന്ന് പണ്ടാരവകയായ വലിയ കൊമ്പനാനയെ കൊണ്ടുവരുവാനും കല്പിച്ചയച്ചു. അല്പസമയത്തിനുള്ളിൽ ആന തിരുമുമ്പാകെ എത്തിച്ചേർന്നു. ഉടൻ തന്നെ വിശ്വാമിത്രൻ രാജകല്പനപ്രകാരം ആനയുടെ പുറത്തു കയറി ഒരു കവണയും കല്ലുമെടുത്തു മേല്പോട്ടെറിഞ്ഞു. അദ്ദേഹത്തിൻെറ തപശ്ശക്തികൊണ്ട് ആ കല്ല് കീഴ്പ്പോട്ടു വീഴാതെ ആകാശത്തു തങ്ങുകയാണുണ്ടായത്. അനന്തരം വിശ്വാമിത്രൻ പറഞ്ഞു:—ഇതാ മഹാരാജാവേ! ഞാനെറിഞ്ഞ കല്ല് കീഴ്പ്പോട്ട് വീഴാതെ ഇതാ ആകാശത്തു തങ്ങിയിരിക്കുന്നു. ഇപ്പോഴും ധനത്തിൻെറ കണക്കു തയ്യാറായി. ഇനി ധനം വരുത്തുകയേ വേണ്ടൂ.''

ഇത്രയുമായപ്പോഴേക്കു മന്ത്രിസത്തമനായ സത്യകീർത്തിയും തിരുമുമ്പാകെ എത്തി. മഹാരാജാവ് മന്ത്രിയോട് വിശ്വാമിത്രൻ ചെയ്ത അപേക്ഷയും അതിന്നു താൻ കൊടുത്ത മറുപടിയും, മഹർഷി ധനത്തിൻെറ പരിമാണം തീർച്ചപ്പെടുത്തിയതും പറഞ്ഞ്, മഹർഷിക്കു കൊടുക്കുവാനായി പഴയ ഭണ്ഡാരം എടുത്തുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. സത്യകീർത്തിക്ക് ഇതെല്ലാം വി

വിശ്വാമിത്രൻ ചെയ്ത കപടമാണെന്നു തൽക്ഷണംതന്നെ മനസ്സിലായി. അദ്ദേഹം കല്പിച്ചുകൂട്ടി, എന്തോ ഒരു ദുരുദ്ദേശം കരുതി മഹാരാജാവിന്റെ സാമ്രാജ്യത്തെ നശിപ്പിക്കുവാനായി ചെയ്ത വഞ്ചനയാണിതെന്നു മന്ത്രിക്കു ബോദ്ധ്യമായി. അദ്ദേഹം മഹാരാജാവിനോട് ആശംശതി പറകയും, വിശ്വാമിത്രന്റെ കപടതന്ത്രത്തിന് ഒരിക്കലും വശംവദനാകരുതെന്നപേക്ഷിക്കുകയും ചെയ്തു. ഹരിശ്ചന്ദ്രനാകട്ടേ:—

'തന്നുഞാനെന്നുണർത്തിച്ചേൻമുനിയോടു
ഇന്നതിനില്ലവിഷാദമറികനീ'
ഒന്നുകൊടുത്തുഞാനേകനുമാനസാ_
ലെന്നാലതിനില്ലകിഞ്ചനനിക്കവും
പണ്ടുള്ളവിത്തംകൊടുത്താൽനമുക്കിനി
യുണ്ടാക്കുവാനെന്തുദണ്ഡംകഥിക്കനീ.'

എന്നാണ് മറുവടി പറഞ്ഞത്. മന്ത്രി ഏതെല്ലാം വിധത്തിൽ, എത്രയെല്ലാം പറഞ്ഞിട്ടും മഹാരാജാവിന്റെ നിശ്ചയത്തെ അണുമാത്രം തെററിക്കുവാൻ കഴിഞ്ഞില്ല. എന്തുതന്നെ അങ്ങോട്ടു പറഞ്ഞാലും മഹാരാജാവ് ഒരു മറുവടിയേ പറയുന്നുള്ളൂ, എന്നു കണ്ടപ്പോൾ സത്യകീർത്തി വളരെ മനസ്താപത്തോടുകൂടി രാജസന്നിധിയിൽനിന്ന് പോയി. പിന്നെ, മഹാരാജ്ഞിയായ ചന്ദ്രമതിയോടും രാജകുമാരനായ ലോഹിതാക്ഷനോടും വിശ്വാമിത്രന്റെ കപടത്തെപ്പററിയും ആ തന്ത്രക്കാര

ന്റെ വലയിൽ മഹാരാജാവ് കുടുങ്ങിയതിനെപ്പറ്റി യും, സത്യകീർത്തി പറഞ്ഞു ധരിപ്പിച്ചു. എങ്കിലും. ധർമ്മാത്മാവായ ഹരിശ്ചന്ദ്രന്റെ ധർമ്മനിഷ്ഠ അതേനിലയിൽതന്നെ പകർന്നിട്ടുള്ള രാജ്ഞിയും രാജകുമാരനും മഹാരാജാവിന്റെ നിശ്ചയത്തെപ്പറ്റി യാതൊരു പ്രതികൂലാഭിപ്രായവും പറഞ്ഞില്ല. ഒരു നിവൃത്തിയുമില്ലെന്നു തീർച്ചയായപ്പോൾ സത്യകീർത്തി, രാജകല്പനപ്രകാരം പുരാതനമായ ഭണ്ഡാരം എളക്കി, തിരുമുമ്പാകെ കൊണ്ടുവന്നു. അതുകൊണ്ടും പോരാതെ വന്നതിന്നു, പ്രജകളിൽനിന്നു പ്രത്യേകമായ ഒരു വരി പിരിച്ചുണ്ടാക്കി കോവിലകത്തു കൊണ്ടുവരികയുംചെയ്തു. മഹാമേരുവിന്റെ ശിഖരംപോലെ അത്യുന്നതമായ സ്വർണ്ണരാശികൾ മഹാരാജാവിന്റെയും മഹർഷിയുടെയും മുമ്പിൽ നിശ്ചിതസമയത്തിന്നുള്ളിൽ സ്വരൂപിക്കപ്പെട്ടു.

ദാനത്തിന്നുള്ള ധനം തയ്യാറായപ്പോൾ ഹരിശ്ചന്ദ്രൻ മഹർഷിയോടു പറഞ്ഞു.

"തപോനിധേ! ഇതാ ധനമെല്ലാം കൊണ്ടുവന്നിരിക്കുന്നു. ഇനി ഉദകപൂർവ്വമായ ദാനം കഴിക്കുകയല്ലേ?"

വിശ്വാമിത്രൻ — അങ്ങിനെതന്നെ. എന്നാൽ ഈ ധനം ആദ്യം അട്ടിയട്ടിയായി പൊക്കി വെപ്പിക്കുക. ഇത് ഞാൻ എറിഞ്ഞ കല്ല് ചെന്നുനില്ക്കുന്ന സ്ഥാനത്തോളം എത്തുമോ എന്നു നോക്കട്ടെ!

ഉടൻതന്നെ മന്ത്രി, ആൾക്കാരെക്കൊണ്ടു ആ സ്വർണ്ണരാശികളെല്ലാം മേല്ക്കുമേലെ അടക്കിവെപ്പിച്ചു

എല്ലാം കൂടിയപ്പോൾ അത് മറെറാരു സുവർണ്ണപർവ്വതംപോലെ അത്യുന്നതമായി കാണപ്പെട്ടു. അതു കണ്ടപ്പോൾ വിശ്വാമിത്രൻ തൃപ്തനായി "ഇനി ഉദകപൂർവ്വമുള്ള ദാനം കഴിക്കാവുന്നതാണ്" എന്നു പറഞ്ഞു. മഹാരാജാവ് ജലഗന്ധാക്ഷതങ്ങളോടുകൂടി ആ സുവർണ്ണക്കൂടത്തെക്കൈകൊണ്ടു തൊട്ടു സങ്കല്പപൂർവ്വം ദാനംചെയ്കയും ചെയ്തു. അപ്പോൾ ആ ധർമ്മമൂർത്തിയുടെ മനസ്സ് അസാധാരണമായ ഒരു നിർവൃതിയേ പ്രാപിച്ചു. വിശ്വാമിത്രനാകട്ടെ—

"അത്ഭുതമൈശ്വര്യമിങ്ങുതന്നുള്ളത്
രണ്ടുദിവസത്തിനുള്ളിൽധനമിദം
കൊണ്ടുപോവേൻമമഭൃത്യരുംഞാനുമായ്
അത്രനേരംഭവാൻസൂക്ഷിച്ചുകൊള്ളണ-
മിത്രയുമിന്നുനമുക്കുള്ളവിത്തവും
എത്രയുംസത്യവാനാകുംഭവാനിങ്ങു
മിത്രമെന്നുള്ളതുംഞാനറിഞ്ഞീടിനേൻ."

എന്നു പറഞ്ഞ് ആ ധനം രാജാവിനെത്തന്നെ ഏല്പിച്ച് അവിടെനിന്നുപോയി. രാജാവ് ആ ധനം മുഴുവൻ ഭദ്രമായി സൂക്ഷിപ്പിച്ച്, കാവലും ഏർപ്പെടുത്തി, നിർവ്വിചാരനായി സ്ഥിതിചെയ്തു.

# മൂന്നാമദ്ധ്യായം

## അനന്തരകൃത്യം.

വിശ്വാമിത്രൻ ഹരിശ്ചന്ദ്രനോട ദാനം വാങ്ങിപ്പോയതിന്നുശേഷം, പിന്നെ വേണ്ടതെന്തെന്ന് ആലോചനതുടങ്ങി. "ഒന്നാമത് അദ്ദേഹം എനിക്കതന്ന ധനമെല്ലാം നശിപ്പിക്കണം; പിന്നെ അദ്ദേഹത്തിൻെറ രാജ്യത്തുള്ള ദ്രവ്യങ്ങളും നശിപ്പിക്കണം. അപ്പോൾ ഹരിശ്ചന്ദ്രൻ കഷ്ടത്തിലാവും. മുമ്പത്തെ പദവിയിൽ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ലെന്നുവരുമ്പോൾ വല്ല സംഗതിക്കും അസത്യം പറയേണ്ടിവരും. അസത്യത്തിന്നു കാരണം ദാരിദ്ര്യമാണ്. ആകയാൽ ദുഷ്ടജന്തുക്കളെ സ്വാധീനമാക്കി അദ്ദേഹത്തിൻെറ ദ്രവ്യങ്ങൾ നശിപ്പിക്കുകയാണിനി വേണ്ടത്" എന്നുറച്ച്, വിശ്വാമിത്രൻ വിപുലമായ അരണ്യത്തിൽപോയി അതിഘോരമായ തപസ്സുതുടങ്ങി.

## ഗണപതിപ്രസാദം.

ആദ്യം വിഘ്നരാജനായ ഗണപതിയെക്കുറിച്ചാണു തപസ്സുചെയ്തത്. അചഞ്ചലമായ സമാധിയിലിരുന്നു നിർവികല്പമായി ചെയ്ത തപസ്സുകൊണ്ട് ഗജാനനൻ പ്രത്യക്ഷനായി അരുളിച്ചെയ്തു. "മഹാനായ വിശ്വാമിത്ര! നിൻെറ തപസ്സുകൊണ്ട് ഞാൻ ഏററവും

പ്രീതനായിരിക്കുന്നു. നിനക്ക് എന്താണഭീഷ്ടമെന്നു പ റഞ്ഞാൽ ഞാനതു സാധിപ്പിച്ചുതരാം.

വിശ്വാ:—വിഘ്നഹന്താവായ ഗണേശ! നിന്തിരുവടി പ്രസന്നനായെങ്കിൽ ഞാൻ തുടങ്ങിയിട്ടുള്ള കാര്യം നിർവിഘ്നമായിക്കലാശിക്കുവാൻ അനുഗ്രഹിക്കണം. സർവ്വജ്ഞനായ ഭവാൻ എൻെറ തല്ക്കാലാവസ്ഥയും ഞാൻ തുടങ്ങിയിട്ടുള്ള കാര്യവും അറിഞ്ഞിരിക്കുമ ല്ലോ. ഹരിശ്ചന്ദ്രൻെറ കൈവശം ഞാനേല്പിച്ചുപോ ന്നിട്ടുള്ള അവധിയില്ലാത്ത ധനം മുഴവൻ മണ്ണിന്നടി യിൽ താണുപോകണം. അതിന്നു ഹേ ഭക്തവത്സ ലനായ മൂഷികവാഹനാ! ഭവാൻെറ ആജ്ഞയിൻ കീഴിലുള്ള മൂഷികവൎഗ്ഗങ്ങളെ അയയ്ക്കുകയും വേണം.

ഗണപ:—അതു പാടില്ല, യാതൊരപരാധവും ചെയ്യാ ത്തവനും ധൎമ്മനിഷ്ഠനുമായ ഹരിശ്ചന്ദ്രനെ ചതിക്കു വാനാണ് അങ്ങയുടെ ഉദ്യമം. അതിൽ ഞാൻ ഭാ ഗഭാക്കാവുന്നതു ഭൂഷണമല്ല.

ഇങ്ങിനെ ഗണപതിയുടെ പ്രതികൂലവാക്കു കേട്ട പ്പോൾ വിശ്വാമിത്രൻ വീണ്ടും അദ്ദേഹത്തിൻെറ കാൽ ക്കൽ താണു കേണപേക്ഷിച്ചു. "എനിക്കുവേണ്ടി ഈ കാര്യം സാധിപ്പിച്ചുതന്നില്ലെങ്കിൽ ഞാൻ വലിയ ക ഷ്ടത്തിലാകും. ഭക്തവത്സലനായ ഭവാൻെറ ഈ ഭ ക്തൻ ഇതിനാലെ നശിച്ചുപോകും. അതു ഭൂഷണമാ ണോ" എന്നുള്ള വിശ്വാമിത്രൻെറ വാക്കു കേട്ടപ്പോൾ ഗണപതി ദയാൎദ്രഹൃദയനായിത്തീൎന്ന്, മൂഷികവൎഗ്ഗ

ത്തെയെല്ലാം വരുത്തി അവയോടു മഹർഷിയുടെ കാൎയ്യം സാധിപ്പിച്ചുവരുവാൻ കല്പിച്ചു. അപ്പോൾ അസംഖ്യം മൂഷികവൎഗ്ഗങ്ങൾ പുറപ്പെട്ടു് അയോദ്ധ്യാനഗരത്തിൽ ചെന്നു് വിശ്വാമിത്രന്റെ ധനം സൂക്ഷിച്ചിട്ടുള്ള സ്ഥലത്തു ഭൂമിയുടെ അടിയിൽ വലിയ തുരങ്കങ്ങൾ തുരന്നുണ്ടാക്കി ആ ധനമെല്ലാം അഗാധമായ പാതാളത്തിലേക്കു താഴ്ത്തിക്കളഞ്ഞു് തിരിയെ വന്നു. ഇപ്രകാരം തന്റെ "ഗണപതിക്കയ്യ്" കുറിക്കുകൊണ്ടതിൽ വിശ്വാമിത്രന്നു വളരെ സമാധാനവും സന്തോഷവുമുണ്ടായി.

ബ്രഹ്മാവിനെക്കുറിച്ചുള്ള തപസ്സ്.

അനന്തരം വിശ്വാമിത്രൻ ഹരിശ്ചന്ദ്രന്റെ രാജ്യത്തെ ദ്രവ്യങ്ങൾ നശിപ്പിക്കുവാനുള്ള ശ്രമം ശക്തിയോടുകൂടി ആരംഭിച്ചു. അതിന്നു ബ്രഹ്മാവിനെക്കുറിച്ചു് ഘോരമായ തപസ്സാണു് ചെയ്തതു്. അദ്ദേഹത്തിന്റെ തപശ്ശക്തികൊണ്ടു് ബ്രഹ്മാവു് വേഗത്തിൽ പ്രത്യക്ഷീഭവിച്ചു് "വേണ്ടുന്ന വരത്തെ വരിച്ചാലും" എന്നരുളിച്ചെയ്തു. വിശ്വാമിത്രൻ വിനീതനായി തന്റെ സ്ഥിതികളെല്ലാം ബ്രഹ്മാവിനോടു പറഞ്ഞു് ഇങ്ങിനെ അപേക്ഷിച്ചു:—"ഹരിശ്ചന്ദ്രനെക്കൊണ്ടു് അസത്യം പറയിക്കാമെന്നുള്ള എന്റെ ശപഥത്തെ നിന്തിരുവടി എങ്ങിനെയെങ്കിലും സാധിപ്പിച്ചുതരണം. സൎവ്വസ്വവും നശിച്ചാലല്ലാതെ അദ്ദേഹം അസത്യവാക്കു പറകയില്ലെന്നു തീൎച്ചയാണു്. അതുകൊണ്ടു് നിന്തിരുവടിയുടെ തിരുവു

ള്ളമുണ്ടായി, ആ രാജാവിൻെറ നാട്ടിൽ വനങ്ങളേയും വന്യമൃഗങ്ങളേയും സൃഷ്ടിച്ച് അദ്ദേഹത്തിൻെറ സവ്വധനങ്ങളേയും നശിപ്പിക്കണം. ഇതാണ്, എനിക്കുവേണ്ട വരം.'' ഇതിന്നു ബ്രഹ്മാവ്, ''നീ ഇത്ര വലിയ തപസ്വിയായിരുന്നിട്ടും നിൻെറ ഹൃദയത്തിൽ ഇത്രത്തോളം കന്മഷം തോന്നുന്നതു അത്യത്ഭുതംതന്നെ. സാധാരണയായി എല്ലാവരും ഇഷ്ടലാഭത്തേയോ അനിഷ്ടപരിഹാരത്തേയൊ ഉദ്ദേശിച്ചാണ് വരം ചോദിക്കാറുള്ളത്. അതു രണ്ടും ഇതുകൊണ്ട് നിനക്കുണ്ടാകാനില്ല. ധർമ്മിഷ്ഠനായ ഹരിശ്ചന്ദ്രൻെറ രാജ്യം നശിച്ചാൽ നിനക്ക് ഒരു സമ്പത്തും കിട്ടുകയില്ല; അതു നശിക്കാഞ്ഞാൽ ഒരാപത്തും വരികയുമില്ല. ഹരിശ്ചന്ദ്രൻ നിൻെറ ശത്രുവല്ലല്ലോ. അതുകൊണ്ട് ഈ വരം തരുവാൻ പ്രയാസമാണ്'' എന്നാണ് മറുവടി പറഞ്ഞത്.

ബ്രഹ്മാവിൻെറ വാക്ക് വിശ്വാമിത്രന്നു അശേഷം രസിച്ചില്ല. രൌദ്രസ്വഭാവനായ ആ മുനിക്കു കഠിനമായ കോപം തോന്നിയെങ്കിലും അതിനെ ഒരുവിധം ഉള്ളിൽ ഒതുക്കി അദ്ദേഹം ബ്രഹ്മാവിനോടു പറഞ്ഞു:—''അങ്ങിനെയോ അരുളിച്ചെയ്യുന്നത്. തരക്കേടില്ല. വസിഷ്ഠൻ നിന്തിരുവടിയുടെ പുത്രനാണെന്നുള്ള കഥ ആലോചിക്കാതെ ഞാൻ അപേക്ഷിച്ചത് ക്ഷമിക്കണം. എന്നെസ്സംബന്ധിച്ചേടത്തോളം വേണ്ടതു ഞാൻതന്നെ ചെയ്തുകൊള്ളാം. സൃഷ്ടികർത്താവായ നി

ന്തിരുവടി സൃഷ്ടിക്കാനൊരുക്കമില്ലെങ്കിൽ ഞാൻതന്നെ എനിക്കാവശ്യമുള്ളതെല്ലാം തപസ്സുകൊണ്ട് സൃഷ്ടിക്കും. ഹരിശ്ചന്ദ്രന്റെ പിതാവായ ത്രിശങ്കുവിനെ സ്വൎഗ്ഗത്തിൽ കയറ്റുവാനായി പുതിയതായ ഒരു സ്വൎഗ്ഗം സൃഷ്ടിച്ച വിശ്വാമിത്രൻ, ത്രിശങ്കുവിന്റെ പുത്രനായ ഹരിശ്ചന്ദ്രനെ അധഃപതിപ്പിക്കുവാനായി അദ്ദേഹത്തിന്റെ നാട്ടിൽ ഒരു പുതിയ നരകംകൂടി സൃഷ്ടിക്കുവാൻ ശക്തനാണോ എന്ന് നോക്കട്ടെ. അങ്ങിനെ ചെയ്യുന്നതിൽ നിന്തിരുവടിക്ക് സുഖക്കേട് തോന്നരുതെന്നു അപേക്ഷയുണ്ട്" വിശ്വാമിത്രന്റെ ഈ ഗൎവ്വവാക്കു ബ്രഹ്മാവിന്നും അല്പം കോപം ജനിപ്പിച്ചുവെങ്കിലും അദ്ദേഹം ഒന്നും പറയാതെ അവിടെനിന്നു പോകയാണുണ്ടായത്.

വിശ്വാമിത്രസൃഷ്ടി.

അനന്തരം വിശ്വാമിത്രൻ വീണ്ടും ഘോരമായ തപസ്സുതുടങ്ങി. "ഹത്യകൾ" എന്ന വിദ്യകളെ സ്വാധീനമാക്കി അവയുടെ പ്രഭാവത്താൽ ഹിംസ്രജന്തുക്കളെ സൃഷ്ടിക്കുവാനാണ് ഈ തപസ്സ ചെയ്തത്. അദ്ദേഹത്തിന്റെ ആവാഹനശക്തികൊണ്ട് സകല ഹത്യകളും അദ്ദേഹത്തിന്നു സ്വാധീനമായിത്തുടങ്ങി. ആയതിന്നു വിഘ്നരാജനായ ഹേരംബൻ സഹായിക്കുകയും ചെയ്തു. ഇപ്രകാരം ഹത്യകളുടെ പ്രഭാവത്താൽ, കരയിലും വെള്ളത്തിലും ആകാശത്തിലും സഞ്ചരിക്കാവുന്ന അസംഖ്യം ദുഷ്ടജന്തുക്കളെ അദ്ദേഹം സൃഷ്ടിച്ചു.

"നേരി, ഹരി, കിരി, കരടി, കാട്ടാന
ദുരിതജന്തുക്കളെധികംപിന്നെയും"

വിശ്വാമിത്രന്റെ മുമ്പിൽ നിറഞ്ഞു. ധാന്യങ്ങൾ വിളഞ്ഞുനില്ക്കുന്ന വയലുകളിലിറങ്ങി അവയെല്ലാം നശിപ്പിക്കുവാൻ വിരുതുള്ള പന്നികൾ, പശുക്കളേയും കന്നുകാലികളേയും പിടിച്ചുതിന്നുവാൻ ശക്തിയുള്ള വ്യാഘ്രങ്ങൾ, പാന്ഥജനങ്ങളെ ആട്ടിപ്പിടിച്ച് കൊല്ലുന്ന കാട്ടാനകൾ, ഘോരപരാക്രമത്തോടുകൂടിയ കാട്ടുപോത്തുകൾ, പ്രാണാപഹാരികളായ ചെന്നായ്ക്കൾ, കടുംകാളകൂടം വമിക്കുന്ന ഘോരസർപ്പങ്ങൾ, എന്നുവേണ്ട ആളുകളുടെ ജീവനും ധനത്തിനും നാശം വരുത്തുവാൻ ശക്തിയുള്ളവയായി എന്തെല്ലാം ജന്തുക്കളുണ്ടോ അവയെല്ലാം വിശ്വാമിത്രനാൽ സൃഷ്ടിക്കപ്പെട്ടു. സൃഷ്ടികർത്താവായ മഹാമുനിയുടെ ആജ്ഞയെ കാത്തുംകൊണ്ട് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ച ആ ജന്തുക്കളെ വിശ്വാമിത്രൻ കോസലരാജ്യത്തെ നശിപ്പിക്കുവാനായി അയയ്ക്കുകയും അവ കല്പനപ്രകാരം അവിടെ ചെന്ന് അനേകവിധത്തിലുള്ള നാശങ്ങൾ വരുത്തുകയും ചെയ്തു. വിശ്വാമിത്രസൃഷ്ടികളായ ദുഷ്ടജന്തുക്കൾ,

"ഭൂരിസമൃദ്ധികൃഷിക്കുവരുത്തിടു-
മേരികൾതന്റെവരമ്പുപിളർത്തും,
തെങ്ങുകവുങ്ങുകൾതിങ്ങിവിളങ്ങിന
ഭംഗികലർന്നൊരുതോട്ടമശേഷം

തട്ടിനിരത്തിക്കശപിശയാക്കി-
ച്ചേട്ടകളിപ്പോരരങ്ങായ്ത്തീത്തും,
പുല്ലുനിറഞ്ഞോരിടങ്ങളിൽമേയും
നല്ലോരുപശുവൃന്ദത്തെക്കൊന്നും"

ഹരിശ്ചന്ദ്രന്റെ പ്രജകൾക്ക് അസാദ്ധ്യമായ ആപത്തുകൾ വരുത്തി.

ഹരിശ്ചന്ദ്രന്റെ നായാട്ട്.

ഇങ്ങിനെ നാട്ടിലെല്ലാടവും പല പല ആപത്തുകൾ, നേരിട്ടുതുടങ്ങിയപ്പോൾ നാട്ടുകാർ സംഘംചേൎന്ന കോവിലകത്തുചെന്ന മഹാരാജാവിനോട സങ്കടം ഉണൎത്തിച്ചു. ഹരിശ്ചന്ദ്രൻ അവരുടെ സങ്കടം കേട്ട മനസ്സലിഞ്ഞ് അവൎക്ക രണ്ടുകൊല്ലത്തേയ്ക്കുള്ള രാജഭോഗം ഇളവുചെയ്തുകൊടുക്കുകയും, നഷ്ടംവന്നതിന്റെ പരിഹാരത്തിന്നായി വസ്ത്രം, ധനം മുതലായവ സമ്മാനിച്ചയയ്ക്കുകയും ചെയ്തു. പിന്നെ അദ്ദേഹം, തന്റെ രാജ്യത്ത് ഇത്തരത്തിലുള്ള അനൎത്ഥങ്ങൾ ഇതേവരെഉണ്ടായിട്ടില്ലാത്ത സ്ഥിതിക്ക് ഇപ്പോൾ ഇങ്ങിനെ സംഭവിക്കുവാൻ കാരണമെന്താണെന്നും, ഇതിന്റെ പരിഹാരത്തിന്ന് എന്താണ ചെയ്യേണ്ടതെന്നും ആലോചിക്കുവാനായി മന്ത്രിസഭയുടെ ഒരടിയന്തരയോഗം വിളിച്ചുകൂട്ടുകയും ചെയ്തു.

മന്ത്രിമാരുടെ അഭിപ്രായം "കാട്ടിൽ ഹിംസ്രജന്തുക്കൾ വല്ലാതെ വൎദ്ധിച്ചിട്ടുണ്ട്. വനവാസികളായ വേടന്മാരെ വരുത്തി ഒരു വലിയ നായാട്ടിന്നേൎപ്പാട

ചെയ്തു് കാട്ടുജന്തുക്കളെ ഒരുവട്ടം കൊന്നൊടുക്കുകയാണു വേണ്ടതു്'' എന്നായിരുന്നു. ഈ അഭിപ്രായമനുസരിച്ചു്, മഹാരാജാവു് കാടന്മാരിൽ പ്രധാനികളായവരെ അടിയന്തരമായി ആളയച്ചുവരുത്തി ഇങ്ങിനെ അരുളിച്ചെയ്തു:—"നമ്മുടെ പ്രിയപ്പെട്ട വേടപ്രമാണികളേ! നിങ്ങളെല്ലാം നമുക്കു പ്രത്യേകം വേണ്ടപ്പെട്ടവരും നാം കല്പിച്ചുതന്നിട്ടുള്ള സ്ഥാനമാനങ്ങളെ വഹിച്ചുപോരുന്നവരുമാകുന്നു. നിങ്ങളുടെ കൃത്യശ്രദ്ധകൊണ്ടു്, ഇതേവരേയും നമ്മുടെ വക അരണ്യപ്രദേശങ്ങൾ ശാന്തതയോടും സംതൃപ്തിയോടും കൂടിയാണു് കഴിഞ്ഞുപോന്നിട്ടുള്ളതു്. അതുനിമിത്തമായി, കാട്ടുപ്രദേശങ്ങളിൽ വലിയ അന്വേഷണം നടത്തുകയോ നായാട്ടുചെയ്തു് മൃഗങ്ങളെ അമൎത്തുകയോ ചെയ്യേണ്ടതായ ഭാരം നമുക്കു നേരിടാറില്ല. എന്നാൽ ഇയ്യിടയിലായി കാട്ടിൽനിന്നുള്ള ഉപദ്രവം ധാരാളമായി സംഭവിക്കുന്നുണ്ടു്. കാട്ടുജന്തുക്കൾ നാട്ടുപുറങ്ങളിൽ ഇറങ്ങിവന്നു് പല അനൎത്ഥങ്ങളും ഉണ്ടാക്കിത്തീൎക്കുന്നു. കാട്ടിൽ ദുഷ്ടജന്തുക്കൾ തടിച്ചുകൂടിയതാണു് ഇതിന്നു കാരണം. അതുകൊണ്ടു് നിങ്ങൾ ഒട്ടും താമസിക്കാതെ വേണ്ടുന്നത്ര ആൾക്കാരെ കൂട്ടി ഒരു വമ്പിച്ച നായാട്ടിന്നു പുറപ്പെടണം. നിങ്ങളുടെ ഒരുക്കമാനങ്ങൾ കഴിയുമ്പോഴക്കു് നാമും സൈന്യസമേതം മൃഗയാൎത്ഥമായി അവിടെ വന്നുചേരുന്നതാണു്.'' ഇങ്ങിനെ കല്പിച്ചു്, മഹാരാജാവു് വേടപ്രമാണികൾക്കു പല വിലയേറിയ സമ്മാനങ്ങൾ

നൽകി അവരെ പ്രോത്സാഹിപ്പിച്ച യാത്രയാക്കി. അത്യുത്സാഹഭരിതരായിത്തീൎന്ന വേടന്മാർ 'കല്പനപോലെ' എന്നു പറഞ്ഞ് ഒട്ടും താമസിക്കാതെ പോയി, അത്ഭുതപൂൎവ്വമായ വിധത്തിൽ ഒരു നായാട്ടിന്നുള്ള വട്ടം കൂട്ടി പുറപ്പെടുകയും ചെയ്തു.

അനന്തരം ഹരിശ്ചന്ദ്രൻ, നല്ല ദിവസം നോക്കി മന്ത്രിമാരോടും സൈന്യങ്ങളോടുംകൂടി നായാട്ടിന്നായി കാട്ടിലേക്കു പുറപ്പെട്ടു. ഈ യാത്രയിൽ രാജാവ് പട്ടമഹിഷിയായ ചന്ദ്രമതിയേയും, രാജകുമാരനായ ലോഹിതാക്ഷനേയുംകൂടെ കൊണ്ടുപോയി. തനിക്കു ഇന്ദ്രൻ കാഴ്ചനൽകിയതായ സ്വൎണ്ണരഥത്തിൽ കയറി, കവചവും വേലും ധരിച്ച്, ആവനാഴിയും വില്ലും അമ്പുമേന്തി, മൂൎത്തിമത്തായ വീരരസംപോലെ ഹരിശ്ചന്ദ്രൻ ശോഭിച്ചു. മൃഗയാവേഷത്തോടുകൂടി മഹാരാജാവും സൈന്യങ്ങളും വനത്തിലെത്തിയപ്പോഴക്ക് അദ്ദേഹത്തിന്റെ ആജ്ഞാകരന്മാരായ കിരാതസൈനികന്മാർ കാലേകൂടി അവിടെ കടന്നു കാടിളക്കിക്കഴിഞ്ഞിരുന്നു. പിന്നെ,

"നടന്നുകാനനതടത്തിലമ്പൊടു
കടന്നുവേട്ടകൾതുടങ്ങിനല്ലൊരു
കറുത്തപട്ടുകളുടുത്തുകൊണ്ടിരു
പുറത്തുതൊങ്ങലുനിരത്തിയമ്പൊടു
ഉരത്തകാൎമ്മുകമെടുത്തുതാൻകന-
ത്തൊടുത്തുകാനനതടത്തിലെത്തിന
കടുത്തപന്നികളടുത്തപോത്തുക-

ളുടക്കമെന്നിയെ നടക്കുമാനകൾ
തുടങ്ങിയിങ്ങിനെമൃഗങ്ങളിൽപിടി
തുടങ്ങിലീലകളൊടങ്ങിടകഴകൾ"

ഇങ്ങിനെ തുടങ്ങിയ നായാട്ടിൽ വേടന്മാർ,

"ഒക്കച്ചാടിക്കാട്ടകത്തും
ബദ്ധപ്പെട്ടുനടന്നുതിമിർത്തും
ചാടിവരുന്നമൃഗങ്ങളെയെല്ലാം
കുത്തിക്കൊന്നുകളിച്ചുപുളച്ചും
ചത്തമൃഗത്തെക്കെട്ടിയെടുത്തും
മത്തഗജത്തെച്ചെന്നുതടുത്തും'

മറ്റും കാണിച്ച പരാക്രമങ്ങൾ അവർണ്ണനീയമാണ്.

അത്ഭുതവരാഹം.

ഇപ്രകാരമുള്ള നായാട്ടിൽ വേടന്മാരുടെ കുന്തംകൊണ്ടുള്ള കുത്തിന്നും, പടയാളികളുടെ വാൾകൊണ്ടുള്ള വെട്ടിന്നും, രാജാവിന്റെ ലക്ഷ്യം പിഴയ്ക്കാതെകണ്ടുള്ള ശരത്തിന്നും ഇരയായി അനവധി ദുഷ്ടമൃഗങ്ങൾ ചത്തുപോയി. ശേഷമുള്ളവ ഭയപ്പെട്ടോടി വിശ്വാമിത്രൻ തപസ്സുചെയ്യുന്ന സ്ഥലത്തുചെന്ന് അഭയം പ്രാപിച്ചു. വിശ്വാമിത്രനാകട്ടേ, തന്റെ സൃഷ്ടികളായ മൃഗങ്ങൾക്ക രാജാവിൽനിന്നു നേരിട്ട പരാജയമറിഞ്ഞ് ക്രോധതാമ്രാക്ഷനായി, തന്റെ തപോബലംകൊണ്ടു അതിഭയങ്കരമൂർത്തിയായ ഒരു പന്നിയെ സൃഷ്ടിച്ച് ഹരിശ്ചന്ദ്രസംഹാരത്തിന്നായി അയച്ചു. സ്വർണ്ണനിറമായ ശരീരവും, വെള്ളിനിറമായ നഖങ്ങളും, പവിഴനിറമാ

യ കാലുകളും, മാണിക്യംപോലെ ദീപ്തിയേറിയ കണ്ണുകളും, മരതകവൎണ്ണമായ മുഖവും, വജ്രതുല്യങ്ങളായ പല്ലുകളും, അതിദാരുണമായ ഖഡ്ഗംപോലെ തിളങ്ങുന്ന തേററകളുമുള്ള ആ ഭയങ്കരരൂപമായ പന്നിത്തടിയൻ പെട്ടന്നു അത്യുഗ്രമാംവണ്ണം അട്ടഹാസിച്ചുംകൊണ്ടു ഹരിശ്ചന്ദ്രന്റെ സൈന്യത്തോടെതിരിട്ടു. ആ വരാഹവൎയ്യൻ 'ആന തേർ കാലാൾ കുതിരപ്പടയൊക്കെ' ഛിന്നഭിന്നമാക്കിച്ചെയ്തു് ഹരിശ്ചന്ദ്രന്റെ നേരെ ഉഗ്രക്രോധത്തോടെ പാഞ്ഞണഞ്ഞു. ഹരിശ്ചന്ദ്രനാകട്ടെ, കാളീപ്രസാദംകൊണ്ടു് കിട്ടിയ രഥത്തിൽ കയറി ഏററവും മൂൎച്ചയുള്ള ഒരസ്ത്രം വരാഹത്തിന്റെ നെററിത്തടത്തെ ലക്ഷ്യമാക്കി പ്രയോഗിച്ചു. അതിന്റെ ശക്തി സഹിക്കാതെ വരാഹം പിന്തിരിയുകയും പ്രാണഭയത്തോടുകൂടി വിശ്വാമിത്രന്റെ സമീപത്തിലേക്കു പാഞ്ഞുപോകയും ചെയ്തു.

ഇങ്ങിനെ പന്നി പാഞ്ഞുപോയപ്പോഴയ്ക്കു് രാജാവും സൈന്യങ്ങളും പാടല്ലാതെ തളൎന്നുവശമായി. ശ്രമപരിഹാരത്തിനായി എവിടേയാണു് പോകേണ്ടതെന്നാലോചിച്ചു നടക്കുമ്പോൾ നിൎമ്മലജലം നിറഞ്ഞു നില്ക്കുന്ന ഒരു പൊയ്ക ആ വനാന്തരത്തിൽ കാണപ്പെട്ടു.

"ചെന്താമരകുമുദംനെൽകുവലയം
ബന്ധുരരക്തോല്പലാദിപുഷ്പങ്ങളാൽ"

ഏററവും കാന്തിയോടുകൂടിയതും, 'വണ്ടുകൾ മധു-

വുണ്ടുമുരണ്ടു' കളിക്കുന്നതുമായ ആ പൊയ്കയിൽ, ഹരിശ്ചന്ദ്രൻ സകുടുംബനായി ഇറങ്ങി കാലും മുഖവും കഴുകി അമൃതതുല്യമായ ജലം കുടിച്ച് ആ സരസ്സിൻെറ തീരത്തിരുന്നു വിശ്രമിച്ചു. രാജമന്ത്രിമാരും സൈന്യങ്ങളും അതിൽതന്നെ ഇറങ്ങി വെള്ളം തൃപ്തിയാകുംവരെ കുടിച്ചു.

ആ സമയത്തു ചില മഹർഷിമാർ ആ പൊയ്കയിൽ വന്നിറങ്ങി. രാജപരിവാരങ്ങൾ പൊയ്കയിലിറങ്ങിയതു കണ്ട് അവർ ഇങ്ങിനെ പറഞ്ഞു—"ഏതു മൂഢന്മാരാണ് ഈ പൊയ്കയെ അശുദ്ധമാക്കിയത്? ഇതു ആരുടെ വകയാണെന്നു വിചാരിച്ചാണ് നിങ്ങൾ കളിക്കുന്നത്? ഇതു മഹാതേജസ്വിയായ വിശ്വാമിത്രൻെറ വകയായ "കൗശികതീർത്ഥം" എന്ന സരസ്സാണ്'. ഇതിലിറങ്ങി ധിക്കാരം പ്രവർത്തിച്ചതിൻെറ ഫലം നിങ്ങൾ അനുഭവിക്കും" ഇങ്ങിനെ പറയുന്ന ആ മുനിമാരെ ഹരിശ്ചന്ദ്രൻ നല്ലവാക്കു പറഞ്ഞ് സമാധാനിപ്പിച്ച് ക്ഷമായാചനം ചെയ്കയച്ചു. അപ്പോഴേക്ക് നേരവും സന്ധ്യയായി.

## ഹരിശ്ചന്ദ്രൻെറ സ്വപ്നം.

പിന്നെ ഹരിശ്ചന്ദ്രൻ ആ സരസ്തീരത്തിൽത്തന്നെ ശിബിരം കെട്ടിച്ച് അന്നത്തെ രാത്രി അവിടെ സുഖമായി താമസിച്ചു. രാജാവ് ഭാര്യയോടുംകൂടി അവിടെ സുഖനിദ്രയെ പ്രാപിച്ചു. രാത്രിയുടെ അന്ത്യയാമത്തിൽ ഹരിശ്ചന്ദ്രൻ ഭയങ്കരമായ ഒരു സ്വപ്നം കണ്ടു.

സ്വപ്നദൎശനംകൊണ്ടു ഭയപ്പെട്ട് ഞെട്ടിയുണൎന്ന ഹരിശ്ച ന്ദ്രൻ പ്രഭാതത്തിൽ മന്ത്രിമാരെ ആളയച്ചുവരുത്തി ഇ ങ്ങിനെ പറഞ്ഞു:—

"ആൎയ്യന്മാരെ, ഞാൻ ഭയങ്കരമായ ഒരു സ്വപ്നം കണ്ടു. അതിങ്ങിനെയാണ്— എന്റെ പിതാവ് ഉട ലോടുകൂടി സ്വൎഗ്ഗത്തിൽ പോയി. അപ്പോൾ അദ്ദേഹ ത്തെ ദേവന്മാർ അവിടെനിന്നു തള്ളി. അദ്ദേഹം അ വിടെനിന്നു കീഴ്പോട്ടു പതിച്ച് നക്ഷത്രമണ്ഡല ത്തിൽ തങ്ങിനില്പായി. അനന്തരം ഞാൻ തലയിൽ പുഷ്പം ചൂടിയ അഞ്ചു സുന്ദരിമാരോടുകൂടി സുഖമായി വസിച്ചു. ആ സുന്ദരിമാരിൽ ഒരുവളെ ഞാൻ ഒരു ത പസ്വനു സ്വമനസ്സാലെ നൽകി. മറെറാരുവൾ സ്വേ ച്ഛപ്രകാരം ഒരു മഹൎഷിയുടെ അടുക്കലേക്കുപോയി. വേറെയൊരുവൾ നിരാഹാരയായി എങ്ങോട്ടോ പൊ യ്ക്കളഞ്ഞു. ഇനിയൊരുവൾ അന്ധയായിട്ടും പരിണമി ച്ചു. ശേഷമുള്ള ഒരുവൾ മാത്രം എന്നെ ത്യജിക്കാതെ ഇഹപരലോകങ്ങളിൽ എനിക്കു ശ്രേയസ്സുണ്ടാക്കുവാനാ യി എന്റെ കൂടെത്തന്നെ പാൎക്കുകയും ചെയ്യുന്നു. ഇ താണ് ഞാൻ കണ്ട സ്വപ്നം. ഇതിന്റെ ഫലം എ ന്താണ്? എന്തെല്ലാം ആപത്തുകളാണ് ഇതുകൊണ്ടു വരാനിരിക്കുന്നതെന്നു വിചാരിച്ചു ഞാൻ ഭയപ്പെടു ന്നു. എന്താണിനി വേണ്ടത്"

മഹാരാജാവ് ഇങ്ങിനെ പറഞ്ഞപ്പോൾ മന്ത്രിസ ത്തമനായ സത്യകീൎത്തി ഇങ്ങിനെ ഉണൎത്തിച്ചു:—"മേ

ഹാരാജാവു തിരുമനസ്സുകൊണ്ടു മനസ്സിരുത്തി കേൾക്ക ണം. ഈ സ്വപ്നത്തിൻെറ ഫലം ഞാൻ പറയാം. അ വിടുന്നു സ്വപ്നത്തിൽ കണ്ട അഞ്ചു സ്ത്രീകൾ അവിടു ത്തെ പഞ്ചശക്തികളാണ്. അവിടുന്നു താപസന്നു നൽകിയ സ്ത്രീ ക്രിയാശക്തിയായ ദ്രവ്യമാണ്. സ്വമ നസ്സാലെ പുറപ്പെട്ടുപോയി മഹർഷിയോടുചേൎന്നവൾ ക്രിയാശക്തിയുടെതന്നെ വകഭേദമായ രാജലക്ഷ്മിയ ത്രെ. ആഹാരവിഹീനയായി പോയവൾ പ്രാണാദിവാ യുക്കളുടെ ശക്തിയാണ്. അത് അവിടുത്തേക്ക് ഈ കഷ്ടപ്പാടുകളെല്ലാം അനുഭവമായതിനെ കാണിക്കുന്നു. അന്ധയായിത്തീൎന്നവൾ ജ്ഞാനശക്തിയും, അവിടു ത്തെ കൂടെത്തന്നെ പിരിയാതെകണ്ടിരിക്കുന്നവൾ വി വേകശക്തിയുമാകുന്നു. ഈ സ്വപ്നം അവിടുത്തെ രാ ജ്യപരിത്യാഗം മുതലായ ആപത്തുകൾ അടുത്തിരിക്കു ന്നതായി കാണിക്കുന്നു. ഇതിനെല്ലാം ഹേതു വിശ്വാ മിത്രൻെറ കപടതന്ത്രങ്ങളാണ്"

മന്ത്രിസത്തമൻ ഇങ്ങിനെ ഉണൎത്തിച്ചപ്പോൾ കേട്ടവരെല്ലാം വ്യസനിച്ചു കണ്ണുനീർ പൊഴിച്ചു. ഹരി ശ്ചന്ദ്രൻ "എന്തുതന്നെ വന്നാലും ഞാൻ ധൎമ്മത്തെ വി ടുകയില്ല. വരുന്നതുവരട്ടെ" എന്നു സമാധാനിക്കുകയും ചെയ്തു.

# നാലാമദ്ധ്യായം.

## ഹരിശ്ചന്ദ്രനും മോഹിനിമാരും

മൂന്നാമദ്ധ്യായത്തിൽ പറഞ്ഞപ്രകാരം ഹരിശ്ചന്ദ്രന്റെ ശരംകൊണ്ടു പാഞ്ഞുപോയ വരാഹവൎയ്യൻ വിശ്വാമിത്രന്റെ മുമ്പിൽ എത്തിയപ്പോൾ അദ്ദേഹത്തിനുണ്ടായ കോപം ഇന്നപ്രകാരമെന്നു പറഞ്ഞാലാവില്ല. ക്രോധംകൊണ്ടു ആ മഹൎഷിയുടെ കണ്ണുകൾ തീക്കട്ടപോലെ ചുവന്നു. ചുണ്ടുകൾ വിറച്ചു. പുരികങ്ങൾ വളഞ്ഞു. ഹൃദയം വല്ലാതെ കലങ്ങി. ഇച്ഛാഭംഗത്തേയും അമൎഷത്തേയും തെളിയിക്കുന്ന ദീൎഘശ്വാസങ്ങൾ തെരുതെരെ പുറപ്പെടുകയും ചെയ്തു. ആ ദീൎഘശ്വാസങ്ങളിൽനിന്നു രണ്ടു മോഹിനികൾ ഉണ്ടായി. അവർ മഹൎഷിയുടെക്രോധത്തിൽനിന്നുണ്ടായവരാകയാൽ ചണ്ഡാലികളായി ഭവിച്ചു. ലോകത്തിൽ മഹാന്മാരുടെ കോപത്തെ ചണ്ഡാലനായിട്ടാണു വിദ്വാന്മാർ പറയുന്നത്.

വിശ്വാമിത്രസൃഷ്ടികളും ചണ്ഡാലികളുമായ ഈ മോഹിനിമാർ ഏററവും സുന്ദരികളായിരുന്നു. അവരുടെ സൌന്ദൎയ്യം ഏവൎക്കും അത്ഭുതം തോന്നിക്കത്തക്കതായിരുന്നു. അതിനെ വൎണ്ണിക്കുവാൻ ഏററവും സരസ്വതീപ്രസാദമുള്ള മഹാകവികൾക്കു കൂടി പ്രയാസമാണ്. ഒന്നു മാത്രം പറയാം. അവർ ചണ്ഡാലികളാണെങ്കിലും അവൎക്കു ദേവസ്ത്രീകൾക്കുള്ളതുപോലെ ദേഹസൌന്ദ

ണ്യമുണ്ടായിരുന്നു. ഇങ്ങിനെയുള്ള മോഹിനിമാരെ വിശ്വാമിത്രൻ അരികത്തു വിളിച്ച് അവൎക്ക അറുപത്തു നാലു കലാവിദ്യകളും തൻെറ തപശ്ശക്തികൊണ്ടു വേഗത്തിൽ ഗ്രഹിപ്പിച്ചു. എല്ലാ കലകളിലും അവൎക്ക നല്ല വൈദഗ്ദ്ധ്യം ഉണ്ടായി എങ്കിലും, എല്ലാററിലും അധികമായ നൈപുണ്യം സംഗീതകലയിലാണുണ്ടായത്.

അപ്പോഴക്ക് വിശ്വാമിത്രൻെറ കൂട്ടുകാരായ ചില മുനിമാർ അദ്ദേഹത്തിൻെറ മുമ്പിൽവന്നു കൌശികതീൎത്ഥത്തിൻെറ കരയിൽ ഹരിശ്ചന്ദ്രൻ വന്നു പാളയമടിച്ചിട്ടുണ്ടെന്നും, അദ്ദേഹത്തിൻെറ സൈന്യങ്ങൾ തീൎത്ഥത്തിലെ വെള്ളം കലക്കീട്ടുണ്ടെന്നും അറിയിച്ചു. ഈ വൎത്തമാനം വിശ്വാമിത്രൻെറ കോപത്തിന്നു കത്തുന്ന തിയ്യിന്ന് എണ്ണയെന്നപോലെ അധികം ശക്തികൂട്ടി. ഉടൻതന്നെ മഹൎഷി മോഹിനികളെ വിളിച്ച് ഇങ്ങിനെ പറഞ്ഞു:— "ഹേ കളഭാഷിണിമാരെ! നിങ്ങൾ ഉടനെ കൌശികതീൎത്ഥക്കരയിൽ ചെന്ന് അവിടെ പാൎക്കുന്ന ഹരിശ്ചന്ദ്രരാജാവിനെ കാണുവിൻ! നിങ്ങളുടെ ഗാനമാധുൎയ്യംകൊണ്ടു രാജാവിനെ വശത്താക്കി അദ്ദേഹത്തിൻെറ വെങ്കൊററക്കുട സമ്മാനമായി വാങ്ങിച്ചരുവിൻ! അതിന്നു സാധിക്കാത്ത പക്ഷം നിങ്ങളെ ഭാൎയ്യമാരായി സ്വീകരിക്കേണമെന്നു പറഞ്ഞ് അദ്ദേഹത്തെക്കൊണ്ടു അങ്ങിനെ ചെയ്യിക്കുവിൻ!" ഇപ്രകാരം കല്പിച്ച് വിശ്വാമിത്രൻ മോഹിനിമാരെ ഹരിശ്ചന്ദ്രൻെറ അടുക്കലേക്കയച്ചു.

മോഹനാംഗിമാരായ ആ മോഹിനിമാർ വിശേഷപ്പെട്ട വസ്ത്രാഭരണങ്ങളോടും കുറിക്കൂട്ടുകളോടുംകൂടി, കാണുന്നവരുടെ കണ്ണും കരളും കവരുമാറുള്ള മോടിയിൽ, പരിമളഭരം വീശിക്കൊണ്ട് ഹരിശ്ചന്ദ്രന്റെ സമീപത്തേയ്ക്കു പുറപ്പെട്ടു. അവർ തമ്മിൽ തമ്മിൽ ഓരോ നേരമ്പോക്കുകൾ പറഞ്ഞും ചിരിച്ചും കളിച്ചും ഹരിശ്ചന്ദ്രന്റെ സമീപത്തിൽ എത്തി. അദ്ദേഹത്തിന്റെ അസാധാരണമായ രൂപസൌന്ദര്യം കണ്ടപ്പോൾ ആ മോഹിനിമാർക്ക് അദ്ദേഹവുമായി ക്രീഡാസുഖം അനുഭവിക്കേണമെന്നുള്ള അഭിലാഷം കലശലായി. അപ്പോഴയ്ക്കും ആ വനസ്ഥലിയിൽ വിശ്വാമിത്രന്റെ ധ്യാനമനുസരിച്ച് കാമദേവനും വസന്തവും ആവിർഭവിച്ചു. നിരക്കെ പൂത്തു നില്ക്കുന്ന വൃക്ഷലതാദികളും അവയിൽവന്നു തേൻകുടിച്ചു മധുരമായ ഝങ്കാരം മുഴക്കുന്ന വണ്ടുകളും പഞ്ചമരാഗത്തിൽ കൂകുന്ന കുയിലുകളും ആ വനപ്രദേശത്തിലുള്ളവരുടെ ഹൃദയത്തിൽ കാമവികാരത്തെ ഉളവാക്കി. ഇങ്ങിനെയുള്ള സമയത്ത് ചണ്ഡാലിമാരായ മോഹിനിമാർ വീണയും കയ്യിലെടുത്തു കർണ്ണാനന്ദകരങ്ങളായ ചില പാട്ടുകൾ പാടി മഹാരാജാവിനെ സ്തുതിച്ചു. അതു കേട്ടു ഹരിശ്ചന്ദ്രൻ പ്രസന്നനായി "നിങ്ങൾ ആരാണ്? ഇവിടെ എന്തിനായിട്ടാണു വന്നിരിക്കുന്നത്" എന്നു ചോദിച്ചു.

മോഹിനി—(ലജ്ജയോടുകൂടി) ഞങ്ങൾ ചണ്ഡാലികളാണ്. ഞങ്ങളുടെ ജനനവും താമസവും വനത്തി

ലാണ്. ഇപ്പോൾ വരുന്നതു വിശ്വാമിത്രന്റെ തപോവനത്തിൽനിന്നാണ്. തിരുമുമ്പാകെ കാണ്മാൻ മാത്രമായി വന്നതാണ്.

ഹരിശ്ച — നിങ്ങൾക്കു എന്തു വിഷയത്തിലാണറിവുള്ളത്?

മോഹിനി — ഞങ്ങൾ ജ്ഞാനമില്ലാത്തവരാണ്. എങ്കിലും വീണവായനയിൽ ഒരുവിധം പരിചയമുണ്ട്

ഹരി — എന്നാൽ അതല്പം കേൾക്കട്ടേ.

അവർ വീണ ശ്രുതികൂട്ടി മനോഹരമായ ശൃംഗാരാഭിനയങ്ങളോടുകൂടി കുറെ നേരം തങ്ങളുടെ സംഗീതവിദ്യയെ പ്രകടിപ്പിച്ചു. അതുകേട്ടു മഹാരാജാവു വളരെ സന്തുഷ്ടനായിത്തീൎന്ന അവരെ നല്ല വാക്കുകൾ പറഞ്ഞ് അഭിനന്ദിക്കയും, അവൎക്കു വിശേഷപ്പെട്ട രത്നമാലകൾ മോതിരങ്ങൾ വളകൾ മുതലായവ സമ്മാനിപ്പാൻ തുടങ്ങുകയും ചെയ്തു. അപ്പോളവർ പറഞ്ഞു "തിരുമേനി സന്തോഷമായി അടിയങ്ങൾക്കു വല്ല സമ്മാനവും കല്പിച്ചു തരുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ ഇതൊന്നുമല്ല തരേണ്ടത്. ഇവിടുന്നു ധരിക്കുന്നതായ ആ വെണ്കൊററക്കുടയാണ് തരേണ്ടത്. അതു മാത്രമല്ലാതെ ഈവക പണ്ടങ്ങളൊന്നും അടിയങ്ങൾക്കാവശ്യമില്ല". അപ്പോൾ രാജാവു — "അതു പാടില്ല. സൂൎയ്യവംശരാജാക്കന്മാർ വെണ്കൊററക്കുടയും വെഞ്ചാമരങ്ങളും ആൎക്കും കൊടുക്കുകയില്ല. മററെന്തു വേണമെങ്കിലും തരാം. വെണ്കൊററക്കുട കിട്ടേണമെന്നു കരുതുന്നവർ

രാജദ്രോഹികളാണ്. അവൎക്ക് കഠിനമായ ശിക്ഷയാണു നൽകേണ്ടത്. നിങ്ങളുടെ സംഗീതവിദ്യാചാതുൎയ്യം നിമിത്തം നമുക്കുണ്ടായിട്ടുള്ള പ്രീതിയുടെ ചിഹ്നമായിനിങ്ങളെ ശിക്ഷയിൽനിന്നു ഒഴിവാക്കാം'' എന്നരുളിച്ചെയ്തു. അപ്പോൾ ഭഗ്നാശകളായിത്തീൎന്ന മോഹിനിമാർ വീണ്ടും പറഞ്ഞു:— ''വെങ്കൊററക്കുട കല്പിച്ചു തരാത്തപക്ഷം തിരുമേനി അടിയങ്ങളെ പരിഗ്രഹിക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം.''

ഇതിന്നു മഹാരാജാവ് ഉത്തരമൊന്നും പറഞ്ഞില്ല. മന്ത്രിശ്രേഷ്ഠനായ സത്യകീൎത്തിയാണ് മറുവടി പറഞ്ഞത്. അദ്ദേഹം പറഞ്ഞു:— ''നിങ്ങൾ പറഞ്ഞതെന്താണ്? ചോദിച്ച വസ്തുക്കളെല്ലാം കൊടുക്കുന്ന ഉദാരഹൃദയനായ മഹാരാജാവിന്റെ മുമ്പിൽ മൎയ്യാദയില്ലാതെ സംസാരിക്കുകയാ? രാജാവിന്റെ മുത്തുക്കുട നിങ്ങൾക്കു തരാവുന്ന സാധനമല്ല. പിന്നെ എന്താണു ഒന്നു പറഞ്ഞത്? അതു ഇനി മിണ്ടിയിട്ടുണ്ടെങ്കിൽ ശേഷമുണ്ട്. ചണ്ഡാലികളേ! ഇവിടെ തീണ്ടാതെ മാറിപ്പോകുവിൻ''

മോഹിനി—കൊള്ളാം! ചോദിച്ചതെല്ലാം തരുന്ന മഹാരാജാവ് ഞങ്ങൾ ചോദിച്ചതൊന്നും തന്നില്ല. ഞങ്ങളെ വെറുതെ വഞ്ചിക്കയാണു ചെയ്തത്. ഇത്ര ഔദാൎയ്യമില്ലാത്ത ഒരു വഞ്ചകനാണിദ്ദേഹമെന്നറിഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾ ഇവിടെ വരികയില്ലായിരുന്നു.

ഈ വാക്കുകൾ കേട്ടപ്പോൾ മഹാരാജാവ് ആ അധികപ്രസംഗം പറയുന്ന പെണ്ണുങ്ങളെ പിടിച്ചു പുറത്തു തള്ളുവാൻ കല്പിച്ചു. ആ കല്പന കേൾക്കേണ്ട താമസം, രണ്ടു കിങ്കരന്മാർ ഓടിച്ചെന്നു അവരുടെ കഴുത്തു പിടിച്ച് പുറത്താക്കി. "സമ്മാനം കിട്ടിയില്ലെങ്കിലും വേണ്ടില്ല, അടി കൊള്ളാഞ്ഞാൽ മതി" എന്നു വിചാരിച്ച് അവർ അതിവേഗത്തിൽ വിശ്വാമിത്രന്റെ അരികിലേക്കു തന്നെ തിരിച്ചു. അവർ,

"കരഞ്ഞും കണ്ണുനീർ ചൊരിഞ്ഞും മാറത്തി-
ട്ടറഞ്ഞുമോരോന്നു പറഞ്ഞും മാനസം
എരിഞ്ഞും സങ്കടം പൊറാഞ്ഞു മുൽക്കടം
പൊരിഞ്ഞുമയ്യയ്യോ വലഞ്ഞുമങ്ങിനെ"

തങ്ങൾക്കു ഹരിശ്ചന്ദ്രനിൽനിന്നനുഭവപ്പെട്ട അപമാനകരമായ പരാജയത്തെ മഹർഷിയോടു പറഞ്ഞു.

## വിശ്വാമിത്രനും ഹരിശ്ചന്ദ്രനും

വിശ്വാമിത്രനു മോഹിനികളുടെ ദുഃഖം കണ്ടപ്പോളുണ്ടായ കോപം ഇന്നപ്രകാരമാണെന്ന് എഴുതി അറിയിക്കുവാൻ പ്രയാസമാണ്. "ഇനി ഇതിനു പകരം ചോദിച്ചിട്ടു മറ്റു കാര്യം" എന്നു തന്നെത്താൻ പറഞ്ഞുംകൊണ്ട് അദ്ദേഹം ഇരിക്കുന്നിടത്തുനിന്നു ചാടിയെഴുന്നേററ്, ഹരിശ്ചന്ദ്രന്റെ പേരിൽ മനഃപൂർവ്വമായ ദ്രോഹബുദ്ധിയോടുകൂടി കൌശികതീർത്ഥത്തിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിനു ഏതു കാര്യത്തിലും കൂട്ടുകാ

രായിട്ടുള്ള ചില മഹഷിമാർ അദ്ദേഹത്തെ അനുഗമിക്കയും ചെയ്തു.

വെള്ളിക്കമ്പികൾ പോലെ നീണ്ടുനരച്ച നിബിഡമായ ജടാഭാരത്തോടുകൂടിയ വിശ്വാമിത്രൻ കയ്യിൽ ദർഭപ്പുല്ലുമായി പല്ലു കടിച്ച് കണ്ണു ചുവത്തി വരുന്നതു കണ്ടപ്പോൾ ഹരിശ്ചന്ദ്രമഹാരാജാവ് ഏററവും ഭയത്തോടുകൂടി 'അർഘ്യമർഘ്യം' എന്നു പറഞ്ഞുംകൊണ്ടെഴുന്നേററ് അതിവിനീതനായി അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗനമസ്കാരം ചെയ്തു. അപ്പോളദ്ദേഹം ക്രോധാവിഷ്ടനായി, ഹരിശ്ചന്ദ്രന്റെ കിരീടത്തിലണിഞ്ഞിട്ടുള്ള രത്നങ്ങൾ തെറിക്കുമാറ് അദ്ദേഹത്തിന്റെ ശിരസ്സിൽ ഒരു ചവിട്ടു കൊടുത്തു. അനന്തരം അവർ തമ്മിൽ താഴെ പറയുംപ്രകാരം ഒരു സംഭാഷണമുണ്ടായി.

ഹരി — ഞാൻ നിന്തിരുവടിക്ക് ഒരു തെററും ചെയ്കിട്ടില്ല. എന്നിരിക്കെ നിന്തിരുവടി എന്നെ കോപത്തോടുകൂടി ചവിട്ടുകയാണു ചെയ്തത്. എന്നിട്ടും, എനിക്കു ഇവിടുത്തെ കാൽ വേദനിച്ചുവോ എന്ന വിചാരമല്ലാതെ എന്റെ തല മുറിഞ്ഞുവോ എന്ന വിചാരമില്ല. ഇത്ര വളരെ കോപിപ്പാനുണ്ടായ കാരണം എന്താണെന്നരുളിച്ചെയ്താലും.

വിശ്വാ — (പല്ലുകൾ കടിച്ചുംകൊണ്ട്) എന്താണു കാരണമെന്നോ? ഒന്നും അറിഞ്ഞില്ല അല്ലേ? ഞാനയച്ച മൃഗങ്ങളെയെല്ലാം അങ്ങ് വധിച്ചില്ലേ? രണ്ടാമ

ളു ഞാൻ പറഞ്ഞയച്ച വരാഹത്തേയും വശംകെട്ട ത്തി അയച്ചില്ലേ? എന്റെ ഈ തീത്ഥം കലക്കിയില്ലേ? എന്റെ പുത്രിമാരെ അപമാനിച്ചയച്ചില്ലേ? അങ്ങയെപ്പോലെ ഒരു ചതിയൻ വേറെ ആരെങ്കിലുമുണ്ടോ?

ഹരി — ഹാ ദൈവമേ! ഇതെന്തു സങ്കടമാണ്? ഞാനിതൊന്നും സ്വപ്നത്തിൽ കൂടി അറിഞ്ഞിട്ടില്ലല്ലോ. മൃഗങ്ങളും പന്നിയും സ്ത്രീകളും ഒന്നും ഇവിടുത്തെ വകയാണെന്നു സത്യമായും ഞാനറിഞ്ഞില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഞാനവരോടു യാതൊരപ്രിയവും കാണിക്കുമായിരുന്നില്ല. രാജ്യമല്ല, പട്ടണമല്ല, രാജ്യം തന്നെയല്ല, എന്തു തന്നെ നശിച്ചാലും പരമാവധി വംശഹാനി തന്നെ വന്നാലും നിന്തിരുവടി അയച്ച് വന്നവരോട് ഞാൻ അപ്രിയം പ്രവൎത്തിക്കുമോ? എനിക്കിതൊന്നും മനസ്സിലാകുന്നില്ല. വിവരമായി അരുളിച്ചെയ്യണം.

വിശ്വാ — അമ്പാ ഒരു വിനയം! കാണുമ്പോഴത്തെ മട്ടു കണ്ടാൽ എത്ര പരമാൎത്ഥിയാണ്! കണ്ണു പഴുതിയാൽത്തുടങ്ങും ഉപദ്രവിക്കാൻ! ഇങ്ങിനെ ഒരു കപടസന്ന്യാസി വേറെയില്ല. ഒന്നും അറിഞ്ഞില്ല അല്ലേ? എന്നാൽ പറയാം. മറ്റെല്ലാം പോകട്ടേ. സപ്തസ്വരം പാടുവാനായിട്ടാൻ അങ്ങയുടെ അരികത്തയച്ച എന്റെ പുത്രിമാരായ മോഹിനിമാരെ ആട്ടിച്ചോടിച്ചില്ലേ? അതെന്തുകൊണ്ടാണ്?

ഹരി — നിന്തിരുവടി അല്പം ക്ഷമയോടുകൂടി കേൾക്ക ണം. എന്റെ പരമാൎത്ഥം ഞാൻ ധരിപ്പിക്കാം. ആ സംഗീതക്കാരികളായ മോഹിനിമാർ നിന്തിരുവടിയുടെ ആളുകളാണോ? അവർ ചണ്ഡാലികളായിരുന്നു. അവർ എന്നോട് പറയാൻ പാടില്ലാത്ത വാക്കുകൾ പറഞ്ഞു. അതുകൊണ്ടു ഞാനവരെ അകററിയതാണ്. എന്റെ മുമ്പിൽനിന്നു പറഞ്ഞയച്ചതല്ലാതെ വേറെ ഒരുപദ്രവവും ഞാനവൎക്കു ചെയ്തില്ല.

വിശ്വാ — എന്നാൽത്തന്നെ അതു ശരിയായോ? അങ്ങയെ സ്തുതിക്കുകയല്ലേ അവർ ചെയ്തത്? അതിന്ന് അവൎക്കു സമ്മാനമൊന്നും കൊടുത്തില്ലെന്നു മാത്രമല്ല 'പോവിൻ പുറത്ത്' എന്നു ആട്ടി ഓടിക്കയും ചെയ്തില്ലേ? ഇതു മൎയ്യാദയായോ?

ഹരി — നിന്തിരുവടിയുടെ പുത്രിമാരാണ് എന്നു അവർ എന്നെ ധരിപ്പിക്കയുണ്ടായില്ല. ഉണ്ടെങ്കിൽ ഞാനവരെ പുറത്താക്കുകയില്ലായിരുന്നു.

രാജ്യപ്രദാനം

ഇത്രയുമായപ്പോൾ വിശ്വാമിത്രൻ "അങ്ങിനെയാണെങ്കിൽ ഞാൻ ആ പുത്രിമാരെ അങ്ങെയ്ക്കു തരാം. അങ്ങ് അവരെ സ്വീകരിക്കണം" എന്നു പറഞ്ഞു. അതിന്നു ഹരിശ്ചന്ദ്രൻ സമ്മതിച്ചില്ല. അദ്ദേഹം പറഞ്ഞു. "അങ്ങിനെ അരുളിച്ചെയ്യരുത്. അവർ ചണ്ഡാലിക

ളാണ്. അവരെ ഞാൻ ഒരിക്കലും സ്വീകരിക്കയില്ല. എൻെറ രാജ്യം മുഴുവനും മററുള്ള സവ്വസ്വവും നിന്തിരുവടിക്കു വേണമെങ്കിൽ തരാം. എന്നാലും ഞാൻ അവരെ പരിഗ്രഹിക്കുകയില്ല.” ഇതിന്നു വിശ്വാമിത്രൻ “എന്നാൽ മതി. അങ്ങയുടെ രാജ്യവും ധനങ്ങളും തന്നാൽ മതി. ഒട്ടും താമസിക്കാതെ അതു തന്നേക്കുക” എന്നാണു മറുവടി പറഞ്ഞത്. “അതിലെന്താണു സംശയം? എൻെറ രാജ്യവും സവ്വധനങ്ങളും ഈ നിമിഷം മുതൽക്കു ഞാൻ അങ്ങേക്കു നല്കിയിരിക്കുന്നു” എന്നു ഹരിശ്ചന്ദ്രൻ ദാനവാക്യം പറഞ്ഞപ്പോൾ മഹഷി ‘അതു പോരാ; ഉദകപൂവ്വം ദാനംചെയ്യണം’ എന്നു അഭിപ്രായപ്പെട്ടു.

‘അങ്ങിനെ തന്നെ’ എന്നു പറഞ്ഞ് ഹരിശ്ചന്ദ്രൻ പൊയ്കയിൽനിന്നു ജലമെടുത്ത് മൂന്നുവട്ടം സങ്കല്പത്തോടുകൂടി തൻെറ രാജ്യവും ധനങ്ങളും വിശ്വാമിത്രന്നു ഉദകപൂവ്വം ദാനം ചെയ്തു. അപ്പോൾ വിശ്വാമിത്രൻെറ കൂട്ടുകാരായ മഹഷിമാർ ആനന്ദഭരിതരായി “അത്ഭുതമത്ഭുതം, സന്തോഷം സന്തോഷം, കൌശികൻ ജയിക്കട്ടേ, ഗാഥിസുതൻസവ്വോൽകഷേണ വത്തിക്കട്ടേ” എന്നിങ്ങിനെ ഘോഷിച്ചു. വീണ്ടും വിശ്വാമിത്രൻ ഹരിശ്ചന്ദ്രനോട് “ഇതുകൊണ്ടായില്ല. എനിക്കു രാജ്യം ഭരിക്കേണമെങ്കിൽ രാജാവിൻെറ നാമമുദ്ര വേണമല്ലോ. അതുംകൂടി തരിക” എന്നു പറകയും ഹരിശ്ചന്ദ്രൻ സന്തോഷപൂവ്വം അതു കൊടുക്കുകയും ചെയ്തു. പി

ന്നെ "എന്റെ കൊടിയും അടയാളവും സൈന്യങ്ങളും എല്ലാം അങ്ങയുടേതായിരിക്കുന്നു. അങ്ങയുടെ അധികാരത്തെപ്പററി ആരുംതന്നെ തക്കിക്കുകയില്ല. ഇനി അടിയനു ഇവിടേനിന്നു പോകുവാൻ അനുവാദം തരണം" എന്നപേക്ഷിച്ച് മഹഷിയുടെ കാക്കൽ വീണു. ക്രൂരഹൃദയനായ വിശ്വാമിത്രൻ, അപ്പോൾ ഹരിശ്ചന്ദ്രൻ ധരിച്ചിട്ടുള്ള മണിമാലയും രത്നകിരീടവും ആഭരണങ്ങളും വാളും, അതിന്നു പുറമേ ചന്ദ്രമതിയും രാജകുമാരനും അണിഞ്ഞിട്ടുള്ള ആഭരണങ്ങളുംകൂടി തരേണമെന്നു പറകയും ഹരിശ്ചന്ദ്രൻ തെല്ലുപോലും വ്യസനിക്കാതെ അതെല്ലാം കൊടുക്കുകയും ചെയ്തു.

'ഇനി എനിക്കു പോകരുതേ' എന്നു ഹരിശ്ചന്ദ്രൻ ചോദിച്ചപ്പോൾ മഹഷി "പാടില്ല. അങ്ങും ഭാര്യയും പുത്രനും ഉടുത്തിട്ടുള്ള പട്ടുവസ്ത്രങ്ങൾ കൂടിത്തരണം" എന്നു നിര്‍ബ്ബന്ധിച്ചു. "ഹാ ദൈവമേ, ഇതെന്തു കഷ്ടമാണ്! ഭക്ഷണത്തിന്നു ഗതിയില്ലെങ്കിൽ ഭിക്ഷ ചോദിക്കാം. നഗ്നതയെ മറയ്ക്കാതെ എന്തു ചെയ്യും" എന്നു ഹരിശ്ചന്ദ്രൻ ചിന്താതുരനായി നില്ക്കുമ്പോൾ, മഹഷി തന്റെ പഴയ വല്ക്കലങ്ങളിൽ ഒന്നു മൂന്നാക്കി മുറിച്ച് അവക്കു മൂന്നുപേക്കും കൊടുത്തു. ഹരിശ്ചന്ദ്രൻ അതു വാങ്ങിയുടുത്തു തങ്ങളുടെ പട്ടുവസ്ത്രങ്ങൾ അഴിച്ചു കൊടുത്തു മഹഷിയുടെ അനുജ്ഞവാങ്ങി ഭാര്യയോടും പുത്രനോടുംകൂടി പോകുവാൻ പുറപ്പെട്ടു. അഞ്ചാറടി പോയപ്പോൾ മഹഷി പിന്നോക്കം വിളിച്ച് വീണ്ടും ഇങ്ങിനെ

പറഞ്ഞു—"ഓ! ഒരു കാര്യം മറന്നു. മുമ്പ് എനിക്കു അങ്ങുന്നു ദാനം ചെയ്തിട്ടുള്ള ദ്രവ്യം അങ്ങയുടെ കയ്യിൽ തന്നെ സൂക്ഷിപ്പാനേല്പിച്ചിരിക്കയാണല്ലോ. അതെവിടെ? അതു കൂടി തരാതെ ഞാൻ വിട്ടയയ്ക്കയില്ല"

ഈ ഘട്ടത്തിലാണു ഹരിശ്ചന്ദ്രന്റെ കാര്യം പരുങ്ങലായത്. രാജ്യവും ധനങ്ങളും കൊടുത്ത സ്ഥിതിക്കു ഇനിയൊരു കടപ്പാടുണ്ടാകുമെന്നദ്ദേഹം അശേഷം വിചാരിച്ചിരുന്നില്ല. അതുകൊണ്ടു കുണ്ഠിതഹൃദയനായി അദ്ദേഹം പറഞ്ഞു—"രാജ്യമെല്ലാം തന്ന സ്ഥിതിക്കു ധനം ഞാൻ എവിടെനിന്നുണ്ടാക്കും? അതുകൊണ്ടു ഈ കല്പന കുറെ സങ്കടമാണ്.

വിശ്വാ—ആരോടാണ് അങ്ങു പറയുന്നതെന്നാലോചിക്കണം. ബ്രാഹ്മണനാണ്, സാധുവാണ്, എന്നു കരുതി അസത്യം പറയുന്നുവോ? മുമ്പെനിക്കു യാഗം കഴിപ്പാനുള്ള ദ്രവ്യം തന്നതും ഞാനതവിടെത്തന്നെ ഏല്പിച്ചു പോന്നതും മറന്നുവോ?

ഹരി—(ലജ്ജയോടെ) അതു ശരിയാണ്. അതു ഞാൻ തൊട്ടിട്ടുമില്ല. രാജ്യാധികാരം അങ്ങേക്കു തന്നതിൽ അതും പെട്ടമല്ലോ.

വിശ്വാ— ഈ വാക്ക് ഒരു ന്യായവാദിക്കു ചേരുമെങ്കിലും ഒരു സത്യവാദിക്ക് അശേഷം ചേർന്നതല്ല. ഇതുകൊണ്ടൊന്നും അങ്ങയെ ഞാൻ വിട്ടയയ്ക്കുമെന്നു കരുതേണ്ട.

ഹരി—(ചിന്തയോടുകൂടി) എന്നാൽ ഒന്നു നിശ്ചയിക്കക. വല്ല ദിക്കിലും നടന്നു യാചിച്ച് അങ്ങയുടെ ധനം ഞാൻ സമ്പാദിച്ചുതരാം. അതിന്നു ഒരവധി നിശ്ചയിച്ചു തരണം.

വിശ്വാ—(പുച്ഛസ്വരത്തിൽ) അവധിയോ? അകിഞ്ചനനായ അങ്ങയെ ആരു വിശ്വസിക്കും? പിന്നെ സംഖ്യ തരുന്നതുവരെ പിന്നാലെ നടക്കാൻ ആരാണ്? അതുമല്ല, അവധി തരാമെന്നു വെച്ചാൽത്തന്നെയും അവധിക്കുള്ളിൽ തരുമെന്നുള്ളതിന്നു എന്താണു പ്രമാണം?

ഹരി—നിശ്ചയിക്കുന്ന അവധിക്കുള്ളിൽ ദ്രവ്യം തരാത്ത പക്ഷം, പാതിവ്രത്യം ലംഘിച്ചാലത്തെ ദോഷം ഞാനനുഭവിച്ചുകൊള്ളാം.

മഹർഷി അതു സമ്മതിച്ച് നാല്പത്തെട്ടു ദിവസത്തെ അവധി അനുവദിച്ചുകൊടുത്തു. ഹരിശ്ചന്ദ്രൻ 'തഥാസ്തു' എന്നു പറഞ്ഞ് പുറപ്പെടുകയും ചെയ്തു. ആ സമയത്ത് മഹർഷി പിന്നേയും വിളിച്ച് ഇങ്ങിനെ പറഞ്ഞു:—"ഹരിശ്ചന്ദ്രാ! അങ്ങ് എനിക്കു രാജ്യാധികാരം തന്നതു ശരി തന്നെ. എന്നാൽ ഞാൻ ഈ അധികാരവുംകൊണ്ടു നഗരത്തിൽ ചെന്നാൽ പ്രജകൾ സമ്മതിക്കാതെ വരുമോ? എനിക്കു രാജപട്ടം എങ്ങിനെ കിട്ടി എന്നവർ ചോദിച്ചാൽ ഞാനെന്തു പറയും? അതുകൊണ്ട് അങ്ങയും കൂടെ വന്ന് എന്നെ രാജാധികാരത്തിൽ വാഴിച്ച് എങ്ങോട്ടെങ്കിലും പൊയ്ക്കൊൾക"

## ഹരിശ്ചന്ദ്രൻെറ രാജ്യത്യാഗം.

ഹരിശ്ചന്ദ്രൻ അതുപ്രകാരം തന്നെ മഹർഷിയെ തേരിൽ കയററി പരിവാരങ്ങളോടുകൂടി കാൽനടയായി പോയി അയോദ്ധ്യാനഗരത്തിലെത്തി. മഹാരാജാവിൻെറ എഴുന്നള്ളത്തുണ്ടെന്നു കേട്ട് പുരവാസികളെല്ലാം എതിരേല്ക്കുവാനായി ചെന്നപ്പോൾ മഹാരാജാവിന്നു പകരം മഹർഷിയെയാണു രാജകീയരഥത്തിൽ കണ്ടത്. കൂടെ ഏററവും എളിയ ഭൃത്യന്മാരെക്കാൾ താണ നിലയിൽ തങ്ങളുടെ മഹാരാജാവിനേയും കണ്ടു. അദ്ദേഹത്തിൻെറ ഒരുമിച്ച് മഹാറാണിയും എളയ രാജാവും എളിയ വേഷത്തിൽത്തന്നെ കാണപ്പെട്ടു. ആളുകളെല്ലാം അമ്പരന്ന് "എന്തൊരാപത്താണ് നമ്മുടെ പൊന്നുതമ്പുരാന് പിണഞ്ഞതീശ്വരാ" എന്നു വിചാരിച്ച് ഏററവും വിഷാദത്തോടെ കരഞ്ഞുതുടങ്ങി. അപ്പോഴക്കം കേട്ടവർ കേട്ടവർ ഓടിവന്നുതുടങ്ങി. എത്രാനും നിമിഷങ്ങൾക്കുള്ളിൽ കോവിലകം മുഴുവൻ ജനങ്ങളെക്കൊണ്ടു നിറഞ്ഞു.

ഇതിനിടയിൽ ഹരിശ്ചന്ദ്രൻ വിശ്വാമിത്രനെ കൂട്ടിക്കൊണ്ട് രാജഗൃഹത്തിലെ ഭണ്ഡാരമുറി, തേവാരക്കെട്ട് മുതലായവയെല്ലാം ഓരോന്നോരോന്നായി കാണിച്ചുകൊടുത്ത് രാജസിംഹാസനം ഇരിക്കുന്ന ആസ്ഥാനമണ്ഡപത്തിലേക്കു അദ്ദേഹത്തെ നയിച്ചു. അവിടെ മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, പൌരപ്രമാണികൾ മുത

ലായവരെല്ലാം കൂടിയിരുന്നു. അവരെ സംബോധന ചെയ്തുംകൊണ്ട് ഹരിശ്ചന്ദ്രൻ ഇങ്ങിനെ പ്രസ്താവിച്ചു.

"ഞാൻ ഇപ്പോൾ കോസലത്തിലെ രാജാവല്ല. രാജ്യം ഇക്കാണുന്ന വിശ്വാമിത്രമഹർഷിക്ക് ദാനംചെയ്തിരിക്കുന്നു. ഇദ്ദേഹം മഹായോഗ്യനായ ഒരാളാണ്. എന്നെക്കാൾ സാമർത്ഥ്യത്തോടുകൂടിയും സുഖകരമായും രാജ്യപരിപാലനംചെയ്വാൻ ഇദ്ദേഹം ശക്തനാണ്. അതുകൊണ്ട് എന്റെ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും സൈനികന്മാരും പ്രജകളുമായിരുന്നവരെല്ലാം എന്നോടു കാണിച്ചിരുന്ന ഭക്തിബഹുമാനങ്ങൾ ഇന്നു മുതൽക്കു ഇദ്ദേഹത്തോടു പ്രദർശിപ്പിക്കേണ്ടതാണ്. നിങ്ങൾക്കു സർവ്വമംഗളങ്ങളും ഭവിക്കട്ടെ".

ഈ പ്രസംഗം കഴിഞ്ഞതിന്നു ശേഷം ഹരിശ്ചന്ദ്രൻ വിശ്വാമിത്രനെ സിംഹാസനത്തിന്മേൽ ഇരുത്തി ഹരിശ്ചന്ദ്രന്റെ പ്രസംഗം കേട്ടു സ്തബ്ധരായിത്തീർന്ന സഭാവാസികൾ ഒരക്ഷരവും മിണ്ടുവാൻ ശക്തരല്ലാതെ മുക്തകണ്ഠം വിലപിച്ചു തുടങ്ങി. അവരെയെല്ലാം ഹരിശ്ചന്ദ്രൻ സാന്ത്വനവാക്കുകൾ പറഞ്ഞു സമാധാനിപ്പിച്ചു. പ്രജകളുടെ ദുഃഖം കണ്ടിട്ട് കഠിനഹൃദയനായ വിശ്വാമിത്രൻ ഇതു തന്നെ തരം എന്നു കരുതി ഇങ്ങിനെ പറഞ്ഞു. "പ്രജകൾ കേൾക്കുന്നം. എനിക്കീരാജ്യം വേണമെന്നില്ല. എന്റെ പുത്രിമാരെ ഹരിശ്ചന്ദ്രൻ സ്വീകരിച്ചാൽ മതി. അദ്ദേഹത്തിന്നു നിങ്ങളെ സ്നേഹമുണ്ടെങ്കിൽ അദ്ദേഹം അവരെ പരിഗ്രഹിച്ച് നി

ങ്ങളുടെ രാജാവായിത്തന്നെ വാഴട്ടെ.” ഇങ്ങിനെ പറയുന്ന മഹർഷിയോട് “അതു ഞാൻ ഒരു കാലത്തും ചെയ്കയില്ല. അവർ ചണ്ഡാലികളാണ്” എന്നിങ്ങിനെ ഹരിശ്ചന്ദ്രൻ ഉറപ്പായി പറഞ്ഞു.

അനന്തരം ഹരിശ്ചന്ദ്രൻ ചന്ദ്രമതിയോടും ലോഹിതാക്ഷനോടുംകൂടി മഹർഷിയെ നമസ്കരിച്ച് ഉടൻ തന്നെ അവിടെനിന്നു പോയി. വ്യസനാത്തന്മാരായി പിന്നാലെ പോയ പ്രജകളെയെല്ലാം പല തരത്താലുപദേശങ്ങളും ചെയ്ത് അദ്ദേഹം മടക്കി അയച്ചു. വിശ്വാമിത്രൻ സിംഹാസനസ്ഥനായി രാജ്യഭാരവും തുടങ്ങി. രാജധാനിയും രാജ്യവുമെല്ലാം ബ്രഹ്മചര്യാശ്രമത്തോടും സന്ന്യാസാശ്രമത്തോടും ഇടകലർന്ന ഒരു നിലയിൽ വേദോച്ചാരണഘോഷംകൊണ്ടും ശാസ്ത്രപാഠകോലാഹലംകൊണ്ടും മുഴങ്ങി. കസ്തൂരി, കുങ്കുമം, മുതലായ സുഗന്ധവസ്തുക്കളുടെ സ്ഥാനത്തു ദർഭയും ചമതയും കടന്നുകൂടി. രാജ്യത്തെ മട്ട് ആകപ്പാടെ ഒന്നുമാറി.

## അഞ്ചാമദ്ധ്യായം.

### ഹരിശ്ചന്ദ്രന്റെ യാത്ര.

ഹരിശ്ചന്ദ്രൻ തന്റെ ധർമ്മപത്നിയോടും പുത്രനോടുംകൂടി യാതൊരു സങ്കേതചിന്തയും കൂടാതെ പോയി, അയോദ്ധ്യാനഗരത്തിന്റെ കിടങ്ങായ സരയൂനദി

യുടെ തീരത്തിൽ എത്തി, ദേഹശുദ്ധി ചെയ്തു വെള്ളം കുടിച്ചു് തളൎച്ച്തീൎത്തു്, നദിയുടെ മറുകരയിൽ ചെന്നുചേൎന്നു. അപ്പോഴേക്കു് നേരം അസ്തമയമായി. ഹരിശ്ചന്ദ്രന്നു വന്നിരിക്കുന്ന ആപത്തു കണ്ടു സഹിക്കുവാൻ സാധിക്കയില്ലെന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറു് അദ്ദേഹത്തിന്റെ കുലകൂടസ്ഥനായ സൂൎയ്യഭഗവാൻ മറഞ്ഞപ്പോൾ, അദ്ദേഹം സന്ധ്യാവന്ദനം ചെയ്തു് ആ മണ്ണൽപ്രദേശത്തു തന്നെ ആ രാത്രി കഴിച്ചുകൂട്ടുവാൻ നിശ്ചയിച്ചു. അപ്പോഴേക്കു് അദ്ദേഹത്തിന്റെ മന്ത്രിമാരായ സത്യകീൎത്തി മുതലായവരും അനവധി സാമന്തന്മാരും വ്യസനം സഹിക്കാതെ അവിടെ വന്നുചേൎന്നു. ഇവരുടെ സംഭാഷണം എന്താണെന്നറിവാനായി വിശ്വാമിത്രനും ആരുമറിയാതെ ഉപായത്തിൽ വന്നു് അവിടെ അടുത്തുള്ള ഒരു ചോലയിൽ ഇരുന്നു.

മന്ത്രിമാർ പറഞ്ഞു:—"തിരുമേനി ഇനി എന്നാണു് തിരികെ എഴുന്നെള്ളുക? നിൻതിരുവടിയോടുകൂടാതെ ഞങ്ങൾ എങ്ങിനെ പൊറുക്കുന്നു? ഞങ്ങളുടെ പ്രിയപ്പെട്ട മഹാറാണിയും കൊച്ചുതമ്പുരാനും, ഈശ്വരാ! എന്തൊരാപത്താണു് സംഭവിച്ചതു്." ഇതു കേട്ടു ഹരിശ്ചന്ദ്രൻ പറഞ്ഞു:—"നിങ്ങളാരും വ്യസനിക്കാതെ സുഖമായിരിക്കുവിൻ! രാജ്യം മഹൎഷിക്കു ദാനം ചെയ്തതുകൊണ്ടു ഞാനിനി ഇങ്ങോട്ടു വരേണ്ട ആവശ്യമില്ല. ഓരോ കാലത്തെ സുഖദുഃഖാനുഭവങ്ങൾ ദൈവികമായി സംഭവിക്കുന്നതാണു്. അതു വിചാരിച്ചു സന്തോഷിക്കയോ സന്തപിക്കയോ ചെയ്യുന്നതു മൂഢത്വമാണു്."

മന്ത്രിമാർ — തിന്തിരുവടി അടിയങ്ങളെ ഉപേക്ഷിക്കരുത്. കഠിനഹൃദയനായ വിശ്വാമിത്രൻ ആദി മുതൽക്കുതന്നെ കപടമാണു ചെയ്തത്. ഇവിടുത്തെ എങ്ങിനെയെങ്കിലും ദ്രോഹിക്കേണമെന്നാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. അതുകൊണ്ട് ആ താടിക്കാരന്റെ യോഗദണ്ഡമാകുന്ന ചെങ്കോലിൻ കീഴിൽ ഞങ്ങൾ ഇരിക്കുകയില്ല. അതിൽ ഭേദം തീയിൽ ചാടി ദേഹത്യാഗം ചെയ്കയാണ്. അതുകൊണ്ട് അടിയങ്ങൾ ആ കൃത്രിമക്ഷത്രിയനെ കയ്യും കാലും കെട്ടി രാജ്യത്തുനിന്നു പുറത്താക്കുന്നുണ്ട്. തിന്തിരുവടിതന്നെ രാജ്യം വാഴണം.

ഹരി: — (ചെവി പൊത്തിക്കൊണ്ട്) ശിവശിവ! ഇനിയൊന്നും കേൾക്കേണ്ട. മഹാത്മാവായ മഹർഷിയെ ഇങ്ങിനെ പറഞ്ഞാൽ നാമ് മുഴുത്തുപോകും. അതൊന്നും വിചാരിക്കരുത്. ഞാൻ മഹർഷിക്കു ദാനം ചെയ്ത രാജ്യത്തെ തിരിയെ എടുത്ത് 'ദത്താപഹാര'മെന്ന മഹാപാപം അനുഭവിക്കണമെന്നു പറയുന്ന നിങ്ങൾ മഹർഷിയേക്കാൾ തുലോം കാഠിന്യംകൂടിയവരാണ്. നിങ്ങൾ ഈവക വാക്കുകളൊന്നും എന്നോടു പറയേണ്ട. മരണം തന്നെ വന്നാലും അധർമ്മം ഞാൻ ചെയ്കയില്ല.

<u>വീണ്ടും വിശ്വാമിത്രൻ — ശുക്രനെക്കൂട്ടി അയച്ചത്.</u>

---

സംഭാഷണം ഇത്രത്തോളമായപ്പോൾ, ചോലയിൽമറഞ്ഞിരിക്കുന്ന മഹാമുനി ഇങ്ങിനെ വിചാരിച്ചു-

"ഞാൻ എന്തെല്ലാം പറഞ്ഞുനോക്കിയിട്ടും ഇദ്ദേഹത്തോടു പററിയില്ല. പറവമെന്നും തോന്നുന്നില്ല. ഇനയാഗദ്രവ്യത്തിൻെറ കാൎയ്യത്തിൽ ഒന്നുകൂടി ശ്രമിക്കുകയല്ലാതെ എന്തു ചെയ്യട്ടേ" എന്നു വിചാരിച്ച് പെട്ടന്ന് അവിടെ പ്രത്യക്ഷമായി ഹരിശ്ചന്ദ്രനോടു പറഞ്ഞു. "നീ എന്നോടു വളരെയൊക്കെ പിടിച്ചുനോക്കി. ഇനിയും ദുരാലോചന മതിയാക്കിയില്ല അല്ലേ? നീയും മന്ത്രിമാരുംകൂടി എന്നെ ദ്രോഹിപ്പാനുള്ള ഉപായം ആലോചിക്കുകയാണെന്നു മനസ്സിലായി. അതുകൊണ്ട്, ഹേ ഹരിശ്ചന്ദ്രാ! ഇവരിൽനിന്നു നമുക്കു വല്ല ഉപദ്രവവും സംഭവിക്കുന്നതായാൽ അതു നീ തന്നെ നമ്മോടു ചെയ്തതായി വിചാരിക്കുന്നതാണ്."

ഹരി:—(സംഭ്രമത്തോടെ) തിന്തിരുവടി സൎവ്വജ്ഞനാണല്ലോ. എൻെറ ഹൃദയത്തിൽ വല്ല കന്മഷവും ഉണ്ടെങ്കിൽ അതു ഇവിടുന്നറിയാതിരിമോ? ഞാനിവിടേക്കു നിഷ്കപടമായ ശ്രദ്ധയോടുകൂടി നൽകിയ രാജ്യത്തു യാതൊരുവിധത്തിലുള്ള ഉപദ്രവങ്ങളും ഇവിടേക്കുണ്ടാവില്ല. അവിടവകികളായ പ്രജകളാരെങ്കിലും കഥയില്ലാതെ വല്ലതും പറഞ്ഞാൽ ആയതു ക്ഷമാശീലനായ ഇവിടുന്നു ക്ഷമിക്കണം.

വിശ്വാ:—ഇരിക്കട്ടെ. ഒരിക്കൽ പരീക്ഷിച്ചുനോക്കാം. അല്ലെങ്കിൽ എനിക്കീ രാജ്യത്തിൽ വലിയ മോഹമൊന്നുമില്ല. അങ്ങയ്ക്കു മോഹമുണ്ടെങ്കിൽ രാജ്യം അങ്ങുതന്നെ വഹിച്ചുകൊള്ളുക.

ഹരി:— അതു ഞാൻ ഒരു കാലത്തും ചെയ്കയില്ല. രാജ്യം തിരിയെ വാങ്ങുക, ചണ്ഡാലികളെ പരിഗ്രഹിക്കുക എന്നീ രണ്ടു കൂട്ടവും അവിടുന്നെന്നോട് ചെയ്വാൻ പറയരുത്.

വിശ്വാ:— എന്നാൽ വേണ്ട. എന്റെ യാഗദ്രവ്യം തരുന്നതുവരെ എന്റെ സ്വന്തം ആളായ ശുക്രനെ ഞാൻ അങ്ങയുടെ കൂടെ അയയ്ക്കാം.

എന്നു പറഞ്ഞ് മഹർഷി ശുക്രനെ വിളിച്ചു ചില സ്വകാര്യോപദേശങ്ങളെല്ലാം ചെയ്ത് അയാളെ ഹരിശ്ചന്ദ്രന്റെ ഒരുമിച്ചാക്കി അവിടെനിന്നു പോയി. മഹർഷി ചെയ്ത സ്വകാര്യോപദേശം എന്തായിരുന്നുവെന്നു നമുക്കു വഴിയെ അറിയാം.

## സത്യകീർത്തി കൂടെ പോയത്.

അനന്തരം മന്ത്രിമാരും സാമന്തന്മാരും "ഇനി ഇവിടെ നിന്നിട്ടു ഫലമില്ല" എന്നു വിചാരിച്ച് ഹരിശ്ചന്ദ്രനോടു യാത്രയും പറഞ്ഞ് ഏററവും വ്യസനത്തോടെ തിരികെ പോയി. പ്രധാനമന്ത്രിയായ സത്യകീർത്തിയാകട്ടെ പ്രഭാതത്തിൽ ഹരിശ്ചന്ദ്രൻ പോകാൻ പുറപ്പെട്ടപ്പോൾ "ഇവിടുന്നു രാജ്യത്തിലേക്കില്ലെങ്കിൽ അടിയനും ഇല്ല" എന്നു പറഞ്ഞ് അവിടെത്തന്നെ കൂടി.

ഹരി:—സത്യകീർത്തി, ഭവാൻ ഈ പറയുന്നതെന്താണ്? ഭവാനോടു കൂടാതെ രാജ്യകാര്യങ്ങൾ എങ്ങിനെ നടക്കും? മഹർഷിക്കു രാജ്യകാര്യങ്ങളിൽ വലിയ

പരിചയമുണ്ടായിരിക്കയില്ല. അതുകൊണ്ട് അദ്ദേഹത്തിന്നു ഭവാന്റെ സാഹായ്യം അപരിഹരണീയമാണ്. ആകയാൽ ഭവാൻ എന്റെ കൂടെ പോരേണ്ട.

സത്യ:—(വ്യസനത്തോടെ) ഇതേവരെയും അടിയൻ ഇവിടത്തെ കല്പന കേട്ടും ഇവിടത്തെ ശുശ്രൂഷിച്ചും ഇവിടത്തെ ചോറുണ്ടും ആണ് ജീവിച്ചത്. ഇപ്പോൾ കാലദോഷംകൊണ്ട് ഇങ്ങിനെയൊക്കെ സംഭവിച്ചു. ഇങ്ങിനെയുള്ള ആപൽഘട്ടത്തിലും ഇയ്യുള്ളവന്റെ സേവാവ്രതം തെറ്റിക്കാതെ കഴിപ്പാൻ അനുവദിക്കണം. മറ്റൊന്നുമില്ലെങ്കിൽ ദുർഗ്ഗമമായ ഈ വനാന്തരത്തിൽ കൊച്ചുതമ്പുരാനെ എടുക്കാനെങ്കിലും അടിയൻ ഉപകരിക്കും.

ഹരി:—കാര്യജ്ഞാനമുള്ള ഭവാൻ ഇങ്ങിനെ പറയുന്നതെന്താണ്? എന്റെ കൂടെ വരുന്നതിന്നും രാജ്യപരിപാലനം ചെയ്യുന്നതിന്നും തമ്മിലുള്ള അന്തരം ആലോചിച്ചുനോക്കൂ!

സത്യ:—ഇതേവരെ നിന്തിരുവടി സ്വന്തം കുടുംബത്തിലെ ഒരുവനെപ്പോലെ അടിയനേയും കരുതിവന്നു. ഇപ്പോൾ അടിയനെ ഒരന്യനായി കരുതുന്നതു സങ്കടമാണ്. എങ്ങോട്ടായാലും അടിയനെക്കൂടി കൊണ്ടുപോകണം.

എന്നു പറഞ്ഞു സത്യകീർത്തി ഹരിശ്ചന്ദ്രന്റെ കാക്കൽ വീണു. ഒരു നിവൃത്തിയുമില്ലെന്നു കണ്ടപ്പോൾ ഹ

രിശ്ചന്ദ്രൻ അദ്ദേഹത്തെ തന്റെ ഒരുമിച്ചു പോരുവാൻ അനുവദിച്ചു. പിന്നെ ഹരിശ്ചന്ദ്രൻ മുമ്പിൽ ശുക്രനും പിമ്പിൽ സത്യകീർത്തിയുമായി, ഭാര്യാപുത്രന്മാരോടുകൂടി പുറപ്പെട്ടു് നാട്ടുപ്രദേശം വിട്ടു് ഒരു മഹാരണ്യത്തിൽ ചെന്നുചേന്നു.

കാട്ടിലെ കഷ്ടാനുഭവങ്ങൾ.

അവിടത്തെ അവസ്ഥ ഏററവും ദുഃഖപ്രദമായിരുന്നു. "അടിമുതൽ മുടിയോളം ചുട്ടു പൊട്ടുന്ന വെയിലിൽ" പെട്ടു് അവക്കു പാദസഞ്ചാരം വളരെ ഉപദ്രവകരമായി തോന്നി. അതേവരെയും പാദചാരം ശീലിച്ചിട്ടില്ലാത്ത കോമളാംഗിയായ ചന്ദ്രമതി തലയും ദേഹവും വിയത്തൊലിച്ചും കാൽ ചുട്ടുനീറിയും വല്ലാതെ സങ്കടപ്പെട്ടു. കുമാരനായ ലോഹിതാക്ഷന്റെ കാൽ കുഴഞ്ഞുതുടങ്ങിയപ്പോൾ സത്യകീർത്തി അദ്ദേഹത്തെ ചുമലിൽ എടുത്തു.

ഹരിശ്ചന്ദ്രൻ — (ചന്ദ്രമതിയോടു്) പ്രിയേ! ഈ കടുംവെയിലത്തു ഭവതിയുടെ അവസ്ഥ കണ്ടു് എന്റെ ഹൃദയത്തിലുണ്ടാകുന്ന ചൂടാണു് എനിക്കിപ്പോൾ സഹിക്കാൻ വഹിയാത്തതു്. എന്റെ തലയിലെഴുത്തു് ഇങ്ങിനെയായല്ലൊ. വളരെ ദൂരം നോക്കിയാൽ എങ്ങും ഒരു തണൽപോലും കാണുന്നില്ല. ഭവതിയെ ഞാൻ അല്പം എടുക്കണമോ?

ചന്ദ്രമതി — അങ്ങയുടെ ഒരു ഭാര്യയായ രാജലക്ഷ്മിയെ വഹിപ്പാൻ പ്രയാസമാണെന്നു കണ്ടു് അവളെ ഒരു

വൃദ്ധതാപസന്നു ദാനംചെയ്തു അടുദസ്സു മറെറാരുത്തിയായ എന്നെ എടുക്കാൻ സാധിക്കുമോ? അതു സാദ്ധ്യമാണെങ്കിൽക്കൂടിയും ഉചിതമല്ല. എത്ര കഷ്ടപ്പെട്ടാലും ഞാൻതന്നെ പതുക്കെ നടന്നുകൊള്ളാം.

ഹരിശ്ചന്ദ്രൻ ചന്ദ്രമതിയുടെ ഭർത്തൃഭക്തിയെ അഭിനന്ദിച്ചു. അങ്ങിനെ കുറെവഴിപോയപ്പോൾ വിശ്വാമിത്രൻെറ മന്ത്രശക്തികൊണ്ടു വന്നെത്തിയ തേളുകൾ, കടന്നിലുകൾ മുതലായ ദുഷ്ടപ്രാണികൾ വഴിയിലെല്ലാം നിറഞ്ഞതായി കണ്ടു. അവററയുടെ കടി ഒരുവിധം സഹിച്ചുംകൊണ്ടു നടന്നപ്പോൾ ചില വൃക്ഷങ്ങൾ കാണപ്പെട്ടു. "ഒറ്റവൂ! ഇനി ഈ തണലത്തു കുറെ നേരം ഇരിക്കാം" എന്നു പറഞ്ഞ് അവിടെ ചെല്ലുമ്പോളുണ്ട് അതി ക്രൂരൻ പാമ്പുകൾ കടിപ്പാനായി ചീറിയടുക്കുന്നു. അതും വിശ്വാമിത്രൻെറ ആഭിചാരശക്തികൊണ്ടുണ്ടായതായിരുന്നു. "പാപി ചെല്ലുന്നിടമെല്ലാം പാതാളം തന്നെ" എന്നു പറഞ്ഞ് കുറെ ദീർഘശ്വാസം വിട്ടുംകൊണ്ട് അവർ പിന്നേയും നടന്നു. ഇങ്ങിനെ നാനാതരത്തിലുള്ള നരകങ്ങൾ അനുഭവിച്ചുംകൊണ്ട് അവർ ഒരുവിധത്തിൽ ആ വനാന്തരം കടന്നു ഗോമതീനദിക്കരയിൽ എത്തി.

<u>ശുക്രനും ഹരിശ്ചന്ദ്രനും.</u>

അവർ ആ നദിയിൽ കുളിച്ചു സന്ധ്യാവന്ദനം ചെയ്തു ശ്രമഹരമായ നദീജലത്തെ തൃപ്തിയാവോളം കുടിച്ചു നദീസൈകതത്തിൽത്തന്നെ ഇരുന്നു വിശ്രമിച്ചു.

അപ്പോഴേയ്ക്കും സത്യകീത്തി നദീതീരത്തിലുള്ള കാട്ടിൽ പോയി ഫലമൂലാദികൾ കൊണ്ടുവന്നു സ്വാമിയുടെ മുമ്പിൽ വെച്ചു. ഹരിശ്ചന്ദ്രൻ അവയിൽനിന്നു നല്ലവയെല്ലാം തിരഞ്ഞെടുത്ത് ശുക്രമുനിക്കു ഭക്ഷിക്കുവാൻ കൊടുത്തു.

ശുക്രൻ—(കോപത്തോടുകൂടി) എനിക്കിതൊന്നും വേണ്ട. കാട്ടാളന്റെ മാതിരിയിൽ ഇത്തരം കായ്കനികളല്ലാ എനിക്കു വിശ്വാമിത്രൻ നിശ്ചയിച്ചിട്ടുള്ളത്. പാലും നെയ്യും ചേൎന്നതായ ആഹാരമേ എനിക്കു വേണ്ടു. മഹഷിയുടെ പണം പിരിക്കുവാനായി അങ്ങയുടെ പിന്നാലെ നടന്നു നടന്ന് എന്റെ കാൽ തേഞ്ഞു കഴിഞ്ഞു. ഇനി ഇതു പ്രയാസമാണ്. ഒന്നുകിൽ പണം തരണം. ഇല്ലെങ്കിൽ തരില്ലെന്നു പറയണം. രണ്ടിലൊന്നു ചെയ്താൽ ഞാൻ പോയേയ്ക്കാം.

ഹരി—അങ്ങ് ഇത്ര ദയയില്ലാതെ സംസാരിക്കരുത്. എന്റെ അവസ്ഥ അങ്ങേയ്ക്കറിവില്ലേ? പട്ടണത്തിൽനിന്നു പോന്നിട്ട് ഇതേവരെയും കാട്ടിൽ കിടന്നു കഷ്ടപ്പെടുകയല്ലേ ചെയ്തത്. നാട്ടുപുറങ്ങളിൽ ചെന്നാൽ ആരോടെങ്കിലും യാചിച്ച് ദ്രവ്യം ഉണ്ടാക്കാൻ നോക്കാം. അതുവരെ ക്ഷമിക്കണം. തല്ക്കാലം എന്റെ ദയനീയസ്ഥിതി വിചാരിച്ച് ഈ ഫലമൂലങ്ങളെക്കൊണ്ടു തൃപ്തിപ്പെടണം. തൃപ്തിയാണ് ബ്രാഹ്മണരുടെ ഉത്തമധൎമ്മം.

ചന്ദ്രമതി—നിന്തിരുവടിയുടെ മനസ്സും വിശ്വാമിത്രമഹഷിയുടെ മനസ്സുപോലെ കഠിനമാണോ? ഈ സ്ഥ

ലത്ത് ഈ സമയത്ത് ആയ്യപുത്രൻ പാലും നെയ്യും കൂടിയ ഭക്ഷണം എങ്ങിനെയാണ് തരുന്നത്? •

വിശ്വാമിത്രന്റെ സ്വകാര്യോപദേശമനുസരിച്ച് ശാഠ്യംപിടിച്ച ശുക്രന്ന ചന്ദ്രമതിയുടെ ഗൽഗദസ്വരത്തിലുള്ള വാക്ക കേട്ടപ്പോൾ തെല്ലൊരു ദയതോന്നി അദ്ദേഹം ആ ഫലമൂലങ്ങളെ ഭക്ഷിച്ചു വിശപ്പടക്കി. അനന്തരം കുമാരനായ ലോഹിതാക്ഷനും ഹരിശ്ചന്ദ്രന്നും ചന്ദ്രമതി കാച്ഛനികൾ കൊടുത്തു. ഭത്താവിന്റെ ഉച്ഛിഷ്ടം താനും ഭക്ഷിക്കയും ബാക്കിയുള്ളതു സത്യകീത്തിക്ക കൊടുക്കുകയും ചെയ്തു. ആ ഭക്ഷണം എല്ലാവക്കും വളരെ തൃപ്തികരമായി തോന്നി. ഭക്ഷണം കഴിഞ്ഞപ്പോൾ എല്ലാവരും വല്ലാതെ തളന്നു കറെ കിടന്നു. കിടന്ന ഉടനെതന്നെ ലോഹിതാക്ഷൻ ഗാഢനിദ്രയ്ക്ക് അധീനനായി. ഉണ്ണിയുടെ കിടപ്പുകണ്ട് അച്ഛനും അമ്മയും വളരെ വ്യസനിച്ചു കരഞ്ഞുകൊണ്ട്,

"ഗോമതീതീരേമണലാകുംമെത്തയിൽനീയെ
ന്നോമനേ! ശയിക്കമാറായിതാകുമാരക!
ഉണ്ണി! നീവിഷണ്ണനായ്മണ്ണിലീവണ്ണംകിട-
ന്നീടുമെന്നല്പംപോലുംഞാൻനിനച്ചില്ല"

എന്നിങ്ങിനെ വളരെ വിലപിച്ചു. അല്പനേരത്തിനുള്ളിൽ എല്ലാവരും നിദ്രാധീനരായിത്തീന്നു.

**മായാവഷം.**

നേരം നല്ല നിറഞ്ഞ പാതിര. കൂരാക്കൂരിരുട്ട്. എങ്ങുനിന്നും ഒരു ഒച്ചയും അനക്കവുംകൂടി കേൾക്കുന്നില്ല.

ഇങ്ങിനെയുള്ള ഭയങ്കരസമയത്ത് വിശ്വാമിത്രന്റെ മായാബലത്താൽ ആകാശം കാർമേഘപടലങ്ങളാൽ ആവൃതമായി അതികഠിനമായ ഇടിയും കാററും മിന്നലും പെരുമഴയും തുടങ്ങി. അതിനിടയിൽ ഉറങ്ങുന്നവരെല്ലാം ഞെട്ടി ഉണൎന്നവശരായി. "ഇത് കുന്നിന്മേൽ കരുപോലെ ആയല്ലോ" എന്നു വിചാരിച്ച് ഹരിശ്ചന്ദ്രൻ ദുഃഖാതുരനായി ശുക്രനോടു പറഞ്ഞു:—"മുനിസത്തമ! ഈ മഴയത്ത് നമ്മൾ എന്താണു ചെയ്യുക? മഴ തോൎന്നാൽ നദിയിൽ വെള്ളം നിറഞ്ഞ് അക്കരെ കടപ്പാൻ നിവൃത്തിയില്ലാതെ വരുന്നാക്കാം. അതുകൊണ്ടു കുറെ അധികം ബുദ്ധിമുട്ടിയിട്ടെങ്കിലും അക്കരെ പററുകയല്ലേ നല്ലത്" ഇതു കേട്ട് മഹൎഷി, വിശ്വാമിത്രന്റെ ഉപദേശമനുസരിച്ച് കുറെ പരുഷസ്വരത്തിൽ പറഞ്ഞു—"അങ്ങ് ഇങ്ങിനെ കഷ്ടപ്പെടുന്നത് വിധിവിഹിതമാണ്. എന്നാൽ ഒന്നുമറിയാത്ത ഞാൻ എന്തിനു കഷ്ടപ്പെടുന്നു! മഹൎഷിയുടെ ദ്രവ്യം തരിക. എന്നാൽ എനിക്കു പോകാം. അതില്ലാതെ നിങ്ങൾ പോകുന്ന ദിക്കിലെല്ലാം എന്നെയും എഴുന്നള്ളിക്കണമെന്നുണ്ടോ? ഇങ്ങിനെയൊക്കെ ക്ലേശിക്കുവാൻ ഞാനാരാണ്?" ഈ വിധം പറയുന്ന മഹൎഷിയോട് ഹരിശ്ചന്ദ്രൻ വളരെ ശാന്തതയോടുകൂടി ക്ഷമാപണസ്വരത്തിൽ പലതും പറഞ്ഞ് അദ്ദേഹത്തെ സമാധാനിപ്പിച്ച് അവിടെനിന്നു പോയി. ആ കൂരിരുട്ടത്ത്, മിന്നൽവെളിച്ചത്തിന്റെ സഹായത്തിൽ അവർ യാത്രചെയ്തു. ഹരി

ശ്ചന്ദ്രൻ ചന്ദ്രമതിയുടെ കൈ പിടിച്ചും സത്യകീത്തി കുമാരനെ ചുമലിൽ എടുത്തും വല്ലാതെ തപ്പിത്തടഞ്ഞ് അതിക്ലേശത്തോടുകൂടി പുഴ കടന്ന് ഒരു മാത്തിന്റെ ചുവട്ടിൽ എത്തിച്ചേൎന്നു.

ഭൂതങ്ങൾ.

അപ്പോഴത്തെ അവസ്ഥ വിചാരിച്ചാൽ അതേവരെ അനുഭവിച്ചതെല്ലാം വളരെ സുഖമാണെന്നു വേണം പറയുവാൻ. വിശ്വാമിത്രന്റെ ആഭിചാരമൂത്തികളായ അനേകം ഭൂതപ്രേതപിശാചങ്ങൾ ഭയങ്കരമായ ആകൃതിയോടും അട്ടഹാസത്തോടുംകൂടി അവരെ പിടിച്ചു വിഴുങ്ങുവാനായി പുറപ്പെട്ടു. ഈ കുട്ടിയെ തിന്നാൽ മതി എന്നു ചിലർ. ഞങ്ങൾ ഈ സ്ത്രീയുടെ ദേഹം തിന്നണമെന്നു മറ്റു ചിലർ. ഈ രാജാവിനെത്തന്നെ തിന്നേ ഞങ്ങൾക്കു മതിയാവൂ എന്നു വേറെ ചിലർ. ഈ ഘട്ടത്തിൽ ഹരിശ്ചന്ദ്രൻ "ഇങ്ങിനെയുള്ള നരകം അനുഭവിക്കുന്നതിൽ ഭേദം മരണം തന്നെ" എന്നുറച്ച്, മൃത്യുദേവന്റെ മൂത്തികളായ ആ ഭൂതങ്ങളോട് പറഞ്ഞു— "തരക്കേടില്ല. നിങ്ങൾ വിശ്വാമിത്രനാൽ അയയ്ക്കപ്പെട്ടവരാണെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടു നിങ്ങൾക്കു ഞങ്ങളെ പിടിച്ചുതിന്നണമെങ്കിൽ തിന്നുന്നതു സമ്മതമാണ്" ഇങ്ങിനെ പറഞ്ഞതു കേട്ടപ്പോൾ അവ "ഭയപ്പെടുത്തണമെന്നല്ലാതെ കൊല്ലണമെന്നു മഹഷി പറഞ്ഞിട്ടില്ലല്ലൊ" എന്നു വിചാരിച്ച് വന്നവഴിക്കുതന്നെ കഴിഞ്ഞുപോയി.

അപ്പോഴക്കും നേരം പ്രഭാതമായി. മഴയും തോന്നു. ഹരിശ്ചന്ദ്രൻ തൻെറ യാത്രയെ വീണ്ടും തുടൎന്നു. അനേകം കാടുകളും തോടുകളും പാടങ്ങളും കടന്നു വളരെ ക്ഷീണിച്ചു സൂൎയ്യാസ്തമയത്തോടുകൂടെ അവർ ഗംഗാനദീതീരത്തിൽ എത്തി. പരിശുദ്ധമായ ഗംഗാജലത്തിൽ കുളിച്ചു സന്ധ്യാവന്ദനം ചെയ്തു അതിൻെറ തീരത്തിലുള്ള ഒരു ചെറുകാട്ടിൽക്കൂടെ ഒഴുകുന്ന ഒരു ചോലയിൽ ചെന്നു ആ രാത്രി അവിടെ കഴിച്ചുകൂട്ടുവാനുറച്ചു. അവിടേയും വിശ്വാമിത്രപ്രയുക്തങ്ങളായ അനേകം ദുഷ്ടമൃഗങ്ങൾ വരുകയും പിളൎന്നു ഹരിശ്ചന്ദ്രനെ സംഹരിപ്പാനായി വന്നെത്തി. എങ്കിലും അവ അദ്ദേഹത്തിൻെറ ധൈൎയ്യാതിശയവും അപ്രധൃഷ്യമായ തേജസ്സും കണ്ടു ഭയപ്പെട്ടു വന്ന വഴിയെ മടങ്ങിപ്പോകയാണുണ്ടായതു. അതുകണ്ടു ശുക്രൻ ആശ്ചൎയ്യഭരിതനായിട്ടു മഹൎഷിയുടെ ഉപദേശമനുസരിച്ചു ഒരു സൂത്രം പ്രയോഗിച്ചു.

ശുക്രൻ—ഹേ രാജാവേ, ഞാൻ പറയുന്നതു കേൾക്കുക. എത്രവളരെ കഷ്ടങ്ങളായി അങ്ങു അനുഭവിക്കുന്നു! ഇനിയെങ്കിലും ഇതിന്നൊരു നിവൃത്തിമാൎഗ്ഗം തേടുക. ആപത്തു വരുമ്പോൾ സമയോചിതംപോലെ പ്രവൎത്തിക്കണം. ഒന്നോ രണ്ടൊ വാക്കുകൊണ്ടു അങ്ങയുടെ നഷ്ടമായ രാജ്യം തിരികെ കിട്ടും. മഹൎഷിക്കു രാജ്യംകൊടുത്തതു മനസ്സോടുകൂടിയല്ലെന്നും, വാഗ്ദത്താചെയ്ത ദ്രവ്യം തരികയില്ലെന്നും പറഞ്ഞാൽ മ

തി. എന്നാൽ അങ്ങയുടെ രാജ്യം തിരികെ തരുവി
ക്കാമെന്നു ഞാനേല്ക്കാം. അങ്ങയുടെ കഷ്ടപ്പാടു ക
ണ്ടു് എനിക്കു വലിയ സന്താപം തോന്നുന്നു.

ഹരിശ്ച—(ചിരിച്ചുംകൊണ്ടു്) അങ്ങെന്താണു പറയു
ന്നതു്. വേദശാസ്ത്രജ്ഞനായ അങ്ങു് ധമ്മവിരോധം
ചെയ്യാനുപദേശിക്കാമോ? സത്യമാണു് സവ്വോൽകൃ
ഷ്ടമായ ധമ്മം. ദയ, തപസ്സ്, ശൌചം മുതലായി
അനേകം ഗുണങ്ങളുണ്ടെങ്കിലും സത്യമൊന്നില്ലെ
ങ്കിൽ മറെറല്ലാം നിഷ്ഫലമാണു്. അതുകൊണ്ടു് ഞാ
നും ഭാൎയ്യയും പുത്രനും ഈ കാട്ടിൽ കിടന്നു മരിച്ചു
പോകുമെന്നു വന്നാൽക്കൂടിയും അസത്യം ഞാൻ പ
റകയില്ല.

ശുക്രനു ഹരിശ്ചന്ദ്രന്റെ സത്യനിഷ്ഠകണ്ടു് ഏററ
വും ബഹുമാനം തോന്നി. എങ്കിലും വിശ്വാമിത്രന്റെ
ആജ്ഞയനുസരിച്ചു് അതു പുറമെ കാണിച്ചില്ല. സ
ത്യത്തെപ്പററിയ സംഭാഷണംകൊണ്ടുതന്നെ ആ രാ
ത്രി അവസാനിച്ചു. സൂൎയ്യോദയത്തോടുകൂടി പിന്നേ
യും യാത്രയെ തുടന്നു. പിന്നത്തെ വഴി സിംഹവ്യാഘ്ര
വൃകാദികളായ മൃഗങ്ങളെക്കൊണ്ടു നിബിഡമായ ഒരു
വനത്തിൽ കൂടിയായിരുന്നു. അവിടേയും വിശ്വാമിത്ര
ന്റെ മായകൊണ്ടു് കുറെ ഭയം തോന്നിയെങ്കിലും അ
തു സാരമാക്കാതെ ഹരിശ്ചന്ദ്രനും കൂട്ടരും കാളിന്ദീനദി
യിൽ എത്തിച്ചേന്നു.

## പിന്നേയും വിശ്വാമിത്രൻ.

ഈ സമയത്ത് വിശ്വാമിത്രൻ തന്റെ ഉപായങ്ങളൊന്നും ഫലിക്കാത്തതിൽ വിഷാദിച്ചുംകൊണ്ട് "എന്തായാലും ഒരു കൈകൂടി നോക്കുകതന്നെ" എന്നുറച്ച് അചിന്തിതമായ നിലയിൽ ഹരിശ്ചന്ദ്രന്റെ മുമ്പിൽ പ്രത്യക്ഷനായി. വിചാരിക്കാതിരുന്ന സമയത്ത് മഹർഷിയെ കണ്ടപ്പോൾ ഹരിശ്ചന്ദ്രൻ ഭയപ്പെട്ട് കൈകൂപ്പിക്കൊണ്ട് പറഞ്ഞു. "മഹാമുനേ! നിന്തിരുവടി എന്താണിപ്പോൾ എഴുന്നള്ളുവാൻ കാരണം? സാമന്തന്മാരോ മന്ത്രിമാരോ മറ്റോ നിന്തിരുവടിയുടെ ഇഷ്ടമനുസരിക്കാതെ പ്രവർത്തിച്ചില്ലല്ലോ." ഇതു കേട്ടപ്പോൾ വിശ്വാമിത്രന്റെ മട്ടാകെ ഒന്നു മാറി. മുമ്പൊക്കെയും വലിയ ശുണ്ഠിക്കാരനായിരുന്ന മഹർഷിയുടെ മുഖം ഇപ്പോൾ ദയാരസവും സഹതാപവും വഴിയുന്ന നിലയിലാണ് കാണപ്പെട്ടത്. അദ്ദേഹം പറഞ്ഞു—"ഹരിശ്ചന്ദ്രാ! അങ്ങയുടെ കഷ്ടപ്പാടുകൾ അറിഞ്ഞ് എനിക്കു വലിയ വ്യസനം തോന്നുന്നു. ഞാനാണല്ലോ ഇതിന്നു കാരണം എന്നു വിചാരിക്കുമ്പോൾ ആ വ്യസനം അധികമാകയും ചെയ്യുന്നു. അങ്ങയുടെ രാജ്യം അങ്ങോട്ടു തന്നെ തരുവാനും യാഗദ്രവ്യം തരാനുള്ള വാദത്തിൽനിന്നു അങ്ങയെ ഒഴിവാക്കാനും നിശ്ചയിച്ചിരിക്കുന്നു. രാജ്യവും ധനവും എനിക്ക് തന്നില്ലെന്ന് അങ്ങു പറഞ്ഞാൽ മതി. അതുകൊണ്ടു അങ്ങക്ക് ഒരു തരക്കേടും വരികയില്ല. രാജ്യവും ധനവും പോയി ഇങ്ങി

നെ കിടന്നു ബുദ്ധിമുട്ടുമ്പോൾ അല്പം കന്നു വാക്കു മാറി യതുകൊണ്ടു യാതൊരു ദോഷവും വരികയില്ല.”

ഹരി—(ചിരിച്ചുംകൊണ്ട്) നിന്തിരുവടി സർവ്വശാസ്ത്ര ങ്ങളും അറിഞ്ഞവനായിരുന്നിട്ടും ഈ എളിയവനോ ടു ഇങ്ങിനെ അരുളിച്ചെയ്യുന്നതു കഷ്ടമാണ്. പാമര ന്മാരായവരെ ധർമ്മമാർഗ്ഗത്തിൽക്കൂടെ നടത്തുകയാണു ഗോവശന്മാർ ചെയ്യേണ്ടത

വിശ്വാ—(സനിശ്വാസം) എന്നാൽ, ഞാൻ മുമ്പുത ന്നെ പറഞ്ഞില്ലേ, എന്റെ കന്യകമാരെ പരിഗ്രഹി ച്ചുകൊള്ളാൻ. അങ്ങിനെ ചെയ്താലും മതി. രാജ്യ്യം തിരികെ തരാം.

ഹരി—മഹാനായ നിന്തിരുവടി എന്നെക്കൊണ്ട് ച ണ്ഡാലികളെ പരിഗ്രഹിപ്പിക്കുവാൻ നോക്കുന്നതു ധർമ്മമാണോ? അതും ഞാൻ ചെയ്കയില്ല.

വിശ്വാ—(കോപത്താൽ അലറിക്കൊണ്ട്) എന്നാൽ വരുന്നതു അനുഭവിച്ചുകൊൾക. ഞാൻ പറയേണ്ടതു പറഞ്ഞു. ഇനി അങ്ങയുടെ കൂടെ ശുക്രനുണ്ട്. ഞാൻ പോകുന്നു.

എന്നും പറഞ്ഞ് വിശ്വാമിത്രൻ ശുക്രനെ വിളി ച്ച് ചിലതെല്ലാം ഉപദേശിച്ച് അന്തർദ്ധാനംചെയ്തു. പിന്നെ അദ്ദേഹം അഗ്നിഭഗവാനെ സ്മരിക്കയും അഗ്നി അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനാകയും ചെയ്തു. മഹർഷി അഗ്നിയോടു ഹരിശ്ചന്ദ്രന്റെ മാർഗ്ഗത്തിലുള്ള വ നമെല്ലാം കത്തിക്കരിച്ച് അദ്ദേഹത്തെ ഭയപ്പെടുത്തുകളു

യുമെന്നു ഭയപ്പെടുത്താനാവശ്യപ്പെട്ടു. അഗ്നി അതു ചെയ്യാമെന്നു സമ്മതിക്കയുംചെയ്തു.

കാട്ടുതീയ്യും അതിൽനിന്നു രക്ഷപ്പെട്ടതും.

ഹരിശ്ചന്ദ്രനും കൂട്ടുകാരും കാളിന്ദീതീരത്തുനിന്നു പുറപ്പെട്ടു ഒരു പെരുംകാട്ടിൽ ചെന്നുചേൎന്നു. അപ്പോൾ ഭയങ്കരമായ കാട്ടുതീയ്യ് പ്രചണ്ഡമായ കാറ്റോടുകൂടി നാലുഭാഗത്തുനിന്നും കത്തിക്കയറി അതിശക്തിയിൽ പൊങ്ങിവരുന്നതു കണ്ടു. പക്ഷിമൃഗാദികളും വൃക്ഷലതാദികളും മററും കത്തിക്കരിഞ്ഞും ആരണ്യവാസികളെല്ലാം ഉറക്കെ നിലവിളിച്ചും വനത്തെ വളരെ ഭയങ്കരമാക്കിത്തീൎത്തു. സൎവ്വസംഹാരിയായ ഈ ദാവാഗ്നി ഓടിവരുന്നതു കണ്ടപ്പോൾ ശുക്രൻ 'രാജാവേ! ഇതു് അങ്ങയെ ദഹിപ്പിക്കാൻ വരുന്നതാണ്, സംശയമില്ല' എന്നു പറഞ്ഞു. ഹരിശ്ചന്ദ്രൻ തെല്ലുപോലും ധൈൎയ്യക്ഷയം കൂടാതെ "എന്നാൽ അങ്ങിനെയാവട്ടെ. ഞാൻതന്നെ ഭക്തിപൂൎവ്വം അഗ്നിഭഗവാനെ ആശ്രയിച്ചേക്കാം" എന്നു പറഞ്ഞു് അഗ്നിയിൽ ചാടാനൊരുങ്ങിയപ്പോൾ സത്യകീൎത്തി ചാടിപ്പിടിച്ചു് "തിരുമേനി ഇതു ചെയ്യരുത്. സ്വാമിക്കുവേണ്ടി പ്രാണൻ കളയുന്നതിന്നു ഞാനുണ്ടല്ലോ" എന്നു പറഞ്ഞു തീയ്യിലേക്കു ചാടാൻ ഭാവിച്ചു. തൽക്ഷണം ശുക്രൻ "സത്യകീൎത്തി എന്തിന്നു മരിക്കുന്നു? ഈ തീയ്യ രാജാവിനെ ദഹിപ്പിച്ചേ ഒഴിയുകയുള്ളു" എന്നു പറഞ്ഞു് മന്ത്രിയെ തടുത്തു. അപ്പോൾ ചന്ദ്രമതി

"ഭർത്താവേ! പതിവ്രതമാരായാലവരുടെ
ഭർത്താവുമരിച്ചീടുന്നതിന്നുമുമ്പുതന്നെ
മൃത്യുകയ്ക്കോളവതേററമുത്തമമെന്നുണ്ടല്ലോ
കർത്തവ്യംമമപിന്നെസ്സന്ത്യാജ്യമായിട്ടുമോ"

എന്നു പറഞ്ഞ് സർവ്വചരാചരാന്തര്യാമിയും ജഗൽപിതാവും പാർവ്വതീകാന്തനുമായ പരമശിവനെ ഭക്തിപൂർവ്വം സ്തുതിച്ച് തിയ്യിൽ ചാടുവാനായി ഭാവിച്ചു. അപ്പോൾ ലോഹിതാക്ഷൻ കടന്നു തടുത്ത് "അച്ഛൻേറയും അമ്മയുടേയും സങ്കടം തീർക്കുന്നതിന്നു ഭാരവാഹി ഞാനാണ്. ഞാൻ ചാടാം തിയ്യിൽ" എന്നു പറഞ്ഞു തിയ്യിലേക്കു ചാടാൻ ഭാവിക്കയും, തൽസമയം ചന്ദ്രമതി അവനെ ആ സാഹസത്തിൽനിന്നു നിവർത്തിപ്പിക്കയും ചെയ്തു. അമ്മ മകനോട്

"എന്തെങ്കിലുംനാംചതിചെയ്തിട്ടുണ്ടെങ്കിലത്രേ
വീതിഹോത്രനീനമ്മെക്കടന്നുപിടിക്കുടു"

എന്നു പറഞ്ഞ്, "ഹേ സർവ്വസാക്ഷിയായ ഭഗവാനേ, ഞങ്ങൾ വേദമാർഗ്ഗം ലംഘിക്കയോ, സത്യവിരോധം ചെയ്കയോ, പാതിവ്രത്യഭംഗം വരുത്തുകയോ, മനസാ വാചാ കർമ്മണാ ചെയ്തിട്ടുണ്ടെങ്കിൽ നിന്തിരുവടി ഞങ്ങളെ ദഹിപ്പിക്കുക" എന്നിങ്ങിനെ അഗ്നിയോടു പറഞ്ഞുംകൊണ്ട് ഒരേ ചാട്ടത്തിന്നു അഗ്നിയിൽ പ്രവേശിച്ചു. അപ്പോൾ അഗ്നി അവരുടെ പാതിവ്രത്യാഗ്നിയെ ഭയപ്പെട്ടിട്ടെന്നപോലെ അപ്രത്യക്ഷനാകയും ചെയ്തു.

ഈ അത്ഭുതസംഭവത്തിന്നുശേഷം അവിടെനിന്നു പോയി വാരാണസിക്ഷേത്രത്തിൽ ചെന്നു ഗംഗാസ്നാനം ചെയ്ത് ഹരിശ്ചന്ദ്രൻ സപരിവാരനായി കാശീനഗരത്തിൽ പ്രവേശിച്ചു.

# ആറാമദ്ധ്യായം

## കാശീപ്രവേശം.

കാശിരാജാവിനാൽ പാലിക്കപ്പെട്ടുവരുന്ന കാശിപട്ടണം ഹരിശ്ചന്ദ്രന്നു വളരെ സന്തോഷം ജനിപ്പിച്ചു. വേദശാസ്ത്രങ്ങളുടെ അദ്ധ്യയനത്തിന്നായുള്ള പാഠശാലകൾ, ധനസമൃദ്ധിയുള്ള അങ്ങാടിത്തെരുവുകൾ, തോരണാലംകൃതങ്ങളായ ദ്വാരദേശങ്ങൾ, സ്വൎണ്ണമയങ്ങളായ താഴികക്കുടങ്ങളോടുകൂടിയ ഭവനങ്ങൾ മുതലായി ആ നഗരത്തിലുള്ള വിസ്മയാവഹങ്ങളായ കാഴ്ചകൾ എല്ലാം നോക്കിക്കണ്ടു് ഹരിശ്ചന്ദ്രൻ ഏററവും തൃപ്തനായിത്തീൎന്നു.

പിന്നെ അദ്ദേഹം ശുക്രമഹൎഷിയോടും ഭാൎയ്യാപുത്രന്മാരോടുംകൂടി ശ്രീവിശ്വനാഥസ്വാമിയുടെ ക്ഷേത്രത്തിൽ ചെന്നു ഗംഗാനദിയിൽ സ്നാനംചെയ്തു് ഭഗവദ്ദൎശനം കഴിച്ചു. ആപന്നിവാരണത്തിന്നായി ശ്രീവിശ്വനാഥസ്വാമിയോടു പ്രാൎത്ഥിച്ചു് അമ്പലത്തിൽനിന്നു സത്രത്തിലേയ്ക്കു പോയി. അപ്പോഴക്കം സത്യകീൎത്തി തെരുവിൽ പോയി ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊണ്ടു വന്നിരുന്നു. അവയെല്ലാം ചന്ദ്രമതി പാകംചെയ്യുകയും എല്ലാവരും മൃഷ്ടമായി ഭക്ഷിക്കയുംചെയ്തു. അന്നത്തെ ദിവസം അങ്ങിനെ കഴിഞ്ഞു.

## കടം വീട്ടാനുള്ള ആലോചന.

പിറേറദിവസം രാവിലെ എല്ലാവരും ഉണൎന്നെഴുനീററപ്പോൾ ശുക്രൻ പറഞ്ഞു. "ഹേ രാജാവേ, ഇനി

എനിക്കു താമസിപ്പാൻ തരമില്ല. നാട്ടുപുറത്തെത്തിയാൽ ദ്രവ്യം ഉണ്ടാക്കിത്തരാമെന്നാണല്ലോ പറഞ്ഞത്. ഈ നഗരത്തിൽ എത്രയോ ധനവാന്മാരുണ്ട്. അവരിൽ ആരോടെങ്കിലും ചോദിച്ച് മഹർഷിയുടെ ധനം വാങ്ങിത്തരിക."

ഹരി—ഇനി അതിന്നുള്ള ശ്രമമാണ്. അങ്ങെയുടെ യാത്രാശ്രമം കുറച്ചു തീരുമ്പോഴക്ക് എല്ലാം ശരിപ്പെടുത്താം.

ശുക്രൻ—പറയുന്നതു കേട്ടാൽ പണത്തിന്നൊരു പ്രയാസവുമില്ലെന്നു തോന്നും. കാൎയ്യം അങ്ങിനെയൊന്നുമല്ലതാനും. വാക്കുമാറുവാൻ വയ്യെന്നുള്ള ഭള്ളുകൊണ്ടാണ് അങ്ങ് ഇത്രയെല്ലാം പാടുപെടുന്നത്. "ഇല്ല" എന്നു രണ്ടക്ഷരം പറഞ്ഞാൽ ഞാൻ പൊയ്ക്കൊള്ളാം.

ഹരി—അതു അധൎമ്മമാണ്. അധൎമ്മം ഞാൻ പറകയില്ല.

ചന്ദ്രമതി—അധൎമ്മം പറകവയ്യാ നിശ്ചയം. എന്നാൽ ഇനി ഈ മഹർഷിയെ ഇട്ടു ചുററിക്കുവാനും പാടില്ല. ദ്രവ്യം ഉണ്ടാക്കുവാൻ ഒരു വഴി നോക്കേണ്ടതാണ്.

ഹരി—പ്രിയേ! നമുക്ക് ഇപ്പോൾ എന്തൊരു ധനമാണുള്ളത്? ഉള്ളതെല്ലാം വിശ്വാമിത്രന്നു ദാനംചെയ്തു കഴിഞ്ഞുവല്ലോ. നമുക്കു നേരിട്ട ഈ ആപൽഘട്ടത്തിൽ ഈശ്വരനല്ലാതെ ആരാണൊരാശ്രയമുള്ളത്?

ചന്ദ്ര—അങ്ങേയ്ക്ക് ഇനിയുള്ള ധനം ഞാനും ഉണ്ണിയും മാത്രമാണ്. ഞങ്ങളെ ആരെക്കെങ്കിലും വിററിട്ടെങ്കിലും അങ്ങയുടെ സത്യത്തെ രക്ഷിക്കണം.

ഇതു കേട്ടപ്പോൾ ഹരിശ്ചന്ദ്രൻ ചിന്താമഗ്നനായിത്തീൎന്നു. അദ്ദേഹത്തിന്റെ മുഖത്ത് അതികഠിനമായ ഒരു വിഷാദത്തിന്റെ അടയാളം പ്രത്യക്ഷമായി. ശുക്രന്റെ മുഖത്ത് വലിയ സന്തോഷവും കാണപ്പെട്ടു. അപ്പോൾ ചന്ദ്രമതി തുടൎന്നു പറഞ്ഞു—"ഭാൎയ്യയേയും പുത്രനേയും വില്ക്കുന്നതു വളരെ നിന്ദ്യമായ ഒരു കൎമ്മം തന്നെയാണ്. എന്നാൽ ഞങ്ങൾ ചെയ്ത ദുഷ്കൎമ്മം അത്രത്തോളം വലുതായതുകൊണ്ട് അതുതന്നെ ചെയ്തുകൊൾക. മനസ്സിന്നു ചാഞ്ചല്യം ഉണ്ടാകരുത്. ആപത്തുവരുമ്പോൾ ധൈൎയ്യമാണ് പുരുഷന്മാൎക്കു വേണ്ടത്."

ഭാൎയ്യാപുത്രന്മാരെ വിററത്.

ചന്ദ്രമതിയുടെ അഭിപ്രായത്തെ ശുക്രൻ വളരെ പ്രശംസിച്ചു. ഹരിശ്ചന്ദ്രൻ "ഇനി എനിക്കെന്താണ് ചെയ്യാത്തത്" എന്നു പറഞ്ഞ് ഭാൎയ്യയേയും പുത്രനേയും മുമ്പിൽ നടത്തി തെരുവീഥിയിലേക്കു ചെന്നു. "എന്റെ ഭാൎയ്യയേയും മകനേയും വില്ക്കുവാൻപോകുന്നു. വണമുള്ളവർ വന്നു വാങ്ങിക്കൊൾവിൻ" എന്നൊക്കെ വിളിച്ചുപറഞ്ഞുംകൊണ്ട് ഹരിശ്ചന്ദ്രൻ പട്ടണം മുഴുവൻ നടന്നു. അതുകേട്ട് അനേകം ആളുകൾ വന്ന് അദ്ദേഹത്തെ നോക്കി. "കണ്ടാൽ മഹായോഗ്യൻ. രാജചിഹ്നമുള്ള ഒരാൾ. എന്നിട്ടു ഭാൎയ്യയെ വിൽക്കുന്നതെന്താ

ണ്" എന്നു ചിലർ. "കഷ്ടകാലത്തിന്റെ ശക്തി ആളുകൾക്ക് എന്തുതന്നെ വരുത്തുകയില്ല? അല്ലെങ്കിൽ ഭാൎയ്യയേയും പുത്രനേയും വില്ക്കുവാൻ ആരെങ്കിലും ഒരുങ്ങുമോ" എന്നു വേറെ ചിലർ. "ഈ മനുഷ്യൻ എന്തൊരു തരക്കാരനാണപ്പാ! നല്ല മൈമിടുക്കുള്ളവൻ. എന്നിട്ടാണോ ഭാൎയ്യയെ വില്ക്കുന്നത്! ചുമടെടുത്തെങ്കിലും പുലത്തരുതേ" എന്നു മററു ചിലർ. "ഭാൎയ്യാവിക്രയം വല്ലാത്ത അധൎമ്മംതന്നെ. ഇത് ഈ കാശിയിൽ വന്നിട്ടുവേണമോ" എന്നു ഇനിച്ചിലർ. ഇങ്ങിനെ ഓരോരുത്തർ ഓരോന്നു പറഞ്ഞുതുടങ്ങി. ചില കുട്ടികൾ "അമ്മെ അമ്മേ! ഒരാൾ ഭാൎയ്യയേയും മകനേയും വില്ക്കാൻ കൊണ്ടുവന്നിരിക്കുന്നു. നമുക്കു പോയി കാണുക" എന്നു ശാഠ്യംപിടിച്ചുതുടങ്ങി. എന്തിനേറെപ്പറയുന്നു! അല്പനേരത്തിന്നുള്ളിൽ അനവധി ആളുകൾ ഹരിശ്ചന്ദ്രന്റെ അവസ്ഥ കാണ്മാൻ വന്നുചേൎന്നു. എന്നാൽ അവരിലാരും അദ്ദേഹം വില്ക്കുവാനുറച്ചവരെ വാങ്ങാനുണ്ടായില്ല. "ഈ നിന്ദ്യകൎമ്മം ചെയ്യാനുറച്ചിട്ടുകൂടി എന്നെസ്സഹായിപ്പാൻ ആരും വരുന്നില്ലല്ലോ. അതിനിൎദ്ദയമായ വാക്കു പറഞ്ഞുംകൊണ്ട് ഈ തെരുവിൽ അലഞ്ഞതുമാത്രം ഫലം. ഹാ ദൈവമേ" എന്നിങ്ങിനെ വിചാരിച്ച് ഹരിശ്ചന്ദ്രൻ നെടുവീൎപ്പിട്ടു.

അതിനിടയിൽ, രുദ്രാക്ഷമാലയും യജ്ഞോപവീതവും ധരിച്ച് കയ്യിൽ തേവാരക്കിണ്ടിയുമായി, കാഴ്ചയിൽ ഏററവും ദുൎഭഗനായ ഒരു ബ്രാഹ്മണൻ അവിടെ

വന്നു. അദ്ദേഹം ചോദിച്ചു. "എന്ത്, എന്താണു പറഞ്ഞത്? ഭാര്യയേയും പുത്രനേയും വില്ക്കുന്നുണ്ടെന്നോ? അതെയെങ്കിൽ എനിക്കു വേണം. എന്റെ ഗൃഹത്തിൽ വേലയെടുപ്പാൻ ആവശ്യമാണ്. നിനക്ക് എത്ര ധനമാണ് വില തരേണ്ടത്?"

ഹരി —

"ആനമേൽനിന്നമ്പലവാനൊരുപുമാൻ
ദീനതയെന്യേകവിണയിൽക്കല്ലിട്ടു
മേല്പോട്ടെറിഞ്ഞീടിലെത്രദൂരംവരെ
മേല്പോട്ടുപോകുമോഅത്രധനംവില"

ബ്രാഹ്മണൻ — അതു ഞാൻ തന്നേക്കാം. ഇവരെ എനിക്കു തരിക.

"അങ്ങിനെതന്നെ" എന്നു പറഞ്ഞ് ഹരിശ്ചന്ദ്രൻ ചന്ദ്രമതിയേയും ലോഹിതാക്ഷനേയും ആ ബ്രാഹ്മണന്നു കൊടുത്ത് ശുക്രനോടായിപ്പറഞ്ഞു — "ഹേ മുനിസത്തമ! ഞാൻ വിശ്വാമിത്രമഹർഷിക്കു കൊടുപ്പാനുള്ള ധനം ഇതാ ഈ ബ്രാഹ്മണൻ തരും, വാങ്ങിക്കൊൾക." അതു താൻ തരാമെന്നു ബ്രാഹ്മണൻ ശുക്രനോടു ഏറ്റു പറഞ്ഞു. അപ്പോൾ ചന്ദ്രമതി "ഹാ പ്രാണനാഥാ! ഞാനിനി അങ്ങയെ എന്നാണു കാണുക! അയ്യോ ദൈവമെ! ഇങ്ങിനെയുള്ള ആപത്തിൽ ഞങ്ങളെ പെടുത്തിയല്ലോ. അങ്ങയുടെ പൂമേനി കാണാതെ ഞാനും ഉണ്ണിയും എങ്ങിനെ ജീവിക്കും? ഈശ്വരൻ എനിക്കു മരണവും തരുന്നില്ലല്ലോ. അയ്യോ ഞാനെന്തു ചെയ്യട്ടെ, ഞാ

നെങ്ങിനെ പോകട്ടെ'' എന്നിങ്ങിനെ വിലപിച്ചുതുട ങ്ങി. ആ സമയത്തു ഹരിശ്ചന്ദ്രൻ "ഇങ്ങിനെ കരയരു ത്. സുഖമുണ്ടാകുന്ന കാലത്തെപ്പോലെ ദുഃഖകാലത്തും മനസ്സിനെ സമാധാനിപ്പിക്കണം'' എന്നു പറഞ്ഞു. അനന്തരം ചന്ദ്രമതി ഭർത്താവിനെ മൂന്നുവട്ടം പ്രദക്ഷി ണംചെയ്തു നമസ്കരിച്ചു. പിന്നെ ഉണ്ണിയെക്കൊണ്ടും നമസ്കരിപ്പിച്ചു.

ഹരിശ്ചന്ദ്രൻ, പാദപതിതനായ കുമാരൻെറ ശി രസ്സിൽ കണ്ണീർധാര തൂകിക്കൊണ്ട് അവനെ എടുത്താ ലിംഗനംചെയ്ത് പലവുരു ചുംബിച്ചു. കണ്ണിൽനിന്നു വെള്ളം പ്രവഹിച്ചതല്ലാതെ സ്തബ്ധകണ്ഠനായിത്തീ ൻ പിതാവിന്നു ഒരക്ഷരംപോലും പറയുവാൻ സാധി ച്ചില്ല.

ഉണ്ണി—അച്ഛാ! അച്ഛാ! എന്തിനാണു കരയുന്നത്? ഞാൻ ശാഠ്യം പിടിക്കാതെ അമ്മയോടുകൂടി പാ ത്തുകൊള്ളാം. അച്ഛൻ എന്നേയും അമ്മയേയും വി റവു അല്ലേ? ഇനി അച്ഛനെ എന്നാണു ഞാൻ കാ ണുക?

ഹരി—എൻെറ ഉ- ഉ- ഉ-

ഹരിശ്ചന്ദ്രന്നു യാതൊന്നും പറയുവാൻ സാധിച്ചി ല്ല. അദ്ദേഹം തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങി. ഈ സ ങ്കടം കണ്ടിട്ട് കഠിനഹൃദയനായ ശുക്രമുനിക്കുകൂടി ക ണ്ണിൽ വെള്ളം നിറഞ്ഞു. അപ്പോൾ പതിവ്രതാരത്നമാ യ ചന്ദ്രമതി പറഞ്ഞു—"പ്രാണനാഥ! നിങ്ങളുവടി

ഇങ്ങിനെ വ്യസനിക്കരുത്. ഭാൎയ്യ, പുത്രൻ എന്നു തുട ങ്ങിയ വ്യാമോഹങ്ങാം മായാകല്പിതമാണ്. അതു ശാ ശ്വതമല്ല. സത്യം മാത്രമാണു ശാശ്വതം. ജനനം, ജീ വിതം, മരണം എന്ന മൂന്നവസ്ഥകളിൽ നടുവിലത്തേ തിൽ മാത്രമേ പുത്രകളത്രാദികൾ സഹായമായിരിക്ക യുള്ളൂ. എപ്പോഴും സഹായമായിട്ടുള്ളതു സത്യമെന്ന ധ ൎമ്മം മാത്രമാണ്. അങ്ങിനെയുള്ള സത്യം ഇവിടുത്തേ ക്കു തുണയുണ്ട്. അതുകൊണ്ടു ഞങ്ങളെ അനുഗ്രഹിച്ച് പറഞ്ഞയയ്ക്കണം"

ഇത്രത്തോളമായപ്പോഴയ്ക്ക് ക്രേതാവായ ബ്രാഹ്മ ണൻ "മതി മതി നിങ്ങളുടെ ശൃംഗാരം. ഇതിനല്ലാ ഞാൻ പണം തന്നത്. ഗൃഹത്തിൽ ചെന്നിട്ട് എത്ര യോ പണിയുണ്ട്. നടക്കിൻ ഇങ്ങോട്ട്" എന്നു പറ ഞ്ഞ് ചന്ദ്രമതിയേയും കുമാരനേയും പിടിച്ചുവലിച്ചു. ഹരിശ്ചന്ദ്രൻ അവരോടു പൊയ്ക്കൊൾവാൻ പറഞ്ഞു. അവർ പോയതോടുകൂടി അദ്ദേഹം നഷ്ടസംജ്ഞനായി ഭൂമിയിൽ വീണുപോയി.

## ശുക്രന്റെ പ്രതിഫലം — ഹരിശ്ചന്ദ്രന്റെ ദാസ്യം.

രാജാവു വീണുപോയപ്പോൾ മന്ത്രി സത്യകീൎത്തി അദ്ദേഹത്തെ താങ്ങി മടിയിൽ കിടത്തി മുഖത്തു വെ ള്ളം തളിച്ച് അദ്ദേഹത്തിനു ബോധമുണ്ടാക്കുവാൻ വ ളരെ ശ്രമിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം ബോ ധം വീണു കണ്ണു മിഴിച്ചു നോക്കി. അപ്പോൾ ശുക്രനു ണ്ട് കണ്ണും തുറന്ന് നോക്കി നില്ക്കുന്നു.

ഹരി—അങ്ങയുടെ ധനം തന്നുവല്ലോ. ഇനി എന്തിന്നു താമസിക്കുന്നു. ഒട്ടും വൈകിക്കാതെ വിശ്വാമിത്രന്റെ സമീപത്തേക്കു പോകുക.

ശുക്രൻ—അതേ, ഞാനൊന്നു ചോദിക്കട്ടേ. ഞാനീ കാൎയ്യത്തിന് എത്ര ദിവസമായി അങ്ങയുടെ കൂടെ കിടന്നു തിരിയുന്നു! അനവധി കാൎയ്യങ്ങൾ നിൎത്തിവെച്ചിട്ടാണ് ഞാനിതിന്നു പുറപ്പെട്ടത്. എന്റെ പ്രയത്നത്തിന്നു യാതൊരു പ്രതിഫലവും ഇല്ലേ? ഇതെന്തു മൎയ്യാദയാണ്?

ഹരി—(അല്പം ആലോചിച്ച്) ശരിയാണത്. അതും കൂടി തരാം.

ശുക്രൻ ഇങ്ങിനെ പറഞ്ഞത് വിശ്വാമിത്രൻ ഏല്പിച്ചതനുസരിച്ചാണ്. മഹർഷിയുടെ ദ്രവ്യത്തിന്നു ഭാൎയ്യാപുത്രന്മാരെ വിററ സ്ഥിതിക്കു ശുക്രന്റെ പ്രയത്നക്കൂലിക്കു തന്നേയും വില്ക്കാമല്ലോ എന്നു വിചാരിച്ചാണ് ഹരിശ്ചന്ദ്രൻ ഉടനെതന്നെ തരാമെന്നു സമ്മതിച്ചത്. അദ്ദേഹം മന്ത്രിയോടു പറഞ്ഞു—"സത്യകീൎത്തി, ഭവാൻ എന്നെ തെരുവിൽ കൊണ്ടുപോയി ആൎക്കെങ്കിലും വിററ് പതിനായിരം വരാഹൻ വാങ്ങി ശുക്രമുനിയുടെ പ്രയത്നക്കൂലി കൊടുത്തു തീൎക്കണം. ഒട്ടും മടിക്കേണ്ട."

സത്യ—(കരഞ്ഞുംകൊണ്ട്) ഭൃത്യനായ അടിയൻ ഇരിക്കേ സ്വാമിയെയാണോ വില്ക്കുക? അതു പാടില്ല. തിരുവടി അടിയനെ വിററ് ശുക്രന്റെ പണം കൊടുത്തു കൊൾക.

ഹരി—അതെങ്ങിനെ? എനിക്കിപ്പോൾ ഭവാനെസ്സംബന്ധിച്ച് എന്തധികാരമാണുള്ളത്? രാജ്യം ദാനം ചെയ്തതോടുകൂടി സ്വസ്വാമിഭാവസംബന്ധവും പോയില്ലേ? തനിക്കടമാവകാശമില്ലാത്ത വസ്തുവിന്മേൽ വിക്രയസ്വാതന്ത്ര്യം എങ്ങിനെ ഇരിക്കും?

ഇതിന്ന സത്യകീൎത്തിയെക്കൊണ്ടു സമാധാനം പറവാൻ കഴിഞ്ഞില്ല. "വിധിവിഹിതമേവനും ലംഘ്യമല്ലേതുമേ" എന്ന സമാധാനിച്ച് ഉടൻതന്നെ സത്യകീൎത്തി ഹരിശ്ചന്ദ്രനെ തെരുവിൽ കൊണ്ടുപോയി "ഇതാ ഒരാളെ വിൽക്കാനുണ്ട്. ബ്രാഹ്മണനോ ക്ഷത്രിയനൊ വൈശ്യനോ ശൂദ്രനൊ, അഥവാ അററം ചണ്ഡാലൻ തന്നെയോ ആരായാലും വന്നു പണംതന്നു വാങ്ങിക്കൊൾവിൻ. വില പതിനായിരം വരാഹൻ" എന്നു വിളിച്ചുപറഞ്ഞു. വളരെനേരം നടന്നിട്ടും വാങ്ങുവാൻ ആരേയും കണ്ടില്ല. ഒടുവിൽ മഹാകോപിഷ്ഠനും ഭയങ്കരമൂൎത്തിയുമായ ഒരു ചണ്ഡാലൻ മദ്യവുംകുടിച്ച് ചുമലിൽ മാംസക്കാവും ചുമന്നുകൊണ്ട് ആ വഴിയെ വരുന്നതു കണ്ടു. അവൻ വീരബാഹു എന്ന പറയനായിരുന്നു. അവൻ സത്യകീൎത്തിയുടെ വാക്കു കേട്ടു ചോദിച്ചു—"എനിക്ക് ഒരാളെ ആവശ്യമുണ്ട്. വില എത്രയായാലും തരാമെന്നുമുണ്ട്. പക്ഷേ നിങ്ങൾ എന്നേപ്പോലെയുള്ള ഹീനജാതിക്കാൎക്ക വിൽക്കുമോ?" ഈ ഘട്ടത്തിൽ ഹരിശ്ചന്ദ്രൻ "വില്ക്കും, വില്ക്കും" എന്നു പറകയാൽ സത്യകീൎത്തി ഹരിശ്ചന്ദ്രനെ വീരബാഹുവിന്നു ത

ന്നെ വിററു. അതിന്നു വിലയായി കിട്ടിയ പതിനായി രം വരാഹൻ ഹരിശ്ചന്ദ്രൻ ശുക്രന്നു കൊടുത്ത് "ഇനി നിന്തിരുവടിക്കു പോകാം" എന്നു പറഞ്ഞു. ഇങ്ങിനെ കടംതീക്കുവാനായി ആത്മാവിനെ വിക്രയംചെയ്തുവെ ങ്കിലും കടക്കാരന്നു തൃപ്തിയായല്ലോ എന്നു വിചാരിച്ച് ഹരിശ്ചന്ദ്രൻ കൃതാൎത്ഥനാകയാണുണ്ടായത്. അപ്പോൾ ശുക്രൻ

"ധീരമഹാമതേ!സത്യസന്ധാഗ്രണീ-
ഹീരമാണിക്യമേ!വീരഹരിശ്ചന്ദ്ര!
വിഷ്ടപത്തിങ്കലിനിനിന്നോടുതുല്യനായ്
ശ്രേഷ്ഠനാംസത്യവ്രതനേകനില്ലാദ്ധം"

എന്നു പറഞ്ഞ് സന്തുഷ്ടനായി യാത്ര തിരിച്ചു.

പിന്നെ സത്യകീൎത്തി വളരെ വ്യസനത്തോടുകൂടി കരഞ്ഞുംകൊണ്ട് ഹരിശ്ചന്ദ്രന്റെ കാൽക്കൽ വീണു നമസ്കരിച്ച്

"കേല്പോടുബാല്യംമുതൽതിരുമേനിയിൽ
സത്ഭക്തിയോടഹമാശ്രയിച്ചാദരാൽ
ഉൾപ്രമോദത്തോടുരാജ്യകാൎയ്യംവഹി-
ച്ചിപ്പോൾപരിണാമമിങ്ങിനെജാതമായ്"

എന്നു പറഞ്ഞ് യാത്ര പറഞ്ഞു പിരിഞ്ഞു.

ഹരിശ്ചന്ദ്രന്റെ സ്വാമിയായിത്തീൎന്ന വീരബാഹു "എടോ നിന്റെ മോടിയും കളിയും ചിരിയും ഒക്കെ ഇനി അവിടെ വെച്ചേക്ക്. എന്റെ കല്പനയെന്തോ അതു കേട്ടു നടന്നോ. നേരം വൈകി. ഇനി താമസി

ക്കേണ്ട. ഇതാ ഇതെടുത്തോ" എന്നു പറഞ്ഞ് തന്റെ മാംസക്കാവ് ഹരിശ്ചന്ദ്രന്റെ ചുമലിൽ ഏററിച്ച് തന്റെ വസതിയിലേക്കു പോയി. ഹരിശ്ചന്ദ്രൻ ലേശവും മടിക്കാതെ ആ മാംസഭാരം ചുമന്നുംകൊണ്ട് അതി കഠിനമായ ദുർഗ്ഗന്ധവും സഹിച്ച് വിയർത്തൊലിച്ച് അവനെ അനുഗമിച്ചു. അല്പസമയത്തിനുള്ളിൽ ആ ചണ്ഡാലന്റെ ചാളയിൽ എത്തിച്ചേർന്നു. ഏററവും വൃത്തിഹീനമായ ആ ചാളയിൽ മാംസഭാണ്ഡം ഇറക്കി ശ്രമം തീർന്ന് ഹരിശ്ചന്ദ്രൻ പിന്നേയുള്ള കല്പനയെ കാത്തുംകൊണ്ടു നിന്നു.

ഹരിശ്ചന്ദ്രൻ ചുടലക്കാരനായത്.

കുറെ കഴിഞ്ഞപ്പോൾ വീരബാഹു "എടൊ! നിന്നെ ഞാൻ ചുടലക്കാരന്റെ പണിക്കാണ് വെക്കുന്നത്. ഈ പട്ടണത്തിലെ ചുടലയുടെ പ്രഭു ഞാനാണ്. ചുടലയിൽ ശവം ദഹിപ്പിക്കാൻ വരുന്നവർ ശവം മൂടിയ ശീലയും ചുടലക്കൂലിയായി ഒരു പണവും നാഴി അരിയും തരണമെന്നാണ് നിശ്ചയം. നീ പോയി അവിടെയിരുന്ന് വരുന്നവരോടെല്ലാം ആ കണക്കു പറഞ്ഞു വാങ്ങി അവിടെ പാർത്തോ. ചുടലക്കൂലി ഓരോ പണവും ശവത്തുണിയും ഇങ്ങോട്ടയക്കണം. അരി നിനക്കു ഭക്ഷണത്തിനും എടുത്തോ. പിരിയുന്ന പണത്തിൽ യാതൊരു വ്യത്യാസവും പറയാതെ നടന്നുകൊള്ളണം. ഇതിനല്ലാതെ മററു പണിക്കൊന്നും നീ പററുമെന്നു തോന്നുന്നില്ല." എന്നിങ്ങിനെ ഘോരമായ

ഒരു പണി ഹരിശ്ചന്ദ്രനു കൊടുത്തു. ഹരിശ്ചന്ദ്രൻ "അങ്ങിനെ ചെയ്യാം" എന്നു പറഞ്ഞു ചുടലയിലേക്കു പോകയും ചെയ്തു.

ആ ചുടലക്കളത്തെ "ഇഹലോകത്തിലെ നരകം" എന്നുതന്നെ പറയുവാൻ. അതികലശലായ ദുർഗ്ഗന്ധം അവിടെയെങ്ങും വ്യാപിച്ചിരുന്നു. ശവം ദഹിപ്പിച്ച എല്ലുകളും വെണ്ണീറും കരിക്കട്ടയും കുന്നുപോലെ കൂടികിടന്നിരുന്നു. പാതി വെന്തുകിടക്കുന്ന ശവത്തിൻെറ അസ്ഥിബദ്ധമായ മാംസശകലങ്ങൾ കൊത്തിക്കൊരുന്ന കഴുക്കളും കാക്കകളും, അവററയുടെ നേരെ പാഞ്ഞുചെല്ലുന്ന നായ്ക്കളുമല്ലാതെ യാതൊരാളും അവിടെയില്ല. അവററ മാംസം തിന്നുന്നതിലുള്ള കിടമത്സരംകൊണ്ടു പുറപ്പെടുവിക്കുന്ന ഘോരശബ്ദങ്ങളല്ലാതെ യാതൊരു ശബ്ദവും അവിടെ കേൾക്കുന്നതുമില്ല. ചുരുക്കത്തിൽ അതൊരു പ്രേതലോകം തന്നെയാണ്. ഇങ്ങിനെയുള്ള അശുചിസ്ഥലത്ത്, പാതിവെന്ത വിറകിൻകൊള്ളികൾ പെറുക്കി ഒരു കുടിൽ കെട്ടി വിറകുകൊണ്ടുതന്നെ ചിതാതുല്യമായ ഒരു മഞ്ചവും ഉണ്ടാക്കി, ശവം ദഹിപ്പിക്കാനുള്ളവരുടെ വരവും കാത്ത് ഹരിശ്ചന്ദ്രൻ താമസം തുടങ്ങി. ശവം ദഹിപ്പിപ്പാനുള്ള ആവശ്യക്കാർ വന്നാൽ ഒരു പണവും ശവത്തുണിയും വാങ്ങി തൻെറ എജമാനനായ വീരബാഹുവിന്നയച്ചുകൊടുക്കും. ചുടലക്കാരൻെറ പ്രയത്നങ്ങളുലിയായിത്തീരുന്ന അരികൊണ്ട് ഒരു നേരം തൻെറ വിശപ്പടക്കുകയും ചെയ്യും. ഇങ്ങിനെ

"ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന നിലയിൽ ആ ചുടലക്കാട്ടിൽ ഹരിശ്ചന്ദ്രൻ പാൎത്തുവന്നു.

സത്യകീൎത്തി ചുടലയിൽ വന്നത്.

ഹരിശ്ചന്ദ്രൻ വീരബാഹുവിന്റെ ഭൃത്യനായതോടുകൂടി സത്യകീൎത്തി പോകയാണല്ലോ ഉണ്ടായത്. അദ്ദേഹം കാശിയിൽത്തന്നെ ഒരു മഠത്തിലേക്കാണ് പോയത്. അവിടെ ചെന്നതിന്നു ശേഷം പിന്നേയും തന്റെ സ്വാമിയെപ്പറ്റിയ വിചാരമായി. അഹോ കഷ്ടം! ഞാൻ ചെയ്തത് എന്തൊരക്രമമാണ്! എന്റെ സ്വാമിയായ മഹാരാജാവ് ആ ചണ്ഡാലന്റെ കൂടെ പോയി ഇപ്പോൾ എത്ര കഷ്ടപ്പെടുന്നുണ്ടായിരിക്കും! അദ്ദേഹത്തിന്ന് ഈ ആപൽഘട്ടത്തിൽ ഒരുപകാരവും എന്നെക്കൊണ്ടു ചെയ്വാൻ കഴികയില്ലെങ്കിലും വിവരം എന്തെന്നന്വേഷിക്കുകയെങ്കിലും ചെയ്യാഞ്ഞാൽ എന്നെപ്പോലെ ഒരു കൃതഘ്നൻ വേറെ ആരാണുള്ളത്? കൂടെ വരേണ്ടെന്നു തിരുമേനി അരുളിച്ചെയ്തതു വാസ്തവംതന്നെ. പക്ഷേ പലവക കഷ്ടാനുഭവങ്ങളെക്കൊണ്ടു ബുദ്ധിക്ഷയം വന്ന സമയമായതുകൊണ്ട് അതു കാൎയ്യമാക്കേണ്ടതില്ല. ഏതായാലും അവിടുത്തെ അന്വേഷിക്കുകതന്നെ. ഇങ്ങിനെ തീൎച്ചപ്പെടുത്തി, സത്യകീൎത്തി കാശിനഗരത്തിലുള്ള ചണ്ഡാലക്കുടികളിലെല്ലാം അന്വേഷിച്ചതിൽ വീരബാഹുവിന്റെ പുതിയ ഭൃത്യൻ ചുടലക്കാരനാണെന്നറിവു കിട്ടി. ആ വഴിക്കുതന്നെ സത്യകീൎത്തി ചുടലയിൽ ചെന്നപ്പോൾ,

അശുദ്ധമാമച്ചുടലക്കളത്തി-
ലബ്ധാവശേഷേന്ധനസഞ്ചയത്താൽ
നിൎമ്മിച്ചതാകുംചെറുകട്ടിൽമീതേ
നിഷ്പന്ദനായ്നോക്കിയിരിപ്പതായും;
ഒട്ടേടമാള്ളുത്തിയമൎത്ത്യദേഹ-
മാംസത്തിലേററുള്ളൊരുമത്സരത്താൽ
കഴുക്കളുംകാക്കകളുംകിടന്നു
കൊത്തിക്കുട്ടുംപോൎത്തുടരുന്നതായും;
ദൂരത്തുനിന്നൊച്ചകൾകേട്ടിടുമ്പോൾ
ശവംചുമപ്പോരുടെശബ്ദമെന്നായ്
നിനച്ചുഭൂപൻദ്രുതമേററുനിന്നി-
ട്ടുൽഗ്രീവനായ്നോക്കിവരുന്നതായും;

കാണപ്പെട്ടു. ഈ കാഴ്ചകൾ കണ്ടപ്പോൾ സത്യകീൎത്തിയുടെ ധൈൎയ്യമെല്ലാം ഉരുകി വെള്ളമായി നേത്രങ്ങൾ വഴിയായി പുറത്തേക്കു പ്രവഹിച്ചു. അദ്ദേഹം വിചാരിച്ചു—

മഹാൎഹമാംരാജമണീഗൃഹത്തിൽ
മാധുൎയ്യമേറുന്നൊരുഭോജ്യജാലം
സംമൃഷ്ടമായുണ്ടുകളത്രപുത്ര-
സമേതനായ്സന്തതസൌഖ്യമോടായ്,
മൃദുത്വമേറുന്നൊരുശയ്യയിങ്കൽ
മനോജ്ഞപുഷ്പാസ്തരണാന്തരത്തിൽ
കിടന്നുശീലിച്ചുസുഖിച്ചവാണ
മഹീമണാളൻ—ശിവരാമരാമ!

അശുദ്ധമാമിച്ചുടകാട്ടി,ലബ്ധ-
മദ്ധ്യേസ്ഥാനത്തിൽശവനിവിശേഷം
ഹാ! മേവിടുന്നീദുരവസ്ഥയെൻെറ
കണ്ണാലെകാണേണ്ടൊരുകാലമായി!

ഇങ്ങിനെ വിചാരിച്ച് സഹിപ്പാൻ വഹിയാത്ത വിഷാദത്തോടെ സ്വാമിഭക്തശിരോമണിയായ സത്യകീർത്തി ഹരിശ്ചന്ദ്രൻെറ പാദങ്ങളിൽ പതിച്ചു. ഹരിശ്ചന്ദ്രൻ അദ്ദേഹത്തെ തത്വോപദേശങ്ങളെക്കൊണ്ടു സമാധാനിപ്പിച്ചു—

പ്രാരബ്ധകർമ്മങ്ങളശേഷജീവ-
ജാലത്തെയുംഹന്ത!കുഴക്കിടുന്നു.
ആരിൻെറബന്ധത്തിലകപ്പെടാഞ്ഞാൻ
ത്രിമൂർത്തികൾക്കും പണി സത്യകീർത്തേ!

താന്താങ്ങൾചെയ്യുന്നൊരുകർമ്മമെല്ലാം
താന്താങ്ങൾതാനിങ്ങുഭുജിച്ചിടേണം
സുഖത്തിലുള്ളാമധുരസ്വഭാവം
ദുഃഖത്തിലുംകാണ്മവനാണുധീരൻ.

ഇങ്ങിനെ പല സാരോപദേശങ്ങളും ചെയ്ത് ഹരിശ്ചന്ദ്രൻ സത്യകീർത്തിയെ സമാധാനപ്പെടുത്തി. അനന്തരം സത്യകീർത്തി അശുദ്ധമായ അരി ശുദ്ധമാക്കി പാകംചെയ്തു ഭക്ഷിക്കയും ചെയ്തു.

# ഏഴാമദ്ധ്യായം

## ചന്ദ്രമതിയുടെ ദാസ്യം.

വിശ്വാമിത്രന്റെ ദ്രവ്യം കൊടുക്കുവാനായി ചന്ദ്രമതിയേയും ലോഹിതാക്ഷനേയും വിററതായി മുമ്പു പറഞ്ഞുവല്ലോ. ആ പാവപ്പെട്ട സ്ത്രീയും പുത്രനും അവരുടെ എജമാനനായ ബ്രാഹ്മണന്റെ ഗൃഹത്തിൽ പല വീട്ടുപണികളും ചെയ്തു നാൾ കഴിച്ചുവന്നു. പുലരുവാൻ ഏഴരനാഴികയുള്ളപ്പോൾ എഴുനേററു ഗൃഹം അടിച്ചുവാരി വൃത്തിയാക്കുക, പാത്രങ്ങൾ മോറുക, നെല്ലു കുത്തുക മുതലായവയായിരുന്നു ചന്ദ്രമതി ചെയ്തുതീരേണ്ട പണികൾ. മദ്ധ്യാഹ്നം കഴിഞ്ഞാൽ ബ്രാഹ്മണപത്നി കുറച്ചു കഞ്ഞി കൊടുക്കും. അതു മാത്രമേ ആഹാരമുള്ളൂ. ചന്ദ്രമതി, പണ്ടു നവരത്നകങ്കണങ്ങളണിഞ്ഞിരുന്ന തന്റെ മൃദുകരങ്ങളിൽ ഇപ്പോൾ നിഷ്ഠുരമായ ഉലക്കയെടുത്തു നെല്ലു കുത്തുന്നതും, ദേഹം തളന്നു വിയർത്തൊലിച്ചു വിവശയായിത്തീരുന്നതും പതിവായിപ്പരിണമിച്ചു. അതേവരേയും അതിമൃദുവായ ഹംസതൂലശയ്യയിൽ കിടന്നു ശീലിച്ചിട്ടുള്ള കുമാരൻ വെറുംനിലത്തു കിടന്നു വല്ലാതെ ക്ലേശിക്കയും, രാത്രിയുടെ അന്ത്യയാമത്തിൽ ഉണന്നു അമ്മയുടെ പ്രവൃത്തികളിൽ സഹായിക്കയും ചെയ്തുവന്നു. നേരം പുലന്നാൽ വളപ്പിലെ പുല്ലുകൾ പറിക്കുകയും കാട്ടിൽ പോയി കാഷ്ഠനികൾ കൊണ്ടുവരികയും ചെയ്തുവന്നു. ഇത്രയേറെ ബുദ്ധി

കുട്ടി, പറഞ്ഞ പണികളെല്ലാം ചെയ്താൽ സ്വാമിക്കു പ്രീതിയുണ്ടോ, അതൊട്ടില്ലതാനും. പണികൾക്കു വല്ലതിന്നും അല്പം നേരം വൈകിപ്പോയാൽ പിന്നെ ബ്രാഹ്മണൻ ഇന്നതേ പറയുള്ളു; ഇന്നതേ ചെയ്യുള്ളു എന്നൊന്നുമില്ല. "എന്തൊരു മാരണമാണിത്. ഈ അസത്തുക്കളെ ആകാശത്തോളം ദ്രവ്യം കൊടുത്തു വാങ്ങിയ ഞാനല്ലേ പരമ വിഡ്ഢി! ഇവറ്റക്കു കൊടുത്ത പണം ആ തെങ്ങിൻെറ കടയ്ക്കലിട്ടുവെങ്കിൽ ഇതിലും ഭേദമായിരുന്നു. തള്ളയും പിള്ളയും ഒരുപോലെതന്നെ! ചന്ദ്രമതി, നിൻെറ കളി കുറെ ഏറിപ്പോകുന്നു. നിങ്ങളെ ഞാൻ ഒരൊററ ചവുട്ടിന്നു ഭസ്മമാക്കും" എന്നെല്ലാം ബ്രാഹ്മണൻ ശകാരിച്ചുംകൊണ്ടിരിക്കും. വലിയ ശുണ്ഠി വന്നാൽ, നല്ല പ്രഹരവും കൊടുക്കും. ഭക്ഷണമാണെങ്കിൽ നേരത്തോടുനേരം കൂടുമ്പോൾ നാഴി കഞ്ഞിയല്ലാതെ ഒന്നും കൊടുക്കുകയുമില്ല. ഇതൊക്കെയും തങ്ങൾ ചെയ്ത പാപകർമ്മങ്ങളുടെ ഫലമാണെന്നു വിചാരിച്ചു യാതൊരപ്രിയവും ഭാവിക്കാതേയും പ്രവൃത്തികളിൽ അമാന്തം കാണിക്കാതേയും ആ സാധ്വി തൻെറ മകനോടുകൂടി നാളുകൾ കഴിച്ചുവന്നു.

## ലോഹിതാക്ഷനെ സർപ്പം കടിച്ചത്.

അല്പം കഴിഞ്ഞപ്പോൾ ഒരു ദിവസം ബ്രാഹ്മണൻ ലോഹിതാക്ഷനെ ചന്ദ്രമതിയിൽനിന്നു വേർപെടുത്തി മററു കുട്ടികളോടുകൂടെ കാട്ടിലേക്കയച്ചുതുടങ്ങി. "അമ്മയുടെ കൂടെ നിന്നാൽ കുട്ടി പണിയെടുക്കില്ലെന്നു മാത്ര

മല്ല അമ്മയും അമാന്തം കാണിക്കും" എന്നാണ് ബ്രാഹ്മണൻ ഈ ചെയ്യുതിന്നു കാരണം പറഞ്ഞത്. അദ്ദേഹത്തിൻെറ ആജ്ഞക്ക് അങ്ങിനെയല്ലെന്നു പറവാൻ ആരാണുള്ളത്! സാധു ചന്ദ്രമതി പുത്രവിരഹംകൊണ്ടു വളരെ വ്യസനിച്ചുവെങ്കിലും ബ്രാഹ്മണനോട് അപ്രിയമൊന്നും ഭാവിച്ചില്ല. ലോഹിതാക്ഷൻ പതിവായി മറ്റു കുട്ടികളോടൊരുമിച്ച് കാട്ടിൽ പോയി ദർഭയും ചമതയും വിറകും ശേഖരിക്കും. വൈകുന്നേരം അതെല്ലാം ചുമന്നുംകൊണ്ടു മടങ്ങിവരികയും ചെയ്യും. ചന്ദ്രമതി പകലത്തെ പണികളെല്ലാം ഒരുക്കി സന്ധ്യക്ക് മകൻെറ വരവ് നോക്കിക്കൊണ്ടു നില്ക്കും. കുട്ടി വരുവാൻ കുറച്ചു വൈകിപ്പോയാൽ അമ്മയ്ക്കുണ്ടാകുന്ന പരിഭ്രമവും വ്യസനവും അവാച്യമാണ്. ഇങ്ങിനെ ഒരു പതിവായി.

അതിനിടയിൽ ഒരു ദിവസം കുട്ടികളെല്ലാംകൂടി കാട്ടിൽനിന്നു വിറകു ചുമന്നു വരികയായിരുന്നു. വഴി നടന്നു ക്ഷീണിച്ചതുകൊണ്ട് അവർ ചുമടു താഴത്തിറക്കി ഒരാലിൻെറ ചുവട്ടിലിരുന്നു വിശ്രമിച്ചു. അവിടെ അടുത്ത് ഒരിടത്തു നല്ല സൌരഭ്യമുള്ള പുഷ്പങ്ങൾ നില്ക്കുന്നുണ്ടായിരുന്നു. ലോഹിതാക്ഷൻ അതു കണ്ട് "ഈ പൂവ്വ് കുറെ കൊണ്ടുപോയാൽ സ്വാമിക്കു പൂജചെയ്യാൻ കൊള്ളാം" എന്നു വിചാരിച്ച് അതറുക്കുവാൻ ചെന്നു. അതറുക്കുന്നതിടയിൽ, പുഷ്പസൌരഭ്യംകൊണ്ട് വന്നിരുന്ന ഒരു ക്രൂരൻ പാമ്പ് കുമാരനെ ദംശിച്ചു.

“ഹാ ദൈവമേ” എന്നു നിലവിളിച്ചുംകൊണ്ടു ബാലൻ പിന്നോക്കം ഓടി. നാലഞ്ചടി ചെന്നപ്പോഴേക്കും നാഡികൾ തളൎന്നു നിലത്തു വീണു. കൂട്ടുകാരായ കുട്ടികൾ നിലവിളി കേട്ടു പാഞ്ഞെത്തിയപ്പോഴേക്കു കുട്ടിക്കു കഷ്ടിച്ചു സംസാരിക്കാൻ മാത്രമേ കഴിയൂ എന്നായിരുന്നു. ലോഹിതാക്ഷൻ പറഞ്ഞു—“സ്നേഹിതന്മാരെ! എന്റെ കഥ അവസാനിക്കാറായി. ഇതാ ഒരു വലിയ സൎപ്പം എന്നെ കടിച്ചു. എന്റെ ദേഹം കുഴയുന്നു. നിങ്ങൾ ചെന്നു എന്റെ പ്രിയപ്പെട്ട അമ്മയോടു എന്റെ മരണവൎത്തമാനം പറയണം” ഇത്രയും പറഞ്ഞപ്പോഴേക്കു കുട്ടിക്കു സംസാരിക്കുവാൻ വയ്യാതായി. അല്പസമയത്തിന്നുള്ളിൽ ബാലൻ ചരമഗതിയെ പ്രാപിക്കയും ചെയ്തു. കൂട്ടുകാർ വേഗം അവിടെനിന്നു പോയി.

അന്നു സന്ധ്യക്കു പതിവായ സമയത്തു മകൻ കാട്ടിൽനിന്നു വരാഞ്ഞതു കണ്ടു ചന്ദ്രമതി പല ചിന്തകൾക്കും വശംവദയായി അവൻ വരേണ്ടുന്ന വഴിയിലേക്കു നോക്കിക്കൊണ്ടു അക്ഷമയായി നില്ക്കുകയായിരുന്നു. അപ്പോൾ അവരുടെ വലത്തേ കണ്ണു വിറക്കുകയും വലത്തേ തുട എളുകുകയും ചെയ്തു. എന്തൊരാപത്താണീശ്വരാ ഇതു സൂചിപ്പിക്കുന്നതു എന്നു വിചാരിച്ചു പൂൎവ്വാധികം വ്യസനിക്കുമ്പോൾ ഒരു മരക്കൊമ്പത്തുനിന്നു കാലങ്കോഴി “പൂവ്വാ, പൂവ്വാ” എന്നു ശബ്ദിക്കുവാൻ തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ വനത്തിലേക്കു പോയിരുന്ന കുട്ടികൾ വന്നു “അമ്മേ! നിങ്ങളുടെ മ

കൻ പുഷ്പറിക്കുമ്പോൾ പാമ്പുകടിച്ചു മരിച്ചുപോയി" എന്നിങ്ങിനെ ഇടിത്തിയ്ക്കു തുല്യമായ വർത്തമാനം അറിയിച്ചു. അതോടുകൂടി നിർഭാഗ്യയായ ആ അബല ഇടിവെട്ടേററ മരംപോലെ നിശ്ചേഷ്ടയായി ഭൂമിയിൽ വീണു.

കുറെ കഴിഞ്ഞപ്പോൾ തന്റേടമുണ്ടായി എഴുന്നേററ് ആ ദുഃഖവാർത്ത പറഞ്ഞ കുട്ടികളോടു തന്റെ കുട്ടി എവിടെയാണു കിടക്കുന്നതെന്നു ചോദിച്ചതിന്നു "ഇവിടെനിന്നു കുറെ ദൂരം പോയാൽ ഒരാൽവൃക്ഷം കാണാം. അതിന്റെ അടുത്ത് വടക്കുഭാഗത്തു ദർഭപടർന്നു നില്ക്കുന്നുണ്ട്. അതിന്നു സമീപത്താണ് കുമാരൻ മരിച്ചു കിടക്കുന്നത്" എന്നു പറഞ്ഞു. അതു കേട്ട് ചന്ദ്രമതി വാവിട്ടു കരഞ്ഞും മാറത്തടിച്ചും ഹതവിധിയെ പഴിച്ചും തന്റെ യജമാനനായ ബ്രാഹ്മണന്റെ അരികത്തു ചെന്നു താണു വണങ്ങി അറിയിച്ചു.

ചന്ദ്ര — സ്വാമി! എന്റെ കുട്ടി കാട്ടിൽനിന്നു വിറകും കൊണ്ടു വരുമ്പോൾ വിഷംതീണ്ടി മരിച്ചുപോയി. എനിക്കങ്ങോട്ടൊന്നു പോകാനനുവദിക്കണം.

ബ്രാഹ്മ — (പരുഷസ്വരത്തിൽ) അതുകൊണ്ടെനിക്കല്ലേടി നഷ്ടം! കഷ്ടം! പശുക്കളെ നോക്കാനെങ്കിലും കൊള്ളാമെന്നു കരുതി പറഞ്ഞ വിലകൊടുത്തു ഞാനവനെ വാങ്ങി. പണത്തിന്നു പലിശയോ മുട്ടിയിരുന്നില്ല. ഇപ്പോൾ ഉള്ള മുതലും പോയി. എന്തു ചെയ്യാം! പോ, നിന്റെ പണിനോക്ക്.

ചന്ദ്ര — (നെടുവീൎപ്പിട്ട്) ഞാനിവിടത്തെ അടിമയാണെങ്കിലും എന്റെ കുട്ടി മരിച്ചുപോയതായി കേട്ടാൽ ശവമെങ്കിലും ഒന്നു കാണ്മാൻ ഈ പെററ തള്ളക്കു തോന്നാതിരിക്കുമോ? ഞാൻ പോയി ശവം മറവുചെയ്തു നേരം പുലരുന്നതിന്നുമുമ്പെ വരാം. ഇവിടെ പണിയൊന്നും ബാക്കിയില്ല. പോകാനനുവാദം തരണം.

ഇങ്ങിനെ ചന്ദ്രമതി വളരെ താണപേക്ഷിച്ചപ്പോൾ ബ്രാഹ്മണൻ "സൂൎയ്യോദയത്തിന്നു വരാമെന്നുള്ളതുണ്ടെങ്കിൽ പൊയ്ക്കോ? നാളെ ഇവിടെ ഒട്ടേറെ പണികളുണ്ട്. ഒരു നിമിഷം താമസിച്ചുപോകരുത്, കിട്ടോ" എന്നു കല്പിച്ചു പോകാനനുവദിച്ചു.

പിന്നെ ചന്ദ്രമതിയുടെ വ്യസനത്തോടുകൂടിയ പോക്കിനെ വിവരിക്കുവാൻ ആരെക്കൊണ്ടും ആവില്ല. ധാരയായി ഒഴുകുന്ന കണ്ണുനീരാൽ ദേഹം നനഞ്ഞും, തലമുടി കെട്ടഴിഞ്ഞും, വഴിക്കു കാൽ വഴുതിവീണും, പിടഞ്ഞെഴുനേററും, അയ്യോ ഉണ്ണി എന്നു നിലവിളിച്ചും ആ കുട്ടികൾ പറഞ്ഞ ആൽവൃക്ഷത്തിന്റെ അടുത്തുചെന്നു കുമാരന്റെ മൃതശരീരം കണ്ടു. കണ്ട ഉടനെ മോഹാലസ്യപ്പെട്ടു നിലത്തു വീണു. കുറെ കഴിഞ്ഞ് എഴുനേററ് മൃതശരീരത്തെ മടിയിൽവെച്ച് വിലാപം തുടങ്ങി —

"അയ്യോ! നശിച്ചഹോരാജ്യവുംദ്രവ്യവും
അയ്യോ! പ്രിയതമൻതാനുംപിരിഞ്ഞുപോയ്

അയ്യോ! കഠിനമടിമയായുംതീൎന്ന
പൊയ്യല്ലൊരുപൈതലുള്ളതുംനഷ്ടമായ്
എന്നെനീസംസ്കരിക്കേണ്ടവനല്ലയോ
നന്നതത്രാവുമെന്നിലോൎച്ചത്തുനീ
പത്തുമാസംചുമന്നത്തലെറപ്പെട്ട
പെറൊറാരെന്നെത്ത്യജിച്ചെങ്ങുപോയോമനേ"

ഇങ്ങിനെ വളരെ വിലപിച്ചതിന്നു ശേഷം "എൻെറ കൎമ്മം ആർ തടുക്കുന്നു! ഏതായാലും ഇവനെ ശ്മശാനത്തിൽ കൊണ്ടുചെന്നു സംസ്കരിക്കുകതന്നെ" എന്നുറച്ച് പുത്രൻെറ മൃതദേഹവുംകൊണ്ട് കല്ലും മുള്ളും നിറഞ്ഞ വഴിയിൽക്കൂടെ പോയി ഭയങ്കരമായ ചുടലക്കളത്തിലേക്കു തിരിച്ചു. ബ്രാഹ്മണൻെറ ഗൃഹത്തിൽനിന്നു പോയതിൽപിന്നെ ഈശ്വരനല്ലാതെ യാതൊരു പ്രാണിയും ചന്ദ്രമതിക്കു തുണയുണ്ടായിട്ടില്ല.

കണ്ണിൽ കുത്തിയാലറിയാത്ത കൂരിരുട്ടത്ത് കയ്യിൽ കുമാരൻെറ ശവവുമെടുത്ത് ശ്മശാനത്തിലേക്കു തിരിച്ച ചന്ദ്രമതി, ഭൂതപ്രേതപിശാചങ്ങളുടെ സഞ്ചാരത്തേയും പ്രകൃതിയുടെ ക്രൂരതയേയും ഭയപ്പെടാതെ, ശവങ്ങളുടെ ദുൎഗ്ഗന്ധംകൊണ്ടും ചണ്ഡാലന്മാരുടെ വികൃതശബ്ദങ്ങളെകൊണ്ടും കത്തിക്കനലായിക്കിടക്കുന്ന തീയ്യുകൊണ്ടും ശ്മശാനസ്ഥലത്തെ അറിഞ്ഞ് ഒരുവിധം അവിടെ ചെന്നുചേൎന്നു. അവിടെയുള്ള ചുടലകളിൽ കാണപ്പെട്ട വിറകുകളുടെ നഷ്ടശിഷ്ടങ്ങൾ പെറുക്കിക്കൂട്ടി അതുകൊണ്ടൊരു ചെറിയ ചിത നിൎമ്മിച്ച് അതിന്മേൽ കുട്ടി

യുടെ ശവവും വെച്ച് ചന്ദ്രമതി തീ കത്തിക്കുവാൻ ആരംഭിച്ചു.

ചുടലക്കാരന്റെ വാദം.

ഈ സമയത്ത് ചുടലക്കാരനായ ഹരിശ്ചന്ദ്രൻ, ഏതോ ഒരാൾ അനുവാദം കൂടാതെ ശവം സംസ്കരിക്കുന്നതായി മനസ്സിലാക്കി അവിടെ ചെന്നു നോക്കി ചുടലമുപ്പനുള്ള അവകാശം തരാതെ ദഹിപ്പിക്കാൻ വെച്ച ശവത്തെ ഹരിശ്ചന്ദ്രൻ കാൽകൊണ്ടു തട്ടി ആ സ്ത്രീയോട് കുപിതനായിപ്പറഞ്ഞു—"നിങ്ങൾ ആരാണ്? ചുടലപ്പണവും കൊള്ളിപ്പുടവയും അരിയും തരാതെ ഇവിടെ ആരും ശവം ദഹിപ്പിക്കുവാൻ പാടില്ല. ആദ്യം അതു തരിക. പിന്നെ തീ കത്തിക്കാം."

ചന്ദ്ര—(കരഞ്ഞുംകൊണ്ട്) ഞാൻ അനാഥയായ ഒരു സ്ത്രീയാണേ! എന്റെ ഏകപുത്രൻ വിഷംതീണ്ടി മരിച്ചുപോയി. ഞാൻ ഈ ദിക്കുകാരിയല്ലാത്തതുകൊണ്ട് ഇവിടുത്തെ സമ്പ്രദായം അറിവില്ല. ദേഷ്യപ്പെടരുത്.

ഹരി—അതുകൊണ്ടു തരക്കേടൊന്നുമില്ല. അവകാശങ്ങൾ തന്നാൽ ശവം ദഹിപ്പിക്കാം.

ചന്ദ്ര—എന്റെ കയ്യിൽ യാതൊന്നുമില്ല. ഞാൻ ഒരു ബ്രാഹ്മണഗൃഹത്തിൽ വേലക്കാരിയാണ്. വല്ലതും വകയുണ്ടെങ്കിൽ യാതൊരു തുണയും കൂടാതെ ഈ ഇരുട്ടത്ത് ഞാൻ തന്നെ ഇതിന്നു വരുമോ? ദയചെയ്ത് ഇതു സംസ്കരിക്കാനനുവദിക്കണം.

ഹരി—(ദയയോടെ)അമ്മേ, ഞാനെന്തു ചെയ്യട്ടെ. ചുടലപ്പണവും കൊള്ളിപ്പുടവയും ചുടലമൂപ്പന്നുള്ളതാണ്. അത് അങ്ങോട്ടു കൊടുത്തയക്കണം. അതു കൂടാതെ ദഹിപ്പിക്കുവാൻ നിവൃത്തിയില്ല. അരി എനിക്കു ഭക്ഷണത്തിന്നുള്ളതാകയാൽ നിങ്ങളുടെ കഷ്ടാവസ്ഥയറിഞ്ഞ് അതു ഞാൻ വിട്ടുതരാം.

ചന്ദ്ര—അങ്ങിനെ പറയരുതേ! ഈശ്വരൻകൂടി തുണയില്ലാത്ത ഈ അനാഥയുടെ പേരിൽ ദയ തോന്നണേ!

ഈ അവസരത്തിൽ ഹരിശ്ചന്ദ്രൻ ഒരു ചൂട്ടു കുളുത്തി ആ സ്ത്രീയുടെ മുഖത്തു നോക്കി. അവർ അന്യന്മാരുടെ അടിമയായിത്തീൎന്നതോടുകൂടി മുഖത്തിന്റെ നിറവും ആകൃതിയും വ്യത്യാസപ്പെട്ടിരുന്നതുകൊണ്ട് അന്യോന്യം ആളെ മനസ്സിലായില്ല. ചൂട്ടു രണ്ടുമൂന്നു പ്രാവശ്യം മിന്നി അതിന്റെ വെളിച്ചത്തിൽ ആ സ്ത്രീയുടെ ദേഹം സൂക്ഷിച്ചുനോക്കി ഹരിശ്ചന്ദ്രൻ പിന്നേയും പറഞ്ഞു—"നിങ്ങൾ നല്ല സൂത്രക്കാരിയാണ്. കയ്യിൽ ഒന്നുമില്ലെന്നു പറഞ്ഞതു കളവാണ്. നിങ്ങളുടെ കഴുത്തിൽ ഒരു താലിയല്ലേ കിടക്കുന്നത്. അതു ഒളിച്ചുവെച്ച് എന്നെ തോല്പിക്കാൻ ശ്രമിക്കയാണല്ലേ? അതു പാടില്ല. പണവും വസ്ത്രവും ഇല്ലെങ്കിൽ അതിന്നു പകരം ആ താലി തന്നേക്കിൻ."

ചുടലക്കാരൻ പറഞ്ഞ ഈ വാക്കുകൾ കേട്ടപ്പോൾ സ്ത്രീ മോഹാലസ്യപ്പെട്ടു ഭൂമിയിൽ വീണു. മോഹം തെളിഞ്ഞതിന്നുശേഷം വിലാപം തുടങ്ങി

“നിശ്ചയംശ്രീഹരിശ്ചന്ദ്രനാലല്ലാതെ
ദൃശ്യമല്ലാത്തമംഗല്യസൂത്രത്തിനെ
കഷ്ടമൊരുനിഷാദനുകാണ്മാനിട-
കിട്ടിയോദുസ്സഹമാഹന്തസങ്കടം!
മുല്ലബാണാരിതിരുവുള്ളമോടന്നു
ചൊല്ലിയദിവ്യരഹസ്യവാക്യമിദം
ചൊല്ലേറുമിദ്ദിശിഞാൻവന്നപിബദ്ധം
കള്ളമായിട്ടുഭവിച്ചുവോദൈവമേ!
കഷ്ടമിന്നുംഹാരമ്യത്തിശിവനിലും
ശ്രേഷ്ഠനോ! ഹന്തവിശ്വാമിത്രനാംമുനി.”

ചന്ദ്രമതി തുടൎന്നു —

“ഭൂപതിവിററുകളഞ്ഞു, മഹീസുരൻ
കോപമോടേറെയുപദ്രവവുംചെയ്തു;
ഒററയായെൻറതുണയ്ക്കുകൂടെപ്പോന്ന
കററക്കുമാരനുംഹാസൎപ്പദഷ്ടനായ്;
എന്തിരുന്നാലുംപതിവ്രതാധൎമ്മമെ-
ന്നൊന്നെനിക്കുണ്ടുമഹാൎഘമാകുംധനം;
ആയതുംകൂടിയപഹരിച്ചീടുവാ-
നായോതുടങ്ങുന്നഹാഹാഹതവിധേ!”

ഈ വിലാപത്തിൽനിന്നു ഹരിശ്ചന്ദ്രനു കാൎയ്യമെല്ലാം മനസ്സിലായി. തൻെറ കുമാരൻ മരിച്ചുപോയതും കുടുംബിനിക്ക് ഈ വിധം സങ്കടം സംഭവിച്ചതും വിചാരിച്ച് അദ്ദേഹത്തിൻെറ ഹൃദയത്തിൽ അവൎണ്ണനീയങ്ങളായ പല പല വികാരങ്ങൾ മിന്നൽവേഗത്തിൽ പാ

ഞ്ഞുകൊണ്ടിരുന്നു. എങ്കിലും സ്ഥിരപ്രതിഷ്ഠിതമായ ധൎമ്മബോധം അവയെയെല്ലാം ജയിച്ച് മേലേ നിന്നു. അദ്ദേഹം ചന്ദ്രമതിയോടു പറഞ്ഞു—"ഭവതി ചാരിത്രശുദ്ധിയെപ്പററി ശങ്കിക്കേണ്ട. ആ മഹാപാപിയായ ഹരിശ്ചന്ദ്രൻ ഞാൻതന്നെയാണ്" ഇങ്ങിനെ പറഞ്ഞതിൽപിന്നെ ശുക്രൻ ധനം ചോദിച്ചതു മുതൽ താൻ വീരബാഹുവിൻെറ ഭൃത്യനായി ചുടലയിൽ വന്നതുവരെയുള്ള സകല വൎത്തമാനങ്ങളും അറിയിച്ചു. എന്നിട്ടു പറഞ്ഞു—"എന്തുതന്നെയായാലും സത്യം കൈവിട്ടുകൂടാ, എൻെറ സ്വാമിയായ വീരബാഹുവിൻെറ അവകാശം കൊടുക്കാതെ ശവദാഹം അസാദ്ധ്യമാണ്. അതുകൊണ്ട് ഭവതി പോയി ഭവതിയുടെ സ്വാമിയായ ബ്രാഹ്മണനോടു വിവരം പറഞ്ഞ് ഒരു പണവും മുണ്ടും വാങ്ങി വരണം."

ഇതുകേട്ട് ചന്ദ്രമതി കുട്ടിയുടെ മൃതദേഹം അവിടെത്തന്നെ വെച്ച് ബ്രാഹ്മണഗൃഹത്തിലേക്കു പുറപ്പെട്ടു. പല പല സങ്കടങ്ങൾകൊണ്ടു മനസ്സു തളൎന്നിട്ടുണ്ടെങ്കിലും ചാരിത്രശുദ്ധിയെപ്പററിയ സംശയം തീൎന്നതുകൊണ്ട് അല്പം ഒരു സമാധാനം തോന്നി. അതുകൊണ്ടാണ് ആ അവസരത്തിൽ അവിടെനിന്നു പോകുവാൻ അതു സാധിക്ക ശക്തിയുണ്ടായത്. ചന്ദ്രമതി പോയതിൽ പിന്നെ ഹരിശ്ചന്ദ്രൻ തൻെറ മൃതനായ കുമാരൻെറ അരികത്തിരുന്നു വ്യസനം സഹിക്കാതെ വിലപിച്ചുകൊണ്ടിരുന്നു.

## ചന്ദ്രമതി ബന്ധനത്തിലായത്.

"ആപത്തു വരുമ്പോൾ കൂട്ടത്തോടെ" എന്നുണ്ടല്ലൊ. ചന്ദ്രമതിയുടെ ആപത്ത് ഇത്രയൊക്കെയായിട്ടും അവസാനിച്ചില്ല. അവർ ബ്രാഹ്മണഗൃഹത്തിലേക്കു പോകുമ്പോൾ അവക്കു പിണഞ്ഞ മറെറാരാപത്ത് ഇതിലും ഭയങ്കരമായിരുന്നു. ആ രാത്രിയിൽ കാശിരാജാവിൻെറ പുത്രനെ ചില കള്ളന്മാർ കഴുത്തു ഞെക്കി കൊന്ന് അയാളുടെ ദേഹത്തിലുള്ള പണ്ടങ്ങളെല്ലാം അഴിച്ചുകൊണ്ടുപോയി. ആ കുട്ടിയെ കള്ളന്മാർ കൊന്നിട്ടുള്ള വഴിയിൽക്കൂടെയാണ് ചന്ദ്രമതി പോയത്. വഴിയിൽ ഒരു കുട്ടി മരിച്ചുകിടക്കുന്നതു കണ്ട്, കാഴ്ചയിൽ തൻെറ കുട്ടിയുടെ വലുപ്പത്തിലുള്ള ആ കുട്ടിയുടെ ശവം തൻെറ കുമാരൻേറതുതന്നെയാണെന്നവക്കു തോന്നി. ശവം ദഹിപ്പിക്കാതിരുന്നാൽ പ്രേതാദികൾ എടുത്തുകൊണ്ടുപോകുമെന്നു കേട്ടിട്ടുള്ളതുകൊണ്ട്, തൻെറ കുട്ടിയുടെ ശവംതന്നെ ചുടലയിൽനിന്നു ഭൂതങ്ങൾ എടുത്തുകൊണ്ടുവന്നതാണെന്നവർ തീച്ചപ്പെടുത്തി. ചന്ദ്രമതിയുടെ തൽക്കാലത്തെ മനസ്ഥിതി വിചാരിച്ചാൽ അങ്ങിനെ തോന്നിയതിൽ ആശ്ചര്യമില്ല. ഏതായാലും ഈ സംശയം തീരാതെ പോവുകവയ്യ എന്നു വിചാരിച്ച് അവർ അടയാളവും നോക്കിക്കൊണ്ട് ആ ശവത്തിന്നരികെ ഇരുന്നു. അപ്പോഴക്ക് കാശിരാജാവിൻെറ ഭൃത്യന്മാർ, കാണാതെപോയ രാജകുമാരനെ തിരഞ്ഞുംകൊണ്ട് ചൂട്ടും പന്തവുമായി ആ വഴി

യെ വന്നെത്തി. വഴിയിൽ അവരുടെ രാജകുമാരൻെറ മൃതദേഹവും അതിന്നരികെ ചന്ദ്രമതിയേയും കണ്ടു. പിന്നെ സംശയിക്കുവാനുണ്ടോ? "ഇതാ മഹാപാപി! ഉണ്ണിത്തമ്പുരാനെ കൊന്ന് തിരുവാഭരണങ്ങളെല്ലാം എടുത്തിരിക്കുന്നു. പിടിക്കിൻ ഈ കൊലപാതകിയെ" എന്നു പറഞ്ഞ് അവർ ചന്ദ്രമതിയെ പിടികൂടി പ്രഹരിച്ചു. ചന്ദ്രമതിക്ക് ഇനി മരിക്കുകതന്നെയാണ് ഭേദമെന്നു തോന്നി. "ആരാണെടീ രാജകുമാരനെ കൊന്നത്" എന്നവർ ചോദിച്ചതിന്നു ചന്ദ്രമതി "ഞാൻ കുട്ടികളെ കൊന്നു സഞ്ചരിക്കുന്ന ഒരു രാക്ഷസിയാണെന്നു നിങ്ങൾ ധരിച്ചുവല്ലൊ. ജീവനില്ലാത്ത കുട്ടിയെ എൻെറ മടിയിൽ കാണുകയും ചെയ്തു. ഈ സ്ഥിതിക്ക് ഞാനല്ലാ ഇതു ചെയ്തതെന്നു പറയാമോ? പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ" എന്നാണ് സമാധാനം പറഞ്ഞത്. നേരം പുലരുന്നതിന്നു കുറെസമയം മുമ്പുതന്നെ കുമാരൻെറ ശവത്തോടുകൂടി ചന്ദ്രമതിയെ രാജഭൃ

[illegible]

മ്പുതന്നെ വിവരം ബോധിപ്പിക്കയും ചെയ്തു.

ചന്ദ്രമതിയുടെ വധശിക്ഷ.

അന്നു കാശിരാജാവ് ആസ്ഥാനസഭയിൽ വന്ന സമയം കോവിലകത്തുണ്ടായ ഭയപരിഭ്രമങ്ങൾക്ക് ഒരു കയ്യും കണക്കുമില്ലായിരുന്നു. രാജഭൃത്യന്മാർ ചന്ദ്രമതിയെ കുമാരൻെറ ശവത്തോടുകൂടി ഹാജരാക്കിച്ചു. രാജാവ് "ആരാണ് ബാലനെ കൊന്നത്" എന്നു

ചോദിച്ചതിന്നു ഭൃത്യന്മാർ "ഇതാ ഈ നില്ക്കുന്ന മഹാപാപിയായ സ്ത്രീയാണ്" എന്നു ബോധിപ്പിച്ചു. രാജാവ് "നീ കുട്ടിയെ കൊന്നുവോ" എന്നു ചോദിച്ചപ്പോൾ ചന്ദ്രമതി "പുത്രനെ ഞാൻ കൊന്നുവെന്നായി ഇവർ പറയുന്നതു കേട്ടു. എന്റെ കയ്യിൽ ശവം കാണുകയും ചെയ്തു. ഇനി അങ്ങിനെയല്ലെന്നു പറയുവാനാരാണ്? ഞാൻ മനുഷ്യരെ കൊന്നുതിന്നുന്ന ഒരു രാക്ഷസിയാണ്. ഞാനാണ് കൊന്നത്" എന്നു പറഞ്ഞു. ഇങ്ങിനെ പറഞ്ഞാൽ തനിക്കു മരണം വരുമെങ്കിൽ വലിയ ഭാഗ്യമായി എന്നു വിചാരിച്ചാണ് അവർ തന്നെ ഞാൻ കുററക്കാരിയാണെന്നു ബോധിപ്പിച്ചത്.

ഈ വാക്കുകേട്ട് രാജാവ് ആ സ്ത്രീയെ ആപാദചൂഡം ഒന്നു നോക്കി പിന്നെ മന്ത്രിയോടു പറഞ്ഞു. "മന്ത്രിസത്തമ! ഇവൾ പറഞ്ഞതു കേട്ടില്ലേ? കൊലക്കുററത്തെ ഇവൾ പെട്ടന്നു സമ്മതിക്കുന്നതുകൊണ്ടു മാത്രം അതു വിശ്വസിച്ചുകൂട. കഠിനമായ ദുഃഖംകൊണ്ടും അതു വരാവുന്നതാണ്. ഇവളെ കണ്ടാലും ഇവളുടെ ഒച്ച കേട്ടാലും ഇവളൊരു രാക്ഷസിയാണെന്നും വധസ്വഭാവമുള്ളവളാണെന്നും തോന്നുന്നില്ല. അതുകൊണ്ട് വേറെ വല്ല തെളിവും വേണ്ടിയിരിക്കുന്നു" ഇതു കേട്ട് രാജഭൃത്യന്മാർ "വേറെ തെളിവുണ്ട്. ഇവൾ കുട്ടിയെ കൊന്നുപോയ കാൽച്ചുവടിന്റെ അടയാളം ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്" എന്നു പറഞ്ഞു. രാജാവ്, ആ അടയാളം എടുത്തതു ശരിയാണോ എന്നറിവാനായി മ

ന്ത്രിയെ അയച്ചു പരിശോധിപ്പിക്കയും, മന്ത്രി കൊണ്ടു വന്ന അടയാളവും ഭൃത്യന്മാർ ഹാജരാക്കിയ അടയാളവും ഒന്നായി കണ്ടപ്പോൾ അതു ചന്ദ്രമതിയുടെ അടിയുമായി തട്ടിച്ചുനോക്കുകയും, ചന്ദ്രമതി കുററം ചെയ്തുവെന്നു കണ്ട് ആ സ്ത്രീയെ വെട്ടിക്കൊല്ലുവാൻ വിധിക്കുകയും ചെയ്തു.

ആ നഗരത്തിലെ കൊലയാളിത്തലവൻ വീരബാഹു എന്ന ചണ്ഡാലനാണ് കൊലക്കുററം ചെയ്തവരെ നഗരത്തിന്നു പുറത്തുള്ള ശ്മശാനത്തിൽ കൊണ്ടുപോയി കൊല്ലേണ്ടതു വീരബാഹുവിൻെറ കൃത്യമാണ്. അതിന്നു ചില അവകാശങ്ങളും പദവികളുമെല്ലാം വീരബാഹുവിന്നുണ്ട്. രാജസചിവന്മാർ ഈ വീരബാഹുവിനെ തിരുമുമ്പാകെ കൊണ്ടുവന്നു. വീരബാഹു തൻെറ പുതിയ ശ്മശാനാദ്ധ്യക്ഷനായ ഹരിശ്ചന്ദ്രനേയും കൂട്ടിക്കൊണ്ടുവന്നു. വിവരം പറഞ്ഞ് ചന്ദ്രമതിയെ വെട്ടിക്കൊൽവാൻ കല്പിക്കയും വെട്ടുന്നതിന്നുള്ള വാൾ കല്പിച്ചുകൊടുക്കുകയും ചെയ്ത് കുററക്കാരിയെ അവൻെറ കയ്യിൽ ഏല്പിച്ചു. അവനാകട്ടെ ആ കർമ്മം നടത്തുവാൻ ഹരിശ്ചന്ദ്രനെ ഏല്പിച്ച് പുള്ളിയോടുംകൂടി വാൾ ഹരിശ്ചന്ദ്രൻെറ കയ്യിൽ കൊടുത്തു. പുള്ളിയെ കെട്ടുന്നതിന്നായി ഒരു കയറും കൊടുത്തു. ഹരിശ്ചന്ദ്രൻ എടത്തെ കൈകൊണ്ട് ചന്ദ്രമതിയെ കയറിട്ടു പിടിച്ച് വലത്തെ കയ്യിൽ അവളെ വെട്ടാനുള്ള വാളുമായി ശ്മശാനസ്ഥലത്തേക്കു നടന്നു

അപ്പോഴക്കം നേരം പ്രഭാതമായി. ഹരിശ്ചന്ദ്രന്റെ ഘോരദുരിതങ്ങളെന്നപോലെ അന്ധകാരം അകന്നു. ചന്ദ്രവംശജയായ ചന്ദ്രമതിയുടെ സങ്കടം കാണ്മാൻ വയ്യെന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറ് ചന്ദ്രൻ മാഞ്ഞു. തന്റെ വംശാലങ്കാരമായ ഹരിശ്ചന്ദ്രനോട് അന്യായം പ്രവത്തിക്കുന്നതാരാണ് എന്നു കരുതി കുപിതനായിട്ടോ എന്നു തോന്നുമാറ് രക്തനിറത്തോടുകൂടി സൂൎയ്യദേവനും ഉദിച്ചു. മഹാജനങ്ങൾ വിവരം അറിഞ്ഞ് സംഭ്രമത്തോടുകൂടി അങ്ങുമിങ്ങും നടന്നുതുടങ്ങി.

ഹരിശ്ചന്ദ്രൻ ചന്ദ്രമതിയേയുംകൊണ്ട് ശ്മശാനത്തിലേക്കു പോകുമ്പോൾ ചന്ദ്രമതി ചാഞ്ചല്യം കൂടാതെ പറഞ്ഞു—"പ്രഭോ! അങ്ങയുടെ കൈകൊണ്ടു മരണം ഭവിക്കാനിടയായത് എനിക്കു വലിയ ഭാഗ്യമാണ്. സ്വധൎമ്മരക്ഷയ്ക്കുവേണ്ടി പലവിധം കഷ്ടതകൾ അനുഭവിച്ച പൂൎവ്വപിതാമഹന്മാരുടെ മഹത്വമോൎത്ത് അങ്ങുന്ന് സത്യരക്ഷയ്ക്കായി നിസ്സംശയം എന്നെ വധിച്ചുകൊൾക. ഈ ജന്മം ഇങ്ങിനെ കഴിഞ്ഞു; ഇനിയത്തെ ജന്മത്തിലെങ്കിലും നമുക്കു സുഖമായിരിക്കാം."

അല്പസമയത്തിനുള്ളിൽ ശ്മശാനത്തിലെത്തി. ഹരിശ്ചന്ദ്രൻ മനസ്സുറപ്പിച്ച്, ചന്ദ്രമതി പറഞ്ഞതായ സ്വധൎമ്മം നിൎവ്വഹിപ്പാൻ ഒരുങ്ങുകയും ചെയ്തു.

## എട്ടാമദ്ധ്യായം

### ദേവന്മാരുടെ സാന്നിദ്ധ്യം.

ഹരിശ്ചന്ദ്രൻ ചന്ദ്രമതിയെ വെട്ടാനൊരുങ്ങിയ സമയം ദേവലോകത്തിൽ നാരദാദിമഹർഷിമാരോടു കൂടിയിരിക്കുന്ന ദേവേന്ദ്രനോടു വസിഷ്ഠൻ പറഞ്ഞു— "ഹേ വാസവ! ഹരിശ്ചന്ദ്രന്റെ സത്യം ഇതാ തെളിയുവാൻപോകുന്നു. വിശ്വാമിത്രൻ ചെയ്ത വഞ്ചനകളെക്കൊണ്ടു അനേക സങ്കടങ്ങളനുഭവിച്ച ഹരിശ്ചന്ദ്രൻ തന്റെ ഭാര്യയെ തന്റെ കൈകൊണ്ടു വെട്ടുക എന്ന കഠിനകർമ്മവുംകൂടി സത്യത്തിന്നുവേണ്ടി ചെയ്യാനൊരുങ്ങിയിരിക്കുന്നു. ഇതോടുകൂടി അദ്ദേഹത്തിന്റെ ആപത്തുകൾ അവസാനിക്കും. നമുക്കതു കാണ്മാൻ പോവുക" ഇങ്ങിനെ വസിഷ്ഠൻ പറഞ്ഞപ്പോൾ ദേവേന്ദ്രൻ മുതലായ ദേവന്മാരും, ഗന്ധർവ്വന്മാർ, സിദ്ധന്മാർ, വിദ്യാധരന്മാർ മുതലായവരും, നാരദൻ തുടങ്ങിയ മഹർഷിമാരുംകൂടി അവിടെ സന്നിഹിതരായി. കാശീനഗരത്തിലെ അന്തരിക്ഷം അദൃശ്യമൂർത്തികളായ ദേവന്മാരെക്കൊണ്ടു നിറഞ്ഞു.

### വിശ്വാമിത്രന്റെ അവസാനക്കയ്യ്.

എടത്തെ കയ്യിൽ പാശബദ്ധയായ ചന്ദ്രമതിയും വലത്തെ കയ്യിൽ അവളെ വെട്ടുവാനുള്ള വാളുമായി ഹരിശ്ചന്ദ്രൻ ശ്മശാനത്തിലെത്തിയപ്പോൾ വിശ്വാമിത്രൻ അവിടെ പ്രത്യക്ഷനായി ഇങ്ങിനെ പറഞ്ഞു—

"ഹേ ഹരിശ്ചന്ദ്ര! അങ്ങ് എന്തൊരു മൂഢതയാണ് പ്രവൎത്തിക്കുവാൻ ഭാവിക്കുന്നത്. ഇതേവരെ അനവധി സങ്കടങ്ങൾ അനുഭവിച്ചു. ഇപ്പോൾ അനുഭവിക്കുവാൻ പോകുന്നത് അതിലൊക്കെ കഠിനമായതാണ്. ഇതെല്ലാം അനുഭവിക്കുന്നതു വാക്കു മാററുവാൻ വയ്യെന്നുള്ള ശാഠ്യംകൊണ്ട് മാത്രമാകുന്നു. എനിക്കു രാജ്യം ദാനംചെയ്തിട്ടില്ലെന്നു പറയുകമാത്രം ചെയ്താൽ ഈ ആപത്തുകളെല്ലാം ഞാൻ ഒഴിച്ചുതരാം. അങ്ങിനെ ചെയ്കയാണു നല്ലത്."

ഇങ്ങിനെയുള്ള മഹൎഷിയുടെ വാക്കുകേട്ട് ഹരിശ്ചന്ദ്രൻ മറുവടി പറഞ്ഞു—"തിരുവടി ഇതെന്തു മൂഢതയാണു പറയുന്നത്! സത്യമല്ലാതെ ഞാൻ പറകയില്ലെന്നു പല തവണയും പറഞ്ഞിട്ടുണ്ടല്ലോ. പിന്നേയും എന്നോട് അസത്യം പറയുവാനായി ഇവിടുന്നുപദേശിക്കുന്നതിൽ വ്യസനിക്കുന്നു. സത്യരക്ഷയ്ക്കായി എന്തു ക്രൂരകൎമ്മങ്ങൾ ചെയ്വാനും എനിക്കു മടിയില്ല. ഹരിശ്ചന്ദ്രനെ ഇവിടുന്നു മാറി അറിയാറാകേണ്ട." ഇപ്രകാരമുള്ള ഹരിശ്ചന്ദ്രൻെറ ദൃഢനിശ്ചയത്തെ ഇളക്കുവാൻ ഒരുവിധത്തിലും സാധിക്കയില്ലെന്നു കണ്ട്, വിശ്വാമിത്രൻ ഇച്ഛാഭംഗത്തോടും ലജ്ജയോടുംകൂടി അവിടെനിന്നു അന്തൎദ്ധാനംചെയ്തു. അപ്പോൾ ദേവേന്ദ്രൻ വിശ്വാമിത്രനെ തൻെറ അടുക്കൽ വിളിച്ച് "ഇരിക്കട്ടെ വിശ്വാമിത്രാ! ഹരിശ്ചന്ദ്രൻെറ സത്യം തീൎച്ചയാകട്ടെ" എന്നു പറഞ്ഞു. വിശ്വാമിത്രൻ ഏററവും ലജ്ജയോടുകൂടി അവിടെ ഇരുന്നു.

## ചന്ദ്രമതിയെ ഹരിശ്ചന്ദ്രൻ വെട്ടിയത്.

വിശ്വാമിത്രൻ മറഞ്ഞതിന്നശേഷം ഹരിശ്ചന്ദ്രൻ ചന്ദ്രമതിയെ കിഴക്കോട്ടു തിരിച്ചുനിൎത്തി അവളോടു ഈശ്വരനെ ധ്യാനിപ്പാൻ ഉപദേശിച്ചു. അതുപ്രകാരം ചന്ദ്രമതി സൎവ്വചരാചരാത്മാവായ സൎവ്വേശ്വരനെ ധ്യാനിച്ചും തന്റെ ജീവിതനാഥനായ ഭൎത്താവിനെ ഭക്തിയോടുകൂടി സ്മരിച്ചും യാതൊരു കുലുക്കവും കൂടാതെ നിലകൊണ്ടു. ഉടനെ ഹരിശ്ചന്ദ്രൻ,

> "പരമശിവൻ സൎവ്വേശ്വരനും ശിവവാക്യം സത്യവും സൎവ്വോൽകൃഷ്ടമായ ധൎമ്മവുമാണെങ്കിലും, അങ്ങിനെയുള്ള സത്യത്തെ ഞാൻ തെറ്റിക്കാതിരുന്നിട്ടുണ്ടെങ്കിലും, ചന്ദ്രമതി ബാലവധം ചെയ്തിട്ടില്ലെങ്കിലും ഈ വെട്ടുകൊണ്ടു ഇവൾ മരിക്കാതിരിക്കട്ടേ"

എന്നു ത്രികരണശുദ്ധിയോടുകൂടി പറഞ്ഞ് അവളുടെ കണ്ഠത്തിൽ അതിശക്തിയോടെ ഒരു വെട്ടുവെട്ടി. അപ്പോഴത്തെ അവസ്ഥ അത്യത്ഭുതമെന്നേ പറയേണ്ടു. ആ ഖഡ്ഗാഘാതം ചന്ദ്രമതിയുടെ കണ്ഠത്തിൽ ഒരു പുഷ്പമാലയായി കാണപ്പെട്ടു. എന്നുതന്നെയല്ല, ആ മഹതിയുടെ പരിശുദ്ധമായ പാതിവ്രത്യശക്തിയാൽ, അതേവരെ മലിനവൎണ്ണയായിരുന്നതു പോയി, അവൾ ഊതിക്കഴിച്ച തങ്കത്തകിടുപോലെ മനോഹരമായ വ

ൎന്നതോടുകൂടിയും കാണപ്പെട്ടു. തദവസരത്തിൽ ആ കാശത്തുനിന്നു ആ ദമ്പതിമാരുടെ ശിരസ്സിൽ പുഷ്പവൃഷ്ടിയും പതിച്ചു.

## ദേവന്മാരും ത്രിമൂൎത്തികളും പ്രത്യക്ഷമായതു്.

ഈ സമയത്തു്, ആകാശത്തിൽ അദൃശ്യന്മാരായി സ്ഥിതിചെയ്തിരുന്ന ഇന്ദ്രാദി ദേവന്മാരും വസിഷ്ഠനാരദാദികളായ മഹൎഷിമാരും ആ ശ്മശാനത്തിൽ പ്രത്യക്ഷീഭവിച്ചു. പരമശിവൻ ശ്രീപാൎവ്വതീസമേതനായി ഗണപതിയോടും സുബ്രഹ്മണ്യനോടുംകൂടി വൃഷഭാരൂഢനായും, താപിഞ്ഛവൎണ്ണനായ മഹാവിഷ്ണു ലക്ഷ്മീദേവിദേവിയോടും ഭൂമിദേവിയോടുംകൂടി ശംഖചക്രഗദാപത്മപാണിയായി ഗരുഡാരൂഢനായും, പ്രജാപതിയായ ബ്രഹ്മാവു് സരസ്വതീദേവിയോടുകൂടി ഹംസാരൂഢനായും അവിടെ പ്രത്യക്ഷമായി. നാരദൻ മഹതിയെന്ന വീണയിൽ "സാംബസദാശിവ സാംബസദാശിവ" എന്നു കൎണ്ണാനന്ദകരമായി ഗാനംചെയ്തു. ഗന്ധൎവ്വന്മാർ സംഗീതംകൊണ്ടു ത്രിമൂൎത്തികളെ സ്തുതിച്ചു. അപ്സരഃസ്ത്രീകൾ നൃത്തം തുടങ്ങി. അതേവരെയുണ്ടായിരുന്ന സന്താപമെല്ലാം പോയി ആ സ്ഥലത്തു് അപരിമിതമായ ഒരാനന്ദത്തിന്റെ പരിപൂൎണ്ണരൂപം കാണുമാറായി. അക്കൂട്ടത്തിൽ ഒരിടത്തു് ഇതിനെല്ലാം ഹേതുഭൂതനായ വിശ്വാമിത്രമഹൎഷി വിവൎണ്ണവദനനായും ഉത്സാഹശൂന്യനായും സ്ഥിതിചെയ്തു.

## ഹരിശ്ചന്ദ്രന്റെ സ്തുതി.

ബ്രഹ്മാദികളായ ത്രിമൂൎത്തികളെ പ്രത്യക്ഷമായി കണ്ടപ്പോൾ ഹരിശ്ചന്ദ്രൻ സന്തോഷസാഗരത്തിൽ നിമഗ്നനായിട്ടു സ്തുതിച്ചു---

നമോസ്തുലോകത്രയസൃഷ്ടികൎത്രേ
നമോസ്തുലോകസ്ഥിതികാൎയ്യകൎത്രേ
നമോസ്തുലോകത്രയനാശകൎത്രേ
നമോസ്തുമൂൎത്തിത്രയരൂപധൎത്രേ.
കഴിഞ്ഞജന്മങ്ങളിൽഞങ്ങൾചെയ്തോ-
രൊഴിഞ്ഞിടാത്തുള്ളൊരുപുണ്യമൂലം
വഴിഞ്ഞമോദത്തൊടുഹന്തകാണ്മാൻ-
കഴിഞ്ഞുനിങ്ങൾക്കടയോരുരൂപം.
ഇതിൽപ്പരംഭാഗ്യമിനിബ്ഭവിപ്പാൻ-
കൊതിപ്പതി,ല്ലിബ്ഭവദീയരൂപം
മതിക്കകംതോന്നണമെന്നു,മെന്നാൽ-
മതിത്രിലോകാധിപരേ!ത്രികാലം

അനന്തരം ചന്ദ്രമതിയും സ്തുതിച്ചു —

സരസ്വതീദേവി!നമസ്തുവേദ-
സരസ്സരസ്വത്സുമനോജ്ഞരൂപേ!
സ്ഫുരന്നവശ്രീഭരമിപ്പദാംബുജം
പരംസദാചേതസിതോന്നണംമമ.
ധനാത്മികേഭാൎഗ്ഗവി!നിൻപാദാംബുജ
മനാരതംചേതസിതോന്നണംമമ
അനാകുലംതൽസ്മരണംജനങ്ങൾ-

ക്കനാവിലൈശ്വര്യനിദാനമല്ലോ.
ഭവാനി! ഭർഗ്ഗാർദ്ധശരീരരൂപേ!
ദിവാനിശംനിൻപദമാശ്രയംമേ
നവാമൃതാദ്വൈതദമാമതല്ലോ
ഭവാബ്ധ്യഘോരാർണ്ണവകർണ്ണധാരൻ

മരിച്ചവർ ജീവിച്ചത്.

ഇപ്രകാരം ഇവർ സ്തുതിച്ചപ്പോൾ സൌമംഗല്യദേവതയായ ശ്രീപാർവ്വതീദേവി ചന്ദ്രമതിയെ തൃക്കൈകൊണ്ടു തലോടി അവരുടെ പാതിവ്രത്യനിഷ്ഠയെ ശ്ലാഘിച്ച് അനുഗ്രഹിച്ചു. അനന്തരം ശ്രീസുബ്രഹ്മണ്യൻ, മൃതിപ്പെട്ടുകിടക്കുന്ന ലോഹിതാക്ഷനേയും കാശിരാജപുത്രനേയും തൃക്കൈകൊണ്ടു തലോടി വിളിക്കയും, അവർ രണ്ടുപേരും ഉറക്കമുണർന്നാലത്തെപ്പോലെ എഴുന്നേൽക്കുകയും ചെയ്തു. ഇതുകണ്ട് കാണികളെല്ലാം "അത്ഭുതം, അത്യത്ഭുതം" എന്നു ഘോഷിച്ചു. ചന്ദ്രമതിയും ഹരിശ്ചന്ദ്രനും ആനന്ദസാഗരത്തിൽ മഗ്നരായി

വിശ്വാമിത്രന്റെ ജയഫലം.

അനന്തരം പരമശിവൻ, ലജ്ജകൊണ്ടു മുഖം താഴ്ത്തി നിൽക്കുന്ന വിശ്വാമിത്രമഹർഷിയോടരുളിച്ചെയ്തു "ഹേ മുനിസത്തമ! അങ്ങു ഹരിശ്ചന്ദ്രനെ ചെയ്തതെന്തെല്ലാമാണെന്ന് ഒട്ടും മറയ്ക്കാതെ ഈ സഭയിൽ പറയുക" അപ്പോൾ വിശ്വാമിത്രൻ, മുമ്പു ദേവസഭയിൽവെച്ച് വസിഷ്ഠനുമായുണ്ടായ വാദവും, അതിനുശേഷം ഹരിശ്ചന്ദ്രനോടു കപടമായി യാഗദ്രവ്യം അപേക്ഷിച്ച വാ

ങ്ങിയതും, പിന്നെ മൂഷികവൎഗ്ഗങ്ങളെക്കൊണ്ടു് അതു നശിപ്പിച്ചതും, ഹിംസ്രമൃഗങ്ങളെ സൃഷ്ടിച്ചതും, ഹരിശ്ചന്ദ്രന്റെ രാജ്യം നശിപ്പിച്ചതും, ചണ്ഡാലികളെ സൃഷ്ടിച്ചതും, രാജ്യം ദാനംവാങ്ങിയതും, തന്നിമിത്തം ഹരിശ്ചന്ദ്രനെ നാട്ടിൽനിന്നോടിച്ചു് അനവധി സങ്കടങ്ങളനുഭവിപ്പിച്ചതും മററും വിസ്തരിച്ചു പറഞ്ഞു. അതെല്ലാം കേട്ടു് ഭഗവാൻ വീണ്ടും അരുളിച്ചെയ്തു — "വിശ്വാമിത്രമഹൎഷേ! ഹരിശ്ചന്ദ്രൻ അങ്ങു വരുത്തിക്കൂട്ടിയ അനൎത്ഥങ്ങളെല്ലാം അനുഭവിച്ചുവെങ്കിലും സത്യത്തെ ലേശംപോലും തെററിച്ചില്ലല്ലോ. ഇപ്പോൾ ജയിച്ചതാരാണു്? അങ്ങോ വസിഷ്ഠനോ?"

വിശ്വാമിത്രൻ പറഞ്ഞു — "പ്രഭോ! തിരുവടി അരുളിച്ചെയ്തതുപോലെയാണു് കാൎയ്യം. എനിക്കുള്ള സൎവ്വശക്തികളും ഉപയോഗിച്ചു് ഹരിശ്ചന്ദ്രനെ ഞാൻ പരീക്ഷിച്ചുനോക്കി; പക്ഷേ ഫലമൊന്നുമുണ്ടായില്ല. എത്ര ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടും അദ്ദേഹം അണുമാത്രം തെററിയില്ല. ഹരിശ്ചന്ദ്രനു ഞാൻ അനുഭവമാക്കിയ ദുഃഖങ്ങളിൽ ഓരോന്നും സാധാരണ സത്യസന്ധന്മാരെയൊക്കെ തെററിക്കുവാൻ മതിയായവയാണു്. അതിലൊന്നും പതറാതെയാണു ഇദ്ദേഹം പ്രവൎത്തിച്ചതു്. രാജ്യംപോയി; ഭാൎയ്യയേയും പുത്രനേയും വിററു; ആത്മാവിനെ ചണ്ഡാളനു വിററു; ചുടലക്കാരനായിപ്പാൎത്തു; പുത്രൻ മരിച്ചു; പോരാത്തതു തന്റെ ഭാൎയ്യയെ തന്റെ കൈകൊണ്ടു തന്നെ വധിക്കേണ്ട ഘട്ടവുമായി. ഈ ഓ

രോ ഘട്ടങ്ങളിലും ഞാൻ നേരിട്ടോ ആൾമുഖേനയോ ഹരിശ്ചന്ദ്രനോടു അസത്യം പറവാൻ നിർബ്ബന്ധിച്ചു. അതിനുവേണ്ടി എല്ലാ ഉപായങ്ങളും ഞാൻ പ്രയോഗിച്ചു. എന്നിട്ടും ഇദ്ദേഹം ആദ്യം പറഞ്ഞ വാക്കു മാറുകയോ അധർമ്മം പ്രവർത്തിക്കയോ ചെയ്തില്ല. ഇതുപോലെ സത്യവാനായിട്ടു് ത്രൈലോക്യത്തിൽ വേറെ ആരുമില്ലെന്നു തീർച്ചയാണു്. വസിഷ്ഠമഹർഷി തന്നെയാണു വാദത്തിൽ ജയിച്ചതു്. ഞാൻ തീരെ പരാജിതനാകയുംചെയ്തു. ഹരിശ്ചന്ദ്രനെഞാൻഇത്രയൊക്കെകഷ്ടപ്പെടുത്തിയതിൽ വസിഷ്ഠനൊന്നിന്തിരുവടിക്കോ വിരോധം തോന്നരുതെന്നും എന്റെ അപരാധം ക്ഷമിക്കണമെന്നും അപേക്ഷയുണ്ടു്. ശുദ്ധഹൃദയനും, സത്യരക്ഷയ്ക്കായുള്ള കഷ്ടാനുഭവത്തെ സ്വധർമ്മമായി കരുതുന്നവനുമായ ഹരിശ്ചന്ദ്രമഹാരാജാവു് എന്റെ അപരാധത്തെ ക്ഷന്തവ്യമായി കരുതുമെന്നു് എനിക്കുറപ്പുണ്ടു്. ദേവസഭയിലെ നിശ്ചയപ്രകാരം എന്റെ ചിരസഞ്ചിതമായ തപസ്സിന്റെ പാതി ഫലവും ഹരിശ്ചന്ദ്രനിൽനിന്നപഹരിച്ച രാജ്യവും ഐശ്വര്യവും ഞാനിതാ ഹരിശ്ചന്ദ്രനു നൽകുന്നു. അദ്ദേഹം അതു സ്വീകരിക്കട്ടെ."

ഹരി—(വിശ്വാമിത്രനോടു്) നിന്തിരുവടി തരുവാൻ സമ്മതിച്ച തപസ്സിന്റെ ഫലം എന്റെ ഗുരുവായ വസിഷ്ഠമഹർഷിയുടെ കല്പനയുള്ള പക്ഷം ഞാൻ സ്വീകരിക്കാം. എന്നാൽ, ഞാൻ നിന്തിരുവടിക്കു ദാനം ചെയ്തതായ രാജ്യത്തെ വീണ്ടും സ്വീകരിച്ചു് ദത്താപഹാരപാപത്തെ ഞാനനുഭവിക്കയില്ല. അങ്ങിനെ വേണമെന്നു് ഇവിടുന്നു കല്പിക്കരുതു്.

വിശ്വാ — ഹേ മഹാരാജാവേ! ഞാൻ രാജ്യം വാങ്ങിയതു പരീക്ഷാത്ഥമായിട്ടു മാത്രമാണ്. എനിക്കു രാജ്യത്തിൽ തെല്ലുപോലും ആശയില്ല. പതിനായിരം വഷം തപസ്സുചെയ്ത് ബ്രഹ്മഷിപദം സമ്പാദിച്ച ഞാൻ ആ വലിയ പദവിയെ കൈവിട്ട് 'രാജഷി' എന്ന സ്ഥാനം സ്വീകരിക്കുമോ? രാജ്യപരിപാലനത്തിന്നുള്ള അറിവും അഹ്തയും അങ്ങേക്കുതന്നെയാണുള്ളത്.

ഹരി — (കുണ്ഠിതഭാവത്തിൽ) ഞാൻ എന്റെ പട്ടമഹിഷിയേയും സ്ഥാനാവകാശിയായ കുമാരനേയും വിററുകളഞ്ഞു. പോരാത്തതു ഒരു ചണ്ഡാലന്ന് അടിമയായും തീന്നു. ഈവക അകൃത്യങ്ങൾ പ്രവത്തിച്ചിട്ടു പിന്നെ പരിശുദ്ധമായ രാജസിംഹാസനത്തിൽ — അതുതന്നെ ഒരു മഹഷിക്കു ദാനംചെയ്തതിൽ — വീണ്ടും ഇരിപ്പാൻ അഹ്തയില്ല. അതു പ്രജകൾ സമ്മതിക്കുമോ?

അഗ്നിഭഗവാൻ പ്രത്യക്ഷമായത്.

---

ഈ ഘട്ടത്തിൽ അഗ്നിഭഗവാൻ പ്രത്യക്ഷനായി ഇങ്ങിനെ പറഞ്ഞു—"പരമശിവസ്വാമി! ഹരിശ്ചന്ദ്രൻ ഭായ്യയെ വിൽക്കും എന്നു തീച്ചയാക്കിയപ്പോൾ പതിവ്രതാരത്നമായ ചന്ദ്രമതിയുടെ പാതിവ്രത്യത്തിന്നും ധമ്മത്തിന്നും മാലിന്യം ഭവിക്കരുതെന്നു വിചാരിച്ച് ഞാനാണു ബ്രാഹ്മണവേഷം ധരിച്ച് ചന്ദ്രമതിയേയും കുമാരനേയും വാങ്ങിയത്. എന്റെ ഗൃഹത്തിലാണവർ പാത്തിരുന്നത്. ഇതിൽ എന്താണ് അധമ്മമുള്ളത്" എന്നു പറഞ്ഞ് അഗ്നിഭഗവാൻ, ഹരിശ്ചന്ദ്രന്റെ സ്വഹസ്താക്ഷരത്തിൽ, ഭായ്യാപുത്രന്മാരെ വിൽക്കുമ്പോൾ എഴുതിത്തന്നതായ വിക്രയപത്രം ശിവന്റെ മുമ്പിൽ വെച്ചു.

## യമൻ പ്രത്യക്ഷമായത്.

ഇതിനെ തുടൎന്നു യമധൎമ്മരാജാവും ശിവന്റെ മുമ്പിൽ വന്നു ഇങ്ങിനെ ബോധിപ്പിച്ചു-- സ്വാമിൻ! എനിക്കും ചിലതു തിരുമുമ്പാകെ ബോധിപ്പിക്കുവാനുണ്ടു്. ഹരിശ്ചന്ദ്രന്നു ചണ്ഡാലദാസ്യം സംഭവിക്കാൻ പോകുന്നതായിക്കണ്ടു്, ധൎമ്മാത്മാവായ അദ്ദേഹത്തെ അശുദ്ധമാക്കാതെ കഴിക്കുവാനായി ഞാനാണു് ചണ്ഡാലവേഷം ധരിച്ചു് ഇദ്ദേഹത്തെ വാങ്ങിയതു്. ഇദ്ദേഹം പാൎത്തിരുന്ന സ്ഥലം അശുദ്ധമായ ചുടലക്കാടല്ല; ഇതു പരിശുദ്ധമായ യാഗശാലയാണു്. ഇതാ ഇതിദ്ദേഹം എഴുതിത്തന്ന പത്രമാണു്" ഇങ്ങിനെ പറഞ്ഞു് ഹരിശ്ചന്ദ്രനിൽനിന്നു കിട്ടിയ വിക്രയപത്രം തിരുമുമ്പാകെ സമൎപ്പിച്ചു.

## ഒരത്ഭുതം.

അഗ്നിഭഗവാനും യമധൎമ്മരാജാവും സമൎപ്പിച്ച പത്രങ്ങൾ ശ്രീപരമേശ്വരൻ എടുത്തു് ഹരിശ്ചന്ദ്രന്റെ കയ്യിൽ കൊടുത്തു. ആ പത്രങ്ങൾ താൻ മുൻപറഞ്ഞ ബ്രാഹ്മണന്നും ചണ്ഡാലന്നും തന്റെ കയ്യക്ഷരത്തിൽ എഴുതിക്കൊടുത്തിരുന്നവയാണെന്നു കണ്ടു. അപ്പോളുണ്ടായ സന്തോഷംപോലെ ഒരു സന്തോഷവും കൃതാൎത്ഥതപോലെ ഒരു കൃതാൎത്ഥതയും ഹരിശ്ചന്ദ്രന്നു ഈ ജന്മത്തിൽ ഉണ്ടായിട്ടില്ല. പത്രം വായിച്ചുകഴിഞ്ഞപ്പോളുണ്ടായ അത്ഭുതം വാചാമഗോചരംതന്നെയായിരുന്നു. അപ്പോൾ,

ചുടലക്കളമതു യജനസ്ഥലമായ്,
വിടപികൾ യാഗസ്തംഭങ്ങളായി,
പിണമതിലുയരും പുകയഥ നെയ്യിൻ
മണമിയലുന്നൊരു ഹോമപ്പുകയായ്

ചത്തശവങ്ങളെരിച്ചെഴുമഗ്നിയു-
മദ്ധ്വരമതിലെത്രേതാഗ്നികളായ്,
എല്ലുകൾ ദർഭകളായും വിറകുകൾ
നല്ലൊരു ചമതകളായും തീൎന്നു.
അട്ടഹസിച്ചതിമത്തപിശാച-
ക്കൂട്ടമഹോ മുനിനികരവുമായി!
ശവമെരിയുന്നൊരു ചടചടനിനദം
ശ്രവണാമൃതമാം വേദധ്വനിയായ്,
ചത്തശവങ്ങളുമത്യാശ്ചൎയ്യം
ശുദ്ധപശുപ്രകരങ്ങളുമായി.

ഇങ്ങിനെ കണ്ടപ്പോൾ ശുദ്ധഹൃദയനായ ഹരിശ്ചന്ദ്രനുണ്ടായിരുന്ന സംശയങ്ങളെല്ലാം തീൎന്നു. അദ്ദേഹം പ്രസന്നവദനനായി ഭവിച്ചു. അനന്തരം ഭഗവാൻ ഹരിശ്ചന്ദ്രന്റെ സത്യനിഷ്ഠയെ വളരെ ശ്ലാഘിച്ച് അദ്ദേഹത്തെ അനുഗ്രഹിച്ച് ഇങ്ങിനെ അരുളിച്ചെയ്തു-- "ഹേ ഹരിശ്ചന്ദ്ര! യാതൊരു സംശയവും കൂടാതെ അയോദ്ധ്യയിൽ പോയി രാജ്യപട്ടാഭിഷേകം ചെയ്ത് അനവധികാലം സുഖഭോഗങ്ങൾ അനുഭവിച്ചാലും. പിന്നെ രാജ്യഭാരം പുത്രങ്കൽ ഏല്പിച്ച് അവസാനം എന്റെ പദത്തെ പ്രാപിച്ചാലും." ഇപ്രകാരം കല്പിച്ച് ഭഗവാൻ ദേവേന്ദ്രനോട് ഹരിശ്ചന്ദ്രന്റെ പട്ടാഭിഷേകം വിധിപ്രകാരം നടത്തിക്കൊടുക്കുവാനരുളിച്ചെയ്തു മറഞ്ഞു. ബ്രഹ്മാവും വിഷ്ണുവും മററുള്ളവരും അന്തൎദ്ധാനവും ചെയ്തു.

## ഹരിശ്ചന്ദ്രപട്ടാഭിഷേകം.

ശ്രീപരമേശ്വരന്റെ കല്പനപ്രകാരം ദേവേന്ദ്രൻ

മുതലായവരും വസിഷ്ഠനാരദാദികളായ മഹർഷിമാരും ഹരിശ്ചന്ദ്രനോടും പരിവാരങ്ങളോടുംകൂടി അയോദ്ധ്യയിലേക്കു ഒരു ഘോഷയാത്രയായി പോയി പട്ടാഭിഷേകത്തിന്നു ശ്രമിച്ചു. കാശിയിലെ ശ്മശാനസ്ഥലത്തുതന്നെ ഹരിശ്ചന്ദ്രനോടുകൂടിയുണ്ടായിരുന്ന സത്യകീർത്തി അഭിഷേകസംഭാരങ്ങളെല്ലാം ഒരുക്കി. പുരവാസികൾ ആഹ്ലാദഭരിതരായി നഗരവും രാജധാനിയും കമനീയമായി അലങ്കരിച്ചു. ബ്രാഹ്മണരുടെ വേദധ്വനിയും, വൈദികന്മാരുടെ മന്ത്രധ്വനിയും, വൈതാളികന്മാരുടെ ഗാനസമ്മിളിതമായ സ്തുതിയും, വേശ്യാസ്ത്രീകളുടെ സംഗീതധ്വനിയും, ഇടകലർന്ന ആ രംഗത്തിൽ ശുഭമുഹൂർത്തത്തിൽ ദേവേന്ദ്രൻ, ഗംഗാനദിയിലെ പാവനജലംകൊണ്ടു് സിംഹാസനസ്ഥന്മാരായ ചന്ദ്രമതീഹരിശ്ചന്ദ്രന്മാരുടെ ശിരസ്സിൽ അഭിഷേകകർമ്മം നടത്തി. ആ അവസരത്തിൽ വസിഷ്ഠമഹർഷി,

ഹരിശ്ചന്ദ്ര! ഭവത്സത്യ-
ധർമ്മമാംകനകോപലം
പൂർവ്വാധികംവിളങ്ങുന്നു
വിശ്വാമിത്രാഗ്നിതപ്തമായ്.

ഭവാനുഭവ്യമമലം
ഭവിപ്പൂതാകമേലിലും
സർവ്വസൗഭാഗ്യഭാഗ്യങ്ങൾ
വർദ്ധിപ്പൂതാകസർവ്വദാ

എന്നിങ്ങിനെ അനുഗ്രഹിച്ചു. എല്ലാവരും യഥാസ്ഥാനം ഗമിക്കുകയും ചെയ്തു.

ശുഭം.

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| ശ്രീകൃഷ്ണലീലകൾ | 1 — |
| വിവേകാനന്ദസ്വാമികൾ ജീവചരിത്രം | 1 — |
| റിച്ചേർഡ് സിംഹം | 1 — |
| ധ്രുവൻ | 0 — |
| പ്രഹ്ലാദൻ | 0 — |
| ഹരിശ്ചന്ദ്രൻ | 0 — |
| ശ്രീകൃഷ്ണദൂത് | 0 - 1 |
| ജയരാജൻ 2 ഭാഗം | 2 — |
| ഉൎവ്വശി | 0 — |
| സാഹിത്യകൌസ്തുഭം | 0 — |
| പ്രാചീനഭാരതം | 0 — |
| മേല്പുത്തൂർ ഭട്ടതിരി | 0 — |
| പ്രബന്ധഭൂഷണം | 0 — |
| വസന്തസേന | 0 — |
| നീതിശാസ്ത്രരത്നങ്ങൾ | 0 — |
| സരസശ്ലോകങ്ങൾ | 1 — |
| ശൃംഗാരതിലകം | 0 — |
| ശ്രീകൃഷ്ണകൎണ്ണാമൃതം | 0 - 1 |
| ഭജനസ്തോത്രമഞ്ജരി | 0 — |
| സൌന്ദൎയ്യലഹരി | 0 — |
| ശിവാനന്ദലഹരി | 0 — |
| ശ്യാമളാദണ്ഡകം | 0 — |
| ഗംഗാലഹരി | 0 — |
| ശ്രീരാമകൎണ്ണാമൃതം | 0 — |
| ഇംഗ്ലീഷ് മലയാളപദമഞ്ജരി | 0 - 1 |
| കമലാബായി 2 ഭാഗം | 2 — |
| സംസ്കൃതകാവ്യപാഠാവലി | 0 - 1 |

മാനേജർ, സരസ്വതീവിലാസം പുസ്തകശാല
തൃശ്ശിവപേരൂർ TRICHUR.